# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## വേലൂര് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020

ഇ-മെയിൽ: dotsr.ksad@kerala.gov.in

ഫോൺ : 0487-2331249

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA TSR(P15)/346/2022.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 17/05/2022
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വേലൂര് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : വേലൂര് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വേലൂര് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA TSR(P15)/346/2022. തീയ്യതി: 17/05/2022

## തൃശ്ശൂർ ജില്ലയിലെ വേലൂര് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ വേലൂര് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2020 മുതൽ 05-12-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 50 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 37 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.ബിന്ദു.എസ്.നായർ | ഡെപ്യൂട്ടി ഡയറക്ടർ | 06-12-2021 | 17-12-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 06-12-2021 | 17-12-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.രാംമനോഹർ.വി.കെ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)
ശ്രീമതി.സുധ.ഇ.എൻ, അസി.ഓഡിറ്റ് ഓഫീസർ,
ശ്രീ.സുനിൽ.പി.ബി, അസി.ഓഡിറ്റ് ഓഫീസർ,
ശ്രീ.സ്റ്റാൻലി.പി.എസ്, അസി.ഓഡിറ്റ് ഓഫീസർ,
ശ്രീ.ജയൻ.വി.എസ്, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.ഷേർളി ദിലീപ് കുമാർ | പ്രസിഡന്റ് | 01-04-2020 | 10-11-2020 |
| അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | പ്രസിഡന്റ് | 11-11-2020 | 29-12-2020 |
| ശ്രീ.ഷോബി.ടി.ആർ | പ്രസിഡന്റ് | 30-12-2020 | 31-03-2021 |

| | | | |
|---|---|---|---|
| ശ്രീമതി.അനിത രാമൻ | സെക്രട്ടറി | 01-04-2020 | 04-02-2021 |
| ശ്രീ.രാധാകൃഷ്ണൻ.കെ.കെ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 05-02-2021 | 10-02-2021 |
| ശ്രീ.ശ്യാംകുമാരൻ | സെക്രട്ടറി | 11-02-2021 | 04-03-2021 |
| ശ്രീ.രാധാകൃഷ്ണൻ.കെ.കെ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 05-03-2021 | 18-03-2021 |
| ശ്രീ.സിദ്ധാർത്ഥൻ.ടി.കെ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 19-03-2021 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| സിന്ധു.സി.വി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| ഡോ.ഷിബു കുമാർ | വെറ്ററിനറി സർജ്ജൻ | 01-04-2020 | 31-03-2021 |
| ജിഷ.കെ.ജി | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2020 | 31-03-2021 |
| രശ്മി.പി.സി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 31-03-2021 |
| മേഴ്സി മാത്യു | ഹെഡ്മിസ്ട്രസ്സ് | 01-04-2020 | 15-09-2020 |
| അജിതകുമാരി | ഹെഡ്മിസ്ട്രസ്സ് | 16-09-2020 | 31-03-2021 |
| മനോജ്.എ.എൻ | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| സിജി ജോസ് | അസി.എഞ്ചിനീയർ | 01-04-2020 | 31-03-2021 |
| ഡോ.വിനീത്.വി.എൻ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി, ഇൻ-ചാർജ്ജ് | 01-04-2020 | 22-01-2021 |
| ഡോ.സെബിൻ.സി.സി | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി, ഇൻ-ചാർജ്ജ് | 23-01-2021 | 31-03-2021 |
| ലത.എം | അസി.സെക്രട്ടറി | 01-04-2020 | 15-06-2020 |
| രാധാകൃഷ്ണൻ.കെ.കെ | അസി.സെക്രട്ടറി | 16-06-2020 | 20-03-2021 |
| സിദ്ധാർത്ഥൻ.ടി.കെ | അസി.സെക്രട്ടറി (ഇൻ-ചാർജ്ജ്) | 21-03-2021 | 31-03-2021 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Ram Manohar V.K (Audit Officer (HG), On 16-03-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 18-04-2022) | 1-1 |
| 2 | ബജറ്റ് നിർദ്ദേശം സംബന്ധിച്ച പഞ്ചായത്ത് രാജ് നിയമത്തിലെയും, ചട്ടങ്ങളിലേയും വ്യവസ്ഥകളും ഗ്രാമപഞ്ചായത്തും<br>Written By: Ram Manohar V.K (Audit Officer (HG), On 16-03-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 18-04-2022) | 1-1-1 |
| 3 | ബജറ്റും ബജറ്റ് നിയന്ത്രണവും (Budget And Budgetary Control)<br>Written By: Ram Manohar V.K (Audit Officer (HG), On 16-03-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 22-04-2022) | 1-1-2 |
| 4 | വാർഷിക ധനകാര്യ പത്രിക<br>Written By: Jayan VS (Auditor, On 16-12-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 20-04-2022) | 1-2 |
| 5 | സാമ്പത്തിക വിശകലനം<br>Written By: Jayan VS (Auditor, On 16-12-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 18-04-2022) | 1-3 |
| 6 | ഫണ്ട് വിനിയോഗം<br>Written By: Jayan VS (Auditor, On 16-12-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 18-04-2022) | 1-4 |
| 7 | പദ്ധതി അവലോകനം<br>Written By: Jayan VS (Auditor, On 16-12-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 18-04-2022) | 1-5 |
| 8 | തൊഴിലുറപ്പ് പദ്ധതി<br>Written By: Jayan VS (Auditor, On 16-12-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 18-04-2022) | 1-6 |
| 9 | ക്ഷേമ പദ്ധതികൾ<br>Written By: Jayan VS (Auditor, On 16-12-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 18-04-2022) | 1-7 |
| 10 | ക്യാഷ് പരിശോധന<br>Written By: Jayan VS (Auditor, On 08-12-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 18-04-2022) | 1-8 |
| 11 | ആഭ്യന്തര നിയന്ത്രണം<br>Written By: Ram Manohar V.K (Audit Officer (HG), On 16-03-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 18-04-2022) | 1-9 |
| 12 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Jayan VS (Auditor, On 08-12-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 20-04-2022) | 1-10 |
| 13 | വാർഷിക കണക്കിലെ അപാകതകൾ<br>Written By: Sunil.P.B (Asst. Audit Officer, On 17-12-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 18-04-2022) | 1-11 |
| 14 | വാർഷിക ധനകാര്യ പത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയില്ല<br>Written By: Sunil.P.B (Asst. Audit Officer, On 17-12-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 18-04-2022) | 1-11-1 |
| 15 | വസ്തുനികുതി അക്കൗണ്ടിംഗിലെ അപാകതകൾ<br>Written By: Sunil.P.B (Asst. Audit Officer, On 17-12-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 20-04-2022) | 1-11-2 |
| 16 | കൈയ്യെഴുത്തായി സൂക്ഷിക്കുന്ന എല്ലാ വരവ് രജിസ്റ്ററുകളും ശരിയായി പരിപാലിച്ചിട്ടില്ല<br>Written By: Sunil.P.B (Asst. Audit Officer, On 17-12-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 22-04-2022) | 1-11-3 |
| 17 | പ്രൊവിഷൻ രേഖപ്പെടുത്തിയതിന്റെ രേഖകൾ പരിശോധനയ്ക്കായി ഹാജരാക്കിയില്ല<br>Written By: Sunil.P.B (Asst. Audit Officer, On 17-12-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 20-04-2022) | 1-11-4 |
| 18 | ജേണൽ വൗച്ചറുകൾ ഓഡിറ്റിന് ലഭ്യമാക്കിയില്ല<br>Written By: Sunil.P.B (Asst. Audit Officer, On 17-12-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 20-04-2022) | 1-11-5 |

| | | |
|---|---|---|
| 19 | 280000000-Prior Period Item- അംഗീകരിക്കപ്പെട്ട വൗച്ചറുകൾ ഓഡിറ്റിന് ലഭ്യമാക്കിയില്ല<br>Written By: Sunil.P.B (Asst. Audit Officer, On 17-12-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 21-04-2022) | 1-11-6 |
| 20 | കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് - സാക്ഷ്യപ്പെടുത്തുന്നില്ല<br>Written By: Sunil.P.B (Asst. Audit Officer, On 17-12-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 20-04-2022) | 1-11-7 |
| 21 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല<br>Written By: Sunil.P.B (Asst. Audit Officer, On 17-12-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 20-04-2022) | 1-11-8 |
| 22 | സ്റ്റോക്കിന്റെ ഭൗതിക പരിശോധന നടത്തി സാക്ഷ്യപത്രം രേഖപ്പെടുത്തിയിട്ടില്ല.<br>Written By: Sunil.P.B (Asst. Audit Officer, On 17-12-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 21-04-2022) | 1-11-9 |
| 23 | നിർവ്വഹണ ഏജൻസികൾക്കുള്ള മുൻകൂറുകൾ ക്രമീകരിച്ചിട്ടില്ല<br>Written By: Sunil.P.B (Asst. Audit Officer, On 17-12-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 20-04-2022) | 1-11-10 |
| 24 | Capital Work In Progress എന്ന ശീർഷകത്തിൽ ചേർത്തിരിക്കുന്ന തുകകൾ പൊരുത്തപ്പെടുന്നില്ല<br>Written By: Sunil.P.B (Asst. Audit Officer, On 17-12-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 20-04-2022) | 1-11-11 |
| 25 | കാലാവധി കഴിഞ്ഞ ചെക്കുകൾ " Liability In Respect Of Stale Cheque” എന്ന ബാധ്യത ശീർഷകത്തിലേയ്ക്ക് മാറ്റി ബാങ്ക് ബുക്ക് നീക്കിയിരിപ്പ് ക്രമീകരിച്ചിട്ടില്ല<br>Written By: Sunil.P.B (Asst. Audit Officer, On 17-12-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 05-05-2022) | 1-11-12 |
| 26 | വികസനഫണ്ട്-മണ്ണിടിച്ചിലിലും ഉരുൾപ്പൊട്ടലിലും നാശനഷ്ടം സംഭവിച്ചിട്ടുള്ള പ്രാദേശിക സർക്കാരുകൾക്ക് പ്രത്യേക വിഹിതമായി സർക്കാർ അനുവദിച്ചിരുന്ന TSPഫണ്ട് സംബന്ധിച്ച്<br>Written By: Sunil.P.B (Asst. Audit Officer, On 17-12-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 20-04-2022) | 1-11-13 |
| 27 | ഡിപ്രിസിയേഷൻ കണക്കാക്കിയതിന്റെ വർക് ഷീറ്റ്,ജേണൽ വൌച്ചർ എന്നിവ ഹാജരാക്കിയിട്ടില്ല<br>Written By: Sunil.P.B (Asst. Audit Officer, On 17-12-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 21-04-2022) | 1-11-14 |
| 28 | വോട്ടിംഗ് മെഷീൻ വാങ്ങുന്നതിന് സ്രോതസ്സിൽ നിന്ന് കുറവു ചെയ്ത തുക കണക്കിലുൾപ്പെടുത്തിയിട്ടില്ല<br>Written By: Sunil.P.B (Asst. Audit Officer, On 17-12-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 21-04-2022) | 1-11-15 |
| 29 | വാടക-മുഴുവൻ മുറികളേയും ഡിമാന്റിൽ ഉൾപ്പെടുത്തിയിട്ടില്ല.<br>Written By: Sunil.P.B (Asst. Audit Officer, On 24-03-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 21-04-2022) | 1-11-16 |
| 30 | രശീതി പരിശോധനയിൽ കണ്ട അപാകതകൾ<br>Written By: Jayan VS (Auditor, On 16-12-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 22-04-2022) | 1-12 |
| 31 | വ്യാപാരങ്ങൾക്കും വ്യവസായങ്ങൾക്കും ലൈസൻസ് നൽകൽ - അപാകതകൾ<br>Written By: Jayan VS (Auditor, On 20-12-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 21-04-2022) | 1-13 |
| 32 | തൊഴിൽ നികുതി ഈടാക്കിയതിലെ അപാകതകൾ<br>Written By: Jayan VS (Auditor, On 17-12-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 21-04-2022) | 1-14 |
| 33 | ക്വാറികളുടെ പ്രവർത്തനം - വിവരങ്ങൾ ക്രോഡീകരിക്കേണ്ടതാണ്<br>Written By: Jayan VS (Auditor, On 20-12-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 21-04-2022) | 1-15 |
| 34 | ബിൽഡിംഗ് പെർമിറ്റ് - അപാകതകൾ<br>Written By: Jayan VS (Auditor, On 20-12-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 21-04-2022) | 1-16 |
| 35 | വസ്തുനികുതി ഈടാക്കിയതിലെ അപാകതകൾ<br>Written By: Jayan VS (Auditor, On 20-12-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 21-04-2022) | 1-17 |

| | | |
|---|---|---|
| 36 | നായ്ക്കൾക്ക് ലൈസൻസ് - അപാകതകൾ<br>Written By: Jayan VS (Auditor, On 20-12-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 21-04-2022) | 1-18 |
| 37 | റോഡ് റിസ്റ്ററേഷൻ ചാർജ്ജ് ഈടാക്കിയതിലെ അപാകത<br>Written By: Jayan VS (Auditor, On 20-12-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 21-04-2022) | 1-19 |
| 38 | വാടക - അപാകതകൾ<br>Written By: Jayan VS (Auditor, On 20-12-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 21-04-2022) | 1-20 |
| 39 | ആംബുലൻസിന്റെ ലോഗ്ബുക്ക് - അപാകതകൾ<br>Written By: Jayan VS (Auditor, On 21-12-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 21-04-2022) | 1-21 |
| 40 | വയോജനങ്ങൾക്ക് കട്ടിൽ - വയസ്സ് തെളിയിക്കുന്ന രേഖ ഹാജരാക്കിയില്ല<br>Written By: Sudha.E.N (Asst. Audit Officer, On 17-12-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 21-04-2022) | 1-22 |
| 41 | സ്ട്രീറ്റ് ലൈറ്റിന്റെ വൈദ്യുതി ചാർജ്ജ് - സേവന ഉപനികുതി സാധ്യത പരിശോധിക്കേണ്ടതാണ്.<br>Written By: Sudha.E.N (Asst. Audit Officer, On 17-12-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 21-04-2022) | 1-23 |
| 42 | വാട്ടർ ചാർജ്ജ് അടവാക്കൽ - സേവന ഉപനികുതി സാധ്യത പരിശോധിക്കേണ്ടതാണ്.<br>Written By: Sudha.E.N (Asst. Audit Officer, On 17-12-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 21-04-2022) | 1-24 |
| 43 | പത്ര പരസ്യം -സർക്കാർ നിർദ്ദേശപ്രകാരമുള്ള ഡിസ്ക്കൗണ്ട് ലഭ്യമായില്ല<br>Written By: Sunil.P.B (Asst. Audit Officer, On 17-12-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 21-04-2022) | 1-25 |
| 44 | അഡ്വക്കേറ്റ് ഫീസ്-ആദായനികുതി ടി.ഡി.എസ്. ഈടാക്കിയിട്ടില്ല<br>Written By: Sunil.P.B (Asst. Audit Officer, On 17-12-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 21-04-2022) | 1-26 |
| 45 | സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായ താഴെ പറയുന്ന പ്രോജക്കുകളുടെ പൂർത്തീകരണ/വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയില്ല<br>Written By: Sunil.P.B (Asst. Audit Officer, On 17-12-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 21-04-2022) | 1-27 |
| 46 | ഗുണഭോക്താക്കൾ ധനസഹായം ആദ്യ ഗഡു കൈപ്പറ്റിയെങ്കിലും നാളിതു വരെ പ്രവൃത്തി പൂർത്തിയാക്കിയിട്ടില്ല<br>Written By: Sudha.E.N (Asst. Audit Officer, On 17-12-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 21-04-2022) | 1-28 |
| 47 | പ്രത്യേക കന്നുകുട്ടി പരിപാലനം - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്<br>Written By: Sudha.E.N (Asst. Audit Officer, On 17-12-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 21-04-2022) | 1-29 |
| 48 | പൗരാവകാശരേഖ പുതുക്കി കാലാനുസൃതമാക്കിയില്ല<br>Written By: Ram Manohar V.K (Audit Officer (HG), On 16-03-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 21-04-2022) | 1-30 |
| 49 | ഗ്രാമ പഞ്ചായത്തിലെ ദുരിതാശ്വാസ നിധി -- ചട്ടവ്യവസ്ഥകൾ പാലിക്കുന്നതിന് നടപടി ഉണ്ടാകേണ്ടതാണ്<br>Written By: Ram Manohar V.K (Audit Officer (HG), On 16-03-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 21-04-2022) | 1-31 |
| 50 | അസറ്റ് മാനേജ്മെന്റ് മാന്വൽ --- നിർദ്ദേശങ്ങൾ നടപ്പിലായില്ല<br>Written By: Ram Manohar V.K (Audit Officer (HG), On 16-03-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 21-04-2022) | 1-32 |
| 51 | മരാമത്ത് പണികൾ--പൊതുഅപാകതകൾ-സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി ആവശ്യമായ നിർദ്ദേശങ്ങൾ തേടി പരിഹരിക്കേണ്ടതാണ്<br>Written By: Ram Manohar V.K (Audit Officer (HG), On 16-03-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 21-04-2022) | 1-33 |
| 52 | മരാമത്ത് പണികൾ-- മാന്വൽ വ്യവസ്ഥകളും, ചട്ടവ്യവസ്ഥകളും, നിർദ്ദേശങ്ങളും പാലിക്കപ്പെടുന്നില്ല.<br>Written By: Ram Manohar V.K (Audit Officer (HG), On 16-03-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 21-04-2022) | 1-34 |
| 53 | നടപ്പാകാത്ത പ്രോജക്കുകൾ --- മാന്വൽ വ്യവസ്ഥകൾ പാലിക്കുന്നതിന് തുടർനടപടി | 1-35 |

| | | |
|---|---|---|
| | ഉണ്ടാകേണ്ടതാണ്.<br>Written By: Ram Manohar V.K (Audit Officer (HG), On 16-03-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 21-04-2022) | |
| 54 | ജി.എസ്.ടി നിയമപ്രകാരമുള്ള ഇൻവോയ്സ് ഹാജരാക്കാതെ ബിൽ തുക അനുവദിച്ചു.<br>Written By: Ram Manohar V.K (Audit Officer (HG), On 16-03-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 21-04-2022) | 1-36 |
| 55 | GST Compensation ഇനത്തിൽ അനർഹമായി തുക അനുവദിച്ചു നൽകി<br>Written By: Ram Manohar V.K (Audit Officer (HG), On 17-03-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 21-04-2022) | 1-37 |
| 56 | MORD സ്പെസിഫിക്കേഷൻ 800 ലെ ആവശ്യകതയേക്കാൾ കൂടുതൽ അളവിൽ Dry Aggregate ഉപയോഗിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കുന്നു - നിരക്ക് ഉയർന്ന് നിൽക്കുന്നു<br>Written By: Ram Manohar V.K (Audit Officer (HG), On 17-03-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 21-04-2022) | 1-38 |
| 57 | മമ്പറമ്പ്- പൂക്കാട്ട്മുക്ക് കുടിവെള്ളപദ്ധതി - അപാകതകൾ<br>Written By: Ram Manohar V.K (Audit Officer (HG), On 17-03-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 22-04-2022) | 1-39 |
| 58 | ചെറുകുന്ന് കോളനി കുടിവെള്ളപദ്ധതി - ലക്ഷ്യം നേടിയിട്ടില്ല<br>Written By: Ram Manohar V.K (Audit Officer (HG), On 17-03-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 21-04-2022) | 1-40 |
| 59 | മണ്ണാൻ കോളനി റോഡ് റീ ടാറിങ്ങ്, കാന പ്രവൃത്തി - കരാർ പ്രകാരമുള്ള പ്രവൃത്തി പൂർത്തീകരിക്കാൻ സ്വീകരിച്ച തുടർ നടപടികൾ അറിയിക്കേണ്ടതാണ്.<br>Written By: Ram Manohar V.K (Audit Officer (HG), On 17-03-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 21-04-2022) | 1-41 |
| 60 | കരാർ തുകയിൽ പരിമിതപ്പെടുത്താതെ കരാറുകാരന് പ്രവൃത്തിമൂല്യം അനുവദിച്ചത് ക്രമത്തിലല്ല<br>Written By: Ram Manohar V.K (Audit Officer (HG), On 17-03-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 21-04-2022) | 1-42 |
| 61 | അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിലുള്ള അക്കൗണ്ടുകളിൽ നീക്കിയിരിപ്പ്<br>Written By: Ram Manohar V.K (Audit Officer (HG), On 17-03-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 21-04-2022) | 1-43 |
| | **ഭാഗം 2** | |
| 1 | രശീതിയുടെ ഒറിജിനൽ ഇല്ലാതെ പകർപ്പ് ക്യാൻസൽ ചെയ്തതായി രേഖപ്പെടുത്തിയിരിക്കുന്നു. രശീതിയുടെ ഒറിജിനൽ പരിശോധനയ്ക്ക് ഹാജരാക്കിയില്ല<br>Written By: Ram Manohar V.K (Audit Officer (HG), On 23-03-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 21-04-2022) | 2-1 |
| 2 | ബിൽഡിംഗ് പെർമിറ്റ് - അപാകതകൾ<br>Written By: Ram Manohar V.K (Audit Officer (HG), On 24-03-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 21-04-2022) | 2-2 |
| | **ഭാഗം 3** | |
| 1 | കരാർ തുകയിൽ പരിമിതപ്പെടുത്താതെ കരാറുകാരന് പ്രവൃത്തിമൂല്യം അനുവദിച്ചതിനാൽ അധികചെലവ്<br>Written By: Ram Manohar V.K (Audit Officer (HG), On 17-03-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 21-04-2022) | 3-1 |
| 2 | ചെറുകുന്ന് കോളനി കുടിവെള്ളപദ്ധതി - കരാർ പ്രകാരമുള്ള തുകയേക്കാൾ കൂടുതൽ അനുവദിച്ചു<br>Written By: Ram Manohar V.K (Audit Officer (HG), On 17-03-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 21-04-2022) | 3-2 |
| 3 | GST Compensation ഇനത്തിൽ അനർഹമായി തുക അനുവദിച്ചു നൽകി<br>Written By: Ram Manohar V.K (Audit Officer (HG), On 23-03-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 21-04-2022) | 3-3 |
| | **ഭാഗം 4** | |
| 1 | സംയുക്തപ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Jayan VS (Auditor, On 16-12-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 21-04-2022) | 4-1 |
| 2 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരം<br>Written By: Jayan VS (Auditor, On 07-12-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 21-04-2022) | 4-2 |

| | | |
|---|---|---|
| 3 | മൊബിലൈസേഷൻ അഡ്വാൻസ് സംബന്ധിച്ച്<br>Written By: Jayan VS (Auditor, On 07-12-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 21-04-2022) | 4-3 |
| 4 | വായ്പ / വായ്പ തിരിച്ചടവ്<br>Written By: Jayan VS (Auditor, On 07-12-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 21-04-2022) | 4-4 |
| 5 | സ്ഥിര നിക്ഷേപങ്ങൾ സംബന്ധിച്ച വിവരം<br>Written By: Jayan VS (Auditor, On 07-12-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 21-04-2022) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Jayan VS (Auditor, On 07-12-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 21-04-2022) | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.<br>Written By: Jayan VS (Auditor, On 07-12-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 21-04-2022) | 4-7 |
| 8 | ചാർജ്ജ് സർചാർജ്ജ്<br>Written By: Jayan VS (Auditor, On 07-12-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 21-04-2022) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Jayan VS (Auditor, On 07-12-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 21-04-2022) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: Jayan VS (Auditor, On 07-12-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 17-05-2022) | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

ഗ്രാമ പഞ്ചായത്ത് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ 21.03.20 ലെ തീരുമാനം 1 പ്രകാരം 2020-21 വർഷത്തെ ബജറ്റ് തയ്യാറാക്കിയത് അംഗീകരിക്കുകയും ആയത് പാസ്സാക്കുന്നതിന് പഞ്ചായത്ത് കമ്മറ്റിയോട് ശുപാർശ ചെയ്യുകയും ചെയ്തു. 24.03.20ലെ ഭരണസമിതി യോഗത്തിൽ വൈസ് പ്രസിഡന്റ് കരട് ബജറ്റ് ചർച്ചകൾക്കും നിർദ്ദേശങ്ങൾക്കുമായി അവതരിപ്പിച്ചു (സകർമ്മ പ്രകാരം ലഭ്യമായ ബജറ്റ് അനുബന്ധ രേഖകൾ പ്രകാരം ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി പാസ്സാക്കിയ ബജറ്റ് എസ്റ്റിമേറ്റ് തുകകൾ അല്ല ഉൾപ്പെടുത്തി കാണുന്നത്). ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി പാസ്സാക്കിയ ബജറ്റ് എസ്റ്റിമേറ്റ് അനുസരിച്ച് മുൻബാക്കി 38,87,454.71 രൂപയും, പ്രതീക്ഷിത വരുമാനം 26,65,49,370 രൂപയും ചേർത്ത് ആകെ വരവ് 27,04,36,824.71 രൂപയും ആകെ ചെലവ് 26,69,99,061 രൂപയും നീക്കിബാക്കി 34,37,763.71 രൂപയും ആണ്. പഞ്ചായത്ത് ഭരണസമിതിയുടെ 25.03.20 ലെ തീരുമാനം 1(1) പ്രകാരം 2020-21 വർഷത്തെ ബജറ്റ് മേൽ ചേർത്ത പ്രകാരമാണ് അംഗീകരിച്ചിട്ടുള്ളത്. 15.02.21 ലെ സാധാരണ യോഗത്തിലെ തീരുമാനം 3(1) പ്രകാരം പഞ്ചായത്ത് ഭരണസമിതി (ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി 12.02.21 ലെ തീരുമാനം 1 പ്രകാരം അംഗീകരിച്ച) 2020-21 വർഷത്തെ പുതുക്കിയ ബജറ്റ് അംഗീകരിച്ചു. പുതുക്കിയ ബജറ്റ് പ്രകാരം മുൻബാക്കി 38,87,455 രൂപയും, പ്രതീക്ഷിത വരുമാനം 16,39,89,200 രൂപയും ചേർത്ത് ആകെ വരവ് 16,78,76,655 രൂപയും ആകെ ചെലവ് 16,06,41,449 രൂപയും നീക്കിബാക്കി 72,35,206 രൂപയും ആണ്.

പഞ്ചായത്ത് ബജറ്റ് തയ്യാറാക്കുന്നതിനും, പുതുക്കുന്നതിനും, പാസ്സാക്കുന്നതിനും സ്വീകരിക്കേണ്ട നിയമപരമായ ബാധ്യതകൾ എത്രത്തോളം നിർവ്വഹിച്ചു എന്ന് പരിശോധിക്കുന്നതിനാണ് ഓഡിറ്റിൽ ലക്ഷ്യമിട്ടത്.

### 1-1-1 ബജറ്റ് നിർദ്ദേശം സംബന്ധിച്ച പഞ്ചായത്ത് രാജ് നിയമത്തിലെയും, ചട്ടങ്ങളിലേയും വ്യവസ്ഥകളും ഗ്രാമപഞ്ചായത്തും

1) 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 214 വകുപ്പനുസരിച്ച് സർക്കാർ അതതു സമയങ്ങളിൽ പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്കും നിർണ്ണയിക്കപ്പെടുന്ന ചട്ടങ്ങൾക്കും വിധേയമായി 175 ാം വകുപ്പനുസരിച്ച് തയ്യാറാക്കിയതും അനുവദിച്ചതുമായ വികസന പദ്ധതികളുടെ ചെലവ് ഉൾപ്പെടെ അടുത്ത വർഷത്തേക്ക് ഉണ്ടാകാനിടയുള്ള വരവ് ചെലവുകളുടെ വിശദമായ എസ്റ്റിമേറ്റ് ഉൾക്കൊള്ളുന്ന ബഡ്ജറ്റ് നിർദ്ദേശങ്ങൾ ഓരോവർഷവും ജനവരി 15 ാം തീയതിക്കു മുൻപായി ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റികൾ സെക്രട്ടറിയും അതതു വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥൻമാരും നൽകുന്ന എസ്റ്റിമേറ്റും നിർദ്ദേശങ്ങളും പരിഗണിച്ചുകൊണ്ട് തയ്യാറാക്കേണ്ടതും അത് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിക്ക് സമർപ്പിക്കേണ്ടതുമാണ്.

ഗ്രാമ പഞ്ചായത്തിലെ വിവിധ സ്റ്റാന്റിംഗ് കമ്മറ്റികൾ അതാതിന് കീഴിൽ വരുന്ന ഉദ്യോഗസ്ഥരിൽ നിന്നും അവരവരുടെ വിഷയവുമായി ബന്ധപ്പെട്ട് വരവ് ചെലവുകളുടെ വിശദമായ എസ്റ്റിമേറ്റ് ഉൾക്കൊള്ളുന്ന ബജറ്റ് നിർദ്ദേശങ്ങൾ ആവശ്യപ്പെട്ടതായി മിനുട്സിൽ രേഖപ്പെടുത്തിയിട്ടില്ല. വിവിധ സ്റ്റാന്റിംഗ് കമ്മറ്റികൾ അതാതിന് കീഴിൽ വരുന്ന നോൺ പ്ലാൻ സംബന്ധിച്ച ബജറ്റ് നിർദ്ദേശങ്ങൾ അംഗീകരിച്ച് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിക്ക് സമർപ്പിച്ചതിന്റെ വിശദവിവരം താഴെ പട്ടികപ്പെടുത്തുന്നു.

| സ്റ്റാന്റിംഗ് കമ്മറ്റി | ശുപാർശ തീയതി | റിമാർക്സ് |
|---|---|---|
| ആരോഗ്യ വിദ്യാഭ്യാസം | ഇല്ല | - |
| വികസനം | ഇല്ല | - |
| ക്ഷേമകാര്യം | 04.02.20 | സമയപരിധികഴിഞ്ഞ് |

06.02.20 ലെ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി തീരുമാനം -5 പ്രകാരം, 2020-21 വർഷത്തെ ബജറ്റ് രൂപീകരണത്തോടനുബന്ധിച്ച് വിട്ടുകിട്ടിയ സ്ഥാപനങ്ങളുടെ പദ്ധതിയേതര ചെലവുകൾക്ക് ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റികൾ അംഗീകാരം നൽകിയത് വായിച്ച് അംഗീകരിക്കുന്നു എന്ന് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും വിവിധ സ്റ്റാന്റിംഗ് കമ്മറ്റികൾ ഇപ്രകാരം അംഗീകാരം നൽകിയതായി മിനുട്സിൽ രേഖപ്പെടുത്തിയിട്ടില്ലാത്തതാണ്. ഇതിനു പുറമെ, എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥരിൽ നിന്നും പൂർണ്ണമായും ബജറ്റ് നിർദ്ദേശങ്ങൾ ലഭിച്ചു എന്ന് ഉറപ്പാക്കത്തക്ക മറ്റ് രേഖപ്പെടുത്തലുകൾ മിനുട്സിൽ ചേർത്തിട്ടില്ലാത്തതാണ്. അതുകൊണ്ടുതന്നെ ഗ്രാമപഞ്ചായത്തിൽ ബജറ്റ് തയ്യാറാക്കിയത് ആവശ്യമായ അടിസ്ഥാനവിവരങ്ങളുടെ അഭാവത്തിലാണെന്ന് ന്യായമായും കരുതാവുന്നതാണ്.

2) ഇപ്രകാരം സമർപ്പിക്കപ്പെട്ട നിർദ്ദേശങ്ങളേയും കേരള പഞ്ചായത്ത് രാജ് നിയമത്തിലെ എല്ലാ ആവശ്യങ്ങളേയും പരിഗണിച്ചുകൊണ്ട് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി അതിൽ നിന്നും പഞ്ചായത്തിന്റെ അടുത്ത വർഷത്തേക്കുള്ള വരവ് ചെലവ് കാണിക്കുന്ന ഒരു ബജറ്റ് തയ്യാറാക്കേണ്ടതായുണ്ട്. അത് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ മാർച്ച് മാസത്തെ ആദ്യത്തെ ആഴ്ച പഞ്ചായത്ത് മുൻപാകെ അതിന്റെ പ്രത്യേക യോഗത്തിൽ അംഗീകാരത്തിനായി സമർപ്പിക്കണം. ഇപ്രകാരം ലഭിക്കുന്ന നിർദ്ദേശങ്ങൾ പഞ്ചായത്ത് പരിഗണിക്കുകയും ബജറ്റ് എസ്റ്റിമേറ്റ് ഏതു വർഷത്തെ സംബന്ധിച്ചതാണോ ആ വർഷം തുടങ്ങുന്നതിനു മുൻപായി ഭേദഗതികൾ സഹിതം പാസ്സാക്കേണ്ടതുമാണ്. ഗ്രാമ പഞ്ചായത്ത് ബജറ്റ് എസ്റ്റിമേറ്റ് ഏതു വർഷത്തെ സംബന്ധിച്ചതാണോ ആ വർഷം തുടങ്ങുന്നതിനു മുൻപായി പരിഗണിക്കുകയും പാസ്സാക്കുകയും ചെയ്തിട്ടുണ്ട്.

3) 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 71 അനുസരിച്ച് അക്രൂവൽ അടിസ്ഥാനത്തിലുള്ള ബജറ്റാണ് പഞ്ചായത്ത് തയ്യാറാക്കേണ്ടത്. ബജറ്റ് എസ്റ്റിമേറ്റിനൊപ്പം താഴെ നിർദ്ദേശിക്കുന്ന പത്രികകൾ കൂടി ഉണ്ടായിരിക്കേണ്ടതാണ്.

(I) റവന്യൂ വരുമാനം സംബന്ധിച്ച എസ്റ്റിമേറ്റ്

(Ii) റവന്യൂ ചെലവ് സംബന്ധിച്ച എസ്റ്റിമേറ്റ്

(iii) മൂലധന വരവ് സംബന്ധിച്ച എസ്റ്റിമേറ്റ്

(Iv) മൂലധന ചെലവ് സംബന്ധിച്ച എസ്റ്റിമേറ്റ്

(V) വായ്പാ തിരിച്ചടവ് സംബന്ധിച്ച എസ്റ്റിമേറ്റ്

(Vi) വായ്പകളും മുൻകൂറുകളും സംബന്ധിച്ച എസ്റ്റിമേറ്റ്

(Vii) ഡെപ്പോസിറ്റുകളും, റിക്കവറികളും സംബന്ധിച്ച എസ്റ്റിമേറ്റ്

(Viii) നിക്ഷേപങ്ങൾ സംബന്ധിച്ച എസ്റ്റിമേറ്റ്

എന്നാൽ പഞ്ചായത്ത് അംഗീകരിച്ച ബജറ്റിൽ ഡെപ്പോസിറ്റുകളും, റിക്കവറികളും സംബന്ധിച്ച എസ്റ്റിമേറ്റ്, നിക്ഷേപങ്ങൾ സംബന്ധിച്ച എസ്റ്റിമേറ്റ് എന്നിവ സംബന്ധിച്ച പ്രത്യേകം പത്രികകൾ ഉൾപ്പെടുത്തിയിട്ടില്ല.

4) ബജറ്റ് പാസ്സാക്കി കഴിഞ്ഞാലുടനെ ആയതിന്റെ പകർപ്പ് ഓഡിറ്റർമാർക്ക് നൽകേണ്ടതാണെന്ന കേരള പഞ്ചായത്ത് രാജ് നിയമം 214 (7) വകുപ്പനുസരിച്ച വ്യവസ്ഥ പാലിച്ചിട്ടില്ല.

## 1-1-2 ബജറ്റും ബജറ്റ് നിയന്ത്രണവും (Budget And Budgetary Control)

(I)പ്രതിമാസ അവലോകനം 02.12.2016 ലെ ജി.ഒ(ആർ.റ്റി) നം. 3291/16/എൽ.എസ്.ജി.ഡി ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തുകളുടെ ബജറ്റ് സംബന്ധിച്ച ഫിനാൻസ് മാനേജ്മെന്റ് മാന്വൽ സർക്കാർ അംഗീകരിക്കുകയുണ്ടായി. ഗ്രാമപഞ്ചായത്തിന്റെ ഫിനാൻസ് സ്റ്റാന്റിംഗ് കമ്മിറ്റി ബജറ്റിന്റെ മാസം തോറുമുള്ള അവലോകനം (Review), വരുമാനവും ചെലവും സംബന്ധിച്ച് മാന്വലിൽ വ്യക്തമാക്കിയ പട്ടികകൾ [(Table-കൾ ) Table 4-1, Table 4-2] പ്രകാരം വിവരം തയ്യാറാക്കി നടത്താൻ ബജറ്റ് മാന്വൽ ഖണ്ഡിക 4-3 നിഷ്കർഷിക്കുന്നു. ഇപ്രകാരമുള്ള അവലോകനം എല്ലാ മാസവും 1-ാംതീയതിക്കകം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി നിർവ്വഹിക്കേണ്ടതായിട്ടുണ്ട് [ബജറ്റ് മാന്വൽ ഖണ്ഡിക 4-4(iii)]. ഗ്രാമപഞ്ചായത്തിന്റെ എല്ലാ മാസത്തേയും വരവ് ചെലവ് കണക്കുകൾ (സാംഖ്യ പ്രകാരമുള്ളത് ) ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പരിഗണിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും (മിനട്സിൽ) മുകളിൽ വ്യക്തമാക്കിയ പ്രകാരമുള്ള മാസം തോറുമുള്ള ബജറ്റ് അവലോകനം നടന്നിട്ടില്ല. മേൽ വിവരിച്ച ഒരു മാതൃകയിൽ വരുമാനം/ചെലവ് സംബന്ധിച്ച വാർഷിക വിവരങ്ങൾ തയ്യാറാക്കി എല്ലാ വർഷവും ഏപ്രിലിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഒരു വാർഷിക അവലോകനം നിർവ്വഹിക്കേണ്ടതും തുടർന്ന് സ്റ്റാന്റിംഗ് കമ്മിറ്റി ശുപാർശകൾ സഹിതം വാർഷിക അവലോകന റിപ്പോർട്ട് ഗ്രാമപഞ്ചായത്ത് മുമ്പാകെ അവതരിപ്പിക്കേണ്ടതാണെന്ന് ബജറ്റ് മാന്വൽ ഖണ്ഡിക 4-5 വ്യക്തമാക്കുന്നു. എന്നാൽ ഗ്രാമപഞ്ചായത്ത് ഇപ്രകാരമുള്ള ഒരു ബജറ്റ് അവലോകനം (2020-21 സാമ്പത്തിക വർഷത്തെ സംബന്ധിച്ച് ) നടത്തിയിട്ടില്ല.

പ്രതിമാസമുള്ളതും, വാർഷികവുമായ റിപ്പോർട്ടുകൾ പരിഗണിച്ച് ധനസമാഹരണം സംബന്ധിച്ചും സെക്രട്ടറി അടക്കമുള്ള നിർവ്വഹണ ഉദ്യോഗസ്ഥർക്ക് ആവശ്യമായ തുടർനിർദ്ദേശം ഗ്രാമപഞ്ചായത്ത് നൽകേണ്ടതാണെന്ന് ബജറ്റ് മാന്വൽ ഖണ്ഡിക 4-5(xi) വ്യക്തമാക്കുന്നു. ഇപ്രകാരമുള്ള ഒരു ബജറ്റ് അവലോകനവും നടത്തിയിട്ടില്ല.

(Ii) അനുപൂരകമോ പുതുക്കിയതോ ആയ ബജറ്റ് 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 72 അനുസരിച്ച് ബജറ്റിൽ നിർദ്ദേശിച്ചിട്ടില്ലാത്തതോ, ബജറ്റിൽ നിർദ്ദേശിച്ചതിൽ കൂടുതലോ ആയ ചെലവ് ചെയ്യേണ്ടി വരികയാണെങ്കിൽ അത്തരം ചെലവ് ചെയ്യുന്നതിന് മുൻപ് അനുപൂരക ബജറ്റോ, പുതുക്കിയ ബജറ്റോ പഞ്ചായത്ത് അംഗീകരിക്കേണ്ടതാണ്. ഗ്രാമ പഞ്ചായത്ത് ബജറ്റ് പാസ്സാക്കി കഴിഞ്ഞ ശേഷം വിവിധ സ്റ്റാന്റിംഗ് കമ്മറ്റികൾ ശുപാർശ ചെയ്ത് അംഗീകരിച്ച തീരുമാനങ്ങൾ പ്രകാരം ബജറ്റ് പുതുക്കൽ അനിവാര്യമാകേണ്ടിയിരുന്ന ചില സന്ദർഭങ്ങൾ ചുവടെ ചേർക്കുന്നു.

22.04.20 ലെ വികസനസ്റ്റാന്റിംഗ് കമ്മറ്റി തീരുമാനം (1) പ്രകാരം, 2019-20 ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെട്ട പൂർത്തീകരിക്കാത്ത 122 പ്രോജക്ടുകൾ സ്പിൽ ഓവറായി കൊണ്ടുവരുന്നതിന് തീരുമാനിച്ചിരുന്നു. എന്നാൽ ബജറ്റ് പുതുക്കിയില്ല.

പഞ്ചായത്ത് പാസ്സാക്കിയ ബജറ്റിൽ വികസനഫണ്ട് (ജനറൽ + എസ്.സി.പി + സി.എഫ്.സി) വിഹിതമായി ചേർത്തിരിക്കുന്നത് 5,41,29,000രൂപയാണ്. എന്നാൽ സംസ്ഥാന നിയമസഭ അംഗീകരിച്ച സംസ്ഥാന ബജറ്റിന്റെ Annexure IV പ്രകാരം ഗ്രാമപഞ്ചായത്തിന്റെ വികസനഫണ്ട് വിഹിതമായി നിശ്ചയിച്ചിട്ടുള്ളത് 3,21,92,000 രൂപയാണ്. പഞ്ചായത്ത് പാസ്സാക്കിയ ബജറ്റിൽ മെയിന്റനൻസ് ഫണ്ട് വിഹിതമായി തുക പ്രത്യേകം ചേർത്തതായി കാണുന്നില്ല. എന്നാൽ സംസ്ഥാന നിയമസഭ അംഗീകരിച്ച സംസ്ഥാന ബജറ്റിന്റെ Annexure IV പ്രകാരം ഗ്രാമപഞ്ചായത്തിന്റെ മെയിന്റനൻസ് ഫണ്ട് വിഹിതമായി (റോഡ് & നോൺ റോഡ്) നിശ്ചയിച്ചിട്ടുള്ളത് 2,59,36,000 രൂപയാണ്. സംസ്ഥാന ബജറ്റ് വിഹിതമനുസരിച്ച് പ്രോജക്ടുകൾ പരിഷ്കരിച്ചപ്പോൾ ബജറ്റ് പുതുക്കേണ്ടതായിരുന്നു. എന്നാൽ ബജറ്റ് പുതുക്കിയില്ല.

മേൽ വിവരിച്ച പ്രകാരമുള്ള ബജറ്റ് നിയന്ത്രണം സംബന്ധിച്ച വ്യവസ്ഥകൾ പാലിക്കാതെയാണ് പഞ്ചായത്ത് ഭരണസമിതി 15.02.21 ൽ ചേർന്ന യോഗത്തിലെ തീരുമാനം നമ്പർ 3(1) അനുസരിച്ച് 2020-21 ലെ പുതുക്കിയ ബജറ്റ് എസ്റ്റിമേറ്റിന് അംഗീകാരം നൽകിയിട്ടുള്ളത്. 2021-22ലെ ബജറ്റ് അംഗീകാരത്തിന് പരിഗണിക്കുമ്പോൾ മാത്രം 2020-21ലെ പുതുക്കിയ ബജറ്റ് എസ്റ്റിമേറ്റിന് അംഗീകാരം നൽകിയിട്ടുള്ളത് പ്രസ്തുത സാമ്പത്തിക വർഷത്തിൽ (2020-21) ബജറ്റിൽ വകയിരുത്താത്ത തുകകൾ ചെലവ് ചെയ്യുന്നതിനുള്ള അനുമതി നൽകുന്ന പുതുക്കിയ ബജറ്റായി കണക്കാക്കാൻ പാടില്ല എന്ന് കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 72 വ്യക്തമാക്കിയിട്ടുണ്ട്.

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 73 അനുസരിച്ച് ഉചിതമായ ബജറ്റ് നിയന്ത്രണം കൈവരുത്തുന്നതിനുള്ള ഉത്തരവാദിത്തം സെക്രട്ടറിക്കും, നിർവ്വഹണ ഉദ്യോഗസ്ഥനും അക്കൌണ്ടന്റിനുമായിരിക്കും എന്ന് വ്യവസ്ഥപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഗ്രാമ പഞ്ചായത്തിൽ ബജറ്റ് നിയന്ത്രണം സംബന്ധിച്ച വ്യവസ്ഥകൾ പാലിച്ചിട്ടില്ല.

## 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31-07-2021 | 22-07-2021 |

## 1-3 സാമ്പത്തിക വിശകലനം

(സംക്ഷിപ്ത വിവരം)

| - | തുക (രൂപ) |
|---|---|
| മുന്നിരിപ്പ് | 2,18,30,551.71 |
| ഓഡിറ്റ് വർഷത്തെ വരവ് | 10,35,80,184.00 |
| ആകെ | 12,54,10,735.71 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 11,19,29,681.00 |
| നീക്കിയിരിപ്പ് | 1,34,81,054.71 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 14902587 | 14902587 | 14232523 | 670064 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 8782451 | 8782451 | 8670539 | 111912 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 0 | 0 | 0 | 0 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 21937000 | 21937000 | 21937000 | 0 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 3958553 | 3958553 | 3612923 | 345630 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | 0 | 8674895 | 8674895 | 6451897 | 2222998 |
| സാക്ഷരത | 11336 | 510 | 11846 | 0 | 11846 |
| ദുരിതാശ്വാസനിധി | 17366 | 781 | 18147 | 0 | 18147 |
| TSC | 0 | 2499092 | 2499092 | 429175 | 2069917 |
| ICDS | 853016 | 817413 | 1670429 | 1092189 | 578240 |

## 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചവ (എണ്ണം) | അടങ്കൽ (തുക) | നടപ്പിലാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പിലാക്കിയത് | നടപ്പിലാക്കാത്തത് | ചെലവിന്റെ ശതമാനം |
|---|---|---|---|---|---|---|
| 272 | 132542846 | 186 | 78766335 | 27 | 59 | 59.42% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 351958 | 1004273 | 1356231 | 1356231 | 0 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 19576126 | 19576126 | 19576126 | 0 |

## 1-7 ക്ഷേമ പദ്ധതികൾ

| പദ്ധതിയുടെ പേര് | ചെലവ് തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 8382700 | 585 |
| വിധവാ പെൻഷൻ | 19698300 | 1310 |
| വാർദ്ധക്യകാല പെൻഷൻ | 31024600 | 2381 |
| വികലാംഗപെൻഷൻ | 6013200 | 411 |

| | | |
|---|---|---|
| 50 വയസ്സിന്മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 3042800 | 208 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 270000 | 9 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 13.12.2021 തീയതിയിൽ 3.00 PM ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 56,621/- രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണ സംവിധാനത്തിൽ കാണപ്പെട്ട പോരായ്മകൾ ബജറ്റ്, അക്കൗണ്ടിങ്ങ്, നികുതി ചുമത്തലും നിയന്ത്രണാധികാരപ്രയോഗവും, പദ്ധതി നിർവ്വഹണം എന്നീ വിവിധ ശീർഷകങ്ങളിലായി ഈ ഓഡിറ്റ് റിപ്പോർട്ടിൽ അതാത് ഓഡിറ്റ് ശീർഷകങ്ങളിൽ പ്രതിപാദിച്ചിട്ടുണ്ട്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോർമൻസ് ഓഡിറ്റ് | 18/02/2021, 19/02/2021, 22/02/2021 | 2020 ഏപ്രിൽ മുതൽ ഡിസംബർ വരെ | 11/07/2021 |
| അക്കൗണ്ടന്റ് ജനറൽ | 13/10/2016 മുതൽ 26/10/2016 വരെ | 2010-11 മുതൽ 2015-16 വരെ | 25/11/2016 |

## 1-11 വാർഷിക കണക്കിലെ അപാകതകൾ

വാർഷിക കണക്ക് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു

### 1-11-1 വാർഷിക ധനകാര്യ പത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയില്ല

വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ 2011,ചട്ടം 62 (എഫ്)

### 1-11-2 വസ്തുനികുതി അക്കൗണ്ടിംഗിലെ അപാകതകൾ

വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്‌വെയർ ആയ "സാംഖ്യ"യിൽ ഡിമാന്റ് ആയി ചേർക്കുന്നത്. വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും "സാംഖ്യ" സോഫ്റ്റ്‌വെയർ ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷികകണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്, കളക്ഷൻ, നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും "സാംഖ്യ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. മേൽ സാഹചര്യത്തിൽ വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടാതിരിക്കുന്നതിന് കാരണം കണ്ടെത്തി പരിഹരിക്കേണ്ടതാണ്.

2.1 തൻവർഷം

2.1.1 റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ | 2933122 | 2784466 | 40343 | 107998 |

| | | | | |
|---|---|---|---|---|
| പ്രകാരം | | | | |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 2933122 | 2784466 | 40343 | 126090 |
| | (ഇൻകം &എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | (350410101-Advance Collection-PT On Res. Bldg-ന്റെ ലെഡ്ജർ) | (132395/105X100) = 126090 |

2.1.2 നോൺ-റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 1812666 | 1692633 | 74177 | 45856 |
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | 1812666 | 1692633 | 70802 | 45871* |
| | (ഇൻകം &എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | (350410104-Advance Collection-PT On NR Bldg-ന്റെ ലെഡ്ജർ) | *(48165 /105X100)45871 (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

2.2 കുടിശ്ശിക

2.2.1 റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 136194 | 103864 | 47186 |
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | 143886 * | 103864 | 32214 ** |
| | *(2019-20 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) (145482+5598=151080/105*100) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | **(ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) (33825/105X100)=32214, |

2.2.2 നോൺ-റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 47974 | 32773 | 779 |
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | 48481 | 32773 | 15400 |
| | (2019-20 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) *(47527+3378=50905/105*100) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | (16170/105 X 100) (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

2.3ലൈബ്രറി സെസ്സ് (തൻവർഷം +കുടിശ്ശിക)

| | | ഡിമാന്റ് | | | കളക്ഷൻ | | | മുൻകൂർ ക്രമീകരിച്ചത് | ഡിമാന്റ് കുറവ് ചെയ്തത് | ബാക്കി | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | തൻ വർഷം | കുടിശ്ശിക | ആകെ | തൻ വർഷം | കുടിശ്ശിക | ആകെ | | | തൻ വർഷം | കുടിശ്ശിക | ആകെ |
| "സഞ്ചയ" സോഫ്റ്റ്‌വെയർ | റെസിഡൻഷ്യൽ | 149560 | 7204 | 156764 | 141227 | 5333 | 146560 | 2235 | | 6450 | 1711 | 8347 |
| | നോൺ- | 92179 | 2455 | 94934 | 85734 | 1644 | 87378 | 3566 | | 2309 | 786 | 3128 |

| | | | | | | |
|---|---|---|---|---|---|---|
| പ്രകാരം | റെസിഡൻഷ്യൽ | | | | | |
| | ആകെ | 251698 | 233938 | 5801 | | 11475 |
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | | 251346 | 230483 | | 240564 | 11256 |
| | | (2019-20ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ, ബി-15, 431910101 -State Govt. Cess/levies. ലെഡ്ജർ 2020-21) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-36(വരവ്)) | | (431910101 -State Govt Cess/ Levies ലെഡ്ജർ 2020-21) | (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

2.4."സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ് -(കളക്ഷൻ+ ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല.

2.5 ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 “Other Liabilities” എന്ന ശീർഷകത്തിൽ വസ്തുനികുതിയിനത്തിൽ മുൻകൂർ ആയി ലഭിച്ചതും എന്നാൽ 31/03/2021 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്നതുമായ തുക ചേർത്തിരിക്കുന്നതും "സഞ്ചയ"സോഫ്റ്റ്‌വെയറിൽ ഈയിനത്തിൽ ചേർത്തിരിക്കുന്ന തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| ക്രമ നം. | ശീർഷകം | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 പ്രകാരമുള്ള തുകകൾ | സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള തുകകൾ |
|---|---|---|---|
| 1 | 350410101-Advance Collection Of Revenues -Property Tax On Residential Building | 6,23,968 | 70,802 |
| 2 | 350410104-Advance Collection Of Revenues -Property Tax On Non-Residential Building | 5,85,900 | 40,343 |

2.6 01/04/2020 ൽ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് തുക (റെസിഡൻഷ്യൽ/നോൺ റസിഡൻഷ്യൽ) വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തേണ്ടിയിരുന്നതും 2020-21 ൽ അസസ്സ്ചെയ്യപ്പെടുന്ന വസ്തുനികുതി ഉൾപ്പെടെയുള്ള, അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സമെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ് {കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ, ചട്ടം 17(2)}. പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൌച്ചർ, വർക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. 2020-21 വർഷത്തിൽ വേലൂർ ഗ്രാമപഞ്ചായത്തിൽ 166 പുതിയ കെട്ടിടങ്ങൾക്ക് നികുതി ചുമത്തിയിട്ടുണ്ട്. എന്നാൽ 2020-21 ലെ “110100101-Property Tax On Residential Building”എന്ന ശീർഷകത്തിലേയും “110100103-Property Tax On Non Residential Building” എന്ന ശീർഷകത്തിലേയും ലെഡ്ജറുകൾ പരിശോധിച്ചതിൽ നിന്നും 2020-21 സാമ്പത്തിക വർഷത്തെ ഡിമാന്റ് ഒറ്റ തവണ മാത്രം രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു. ഈ ഡിമാന്റ് എൻട്രികൾക്കും സാധുത നല്കുന്ന വൌച്ചറുകളും ഇല്ല. “സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും വർഷാവസാനം ഉള്ള ഡിമാന്റ് തുകയിലേക്ക് വാർഷികകണക്കിലെ തുക ക്രമീകരിക്കുന്ന രീതിയിൽ രേഖപ്പെടുത്തലുകൾ നടത്തിവരുകയാണ് ചെയ്യുന്നത് എന്ന് ഇതിൽ നിന്ന് വ്യക്തമാണ്. ആയതിനാൽ നിയമപ്രകാരമുള്ള റമിഷൻ, എഴുതി തള്ളൽ ഉടങ്ങിയവ സംബന്ധിച്ച കണക്കുകളിൽ രേഖപ്പെടുത്തൽ ഇല്ലാതെ പോകുന്നു. ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ വസ്തുനികുതി ഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും രജിസ്റ്ററുകളുമായി പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തി ആഭ്യന്തരനിയന്ത്രണ സംവിധാനം ഫലപ്രദമാക്കുന്നതിനും, ഡിമാന്റ് എൻട്രികൾക്ക് സാധുത നല്കുന്ന വൌച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

2.7 തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ കളക്ഷൻ വാർഷിക കണക്ക് പ്രകാരം 230483 രൂപയും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം 2,33,938 രൂപയുമാണ്. ലൈബ്രറി സെസ്സ് ഡിമാന്റ് തുക രേഖപ്പെടുത്തി വരുന്ന “431910101 State Govt Cesses/levies In Property Tax Control Account” എന്ന ലെഡ്ജറിൽ നിന്ന് ഇപ്രകാരം തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ (കുടിശ്ശിക ഉൾപ്പെടെ) കളക്റ്റ് ചെയ്ത തുകയാണ് ഡിമാന്റിൽ നിന്ന് കുറവ് ചെയ്യേണ്ടത്. എന്നാൽ വാർഷിക കണക്കും വസ്തുനികുതി ഡിമാന്റ് രജിസ്റ്ററും ലൈബ്രറി സെസ്സ് കളക്ഷന്റെ കാര്യത്തിൽ പൊരുത്തപ്പെടുന്നില്ല എന്ന് മാത്രമല്ല , മേൽ പ്രകാരം ഡിമാന്റ് കുറവ് ചെയ്തിരിക്കുന്നത് ഈ രണ്ടു തുകയുമല്ല, മറിച്ച് 240564 രൂപയാണ്.(പട്ടിക 2.3 കാണുക )

2.8 2019-20 വർഷത്തെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-9 “Other Liabilities” എന്ന ശീർഷകത്തിൽ വസ്തുനികുതിയിനത്തിൽ മുൻകൂർ ആയി ലഭിച്ചതും എന്നാൽ 31/3/2021 ൽ ക്രമീകരിച്ചതുമായ തുകയ്ക്ക് വൌച്ചറുകളോ മറ്റ് രേഖകളോ സൂക്ഷിച്ചിട്ടുമില്ല. ക്രമീകരിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ശീർഷകം | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 പ്രകാരം 31/3/20 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്ന തുക | 2020-21ലെ ലെഡ്ജർ പ്രകാരം തൻവർഷം ക്രമീകരിച്ച തുക |
|---|---|---|---|
| 1 | 350410101-Advance Collection Of Revenues -Property Tax On Residential Building | 6,07,811 | 40,343 |
| 2 | 350410101-Advance Collection Of Revenues -Property Tax On Non-Residential Building | 6,51,540 | 74,177 |

2.9 തൻവർഷത്തെ വസ്തു നികുതി അഡ്വാൻസ് ലെഡ്ജർ അക്കൌണ്ട് പരിശോധിച്ചു. അതിൽ 44408 രൂപ കാഷ് ആയോ ബാങ്ക് മുഖേനയുള്ള വരവായി ലഭിച്ചതല്ല എന്നും “Prior Period Items” എന്ന നോമിനൽ അക്കൌണ്ട് പ്രകാരം അഡ്വാൻസ് തുക സാങ്കല്പികമായി ജേണൽ വൌച്ചർ മുഖേന വർദ്ധിപ്പിച്ചതായും 679 രൂപ കുറവു ചെയ്തതായും കാണുന്നു. ഇപ്രകാരം ജേണൽ വൌച്ചർ മുഖേന വർദ്ധനക്ക്/കുറവിന് കാരണം രേഖപ്പെടുത്തിയിട്ടുള്ളതും അംഗീകരിക്കാനാകുന്നതുമായ യാതൊരു സബ് വൌച്ചറുകളും, വർക് ഷീറ്റുകളും, നടപടിക്രമങ്ങളും സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ഇപ്രകാരം സാങ്കല്പിക വർദ്ധനവ് വരുത്തിയത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ഇപ്രകാരം വർദ്ധനവ് വരുത്തിയ വൌച്ചർ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

2.9.1 റെസിഡൻഷ്യൽ

| ക്രമ നം. | ജേണൽ വൌച്ചർ | തീയ്യതി | തുക |
|---|---|---|---|
| 1 | 42000488 | 31.03.21 | 44408 |

2.9.2 നോൺ-റെസിഡൻഷ്യൽ

| ക്രമ നം. | ജേണൽ വൌച്ചർ | തീയ്യതി | തുക |
|---|---|---|---|
| 1 | 42000489 | 31.03.21 | (-)679 |

2.10 ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -15 പ്രകാരം വസ്തുനികുതിയിനത്തിലെ ആകെ കിട്ടാനുള്ള തുക (5% ലൈബ്രറി സെസ്സ് ഉൾപ്പെടെ) 230555 രൂപയാണ്. ഇത് പ്രകാരം ഇതേ ഷെഡ്യൂളിൽ "431910101-State Govt Levies In Property Tax” എന്ന ശീർഷകത്തിൽ വരേണ്ട തുക 10979 (230555/105X5 ) ആണ്. എന്നാൽ ഈ ശീർഷകത്തിൽ 11,250 രൂപ ചേർത്തിട്ടുണ്ട്. വ്യത്യാസം പരിഹരിക്കേണ്ടതാണ്.

1-11-3 കൈയ്യെഴുത്തായി സൂക്ഷിക്കുന്ന എല്ലാ വരവ് രജിസ്റ്ററുകളും ശരിയായി പരിപാലിച്ചിട്ടില്ല

ആഭ്യന്തരനിയന്ത്രണം ഫലപ്രദമാക്കുന്നതിന് കൈയ്യെഴുത്തായി സൂക്ഷിക്കുന്ന എല്ലാ വരവ് രജിസ്റ്ററുകളും ഡിമാന്റ് അടിസ്ഥാനത്തിലും പേജ് അടിസ്ഥാനത്തിലും തുക കണക്കാക്കുകയും മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതാത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി, വർഷാന്ത്യത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തി,സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ് (കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ 2011, ചട്ടം58(2)(ഇ),(ജി)). നിലവിൽ ഓഡിറ്റിന് ഹാജരാക്കിയ രജിസ്റ്ററുകൾ ഇപ്രകാരം കൃത്യമായി സൂക്ഷിക്കുന്നില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

1 തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (ജീവനക്കാർ)

2 തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (സ്ഥാപനങ്ങൾ)

3 വാടക ഡിമാന്റ് രജിസ്റ്റർ

4 ലേലം ഡിമാന്റ് രജിസ്റ്റർ.

5 പാരമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്റ്റർ

6 ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ററർ

7 ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ

### 1-11-4 പ്രൊവിഷൻ രേഖപ്പെടുത്തിയതിന്റെ രേഖകൾ പരിശോധനയ്ക്കായി ഹാജരാക്കിയില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരം വസ്തുനികുതി ഇനത്തിൽ കുടിശ്ശിക ഉണ്ട്.എന്നാൽ നികുതി, നികുതിയേതര കുടിശ്ശിക വർഷാടിസ്ഥാനത്തിൽ കണക്കാക്കി, സർക്കാർ ഉത്തരവ് 152/2011/ത.സ്വ.ഭ.വ തീ.26/7/2011, കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011 (ചട്ടം58(4)എച്ച്) എന്നിവ പ്രകാരം ലഭ്യത സംശയാസ്പദമായ തുക കണക്കാക്കി ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ പ്രൊവിഷൻ കണക്കാക്കിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

### 1-11-5 ജേണൽ വൗച്ചറുകൾ ഓഡിറ്റിന് ലഭ്യമാക്കിയില്ല

കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൗണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. (പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ2011. ചട്ടം 7) ജേണൽ വൗച്ചറുകൾ ഉൾപ്പെടെ എല്ലാ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നത്. പ്രധാനമായും വസ്തുനികുതിയിനത്തിലുള്ള പിരിവ്, ബാക്കി, മുൻകൂർ, കുടിശ്ശിക ഡിമാന്റ്, കുടിശ്ശിക പിരിവ്, കുടിശ്ശിക ബാക്കി എന്നിവ എഴുതി തള്ളാനും, ക്രമീകരിക്കാനും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള ഡി.സി.ബി രജിസ്റ്ററിലെ തുകയിലേയ്ക്ക് മാനുവലായി പൊരുത്തപ്പെടുത്താനും, മുൻകൂർ തുക വർദ്ധിപ്പിക്കുന്നതിനും നടത്തുന്ന ജേണൽ എൻട്രികൾക്ക് യാതൊരു വൗച്ചറും സൂക്ഷിക്കുന്നില്ല. എല്ലാ ജേണൽ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

### 1-11-6 280000000-Prior Period Item- അംഗീകരിക്കപ്പെട്ട വൗച്ചറുകൾ ഓഡിറ്റിന് ലഭ്യമാക്കിയില്ല

ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് (ഐ-18) പ്രകാരം "280000000-Prior Period Item" എന്ന ശീർഷകത്തിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൗച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക്ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്,ഷെഡ്യൂൾ I-18) | 31/3/2021ലെ ലെഡ്ജർ ബാക്കി |
|---|---|
| 280100101-Prior Period Income-Property Tax On Residential Buildings | 52111 |
| 280100102-Prior Period Income-Profession Tax – Institutions Professionals, Traders | (-)2260 |
| 280100104-Prior Period Income-Property Tax On Non Residential Buildings | (-)18744 |
| 280200101-Prior Period Income-Rent From Building | (-)4780 |

### 1-11-7 കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് - സാക്ഷ്യപ്പെടുത്തുന്നില്ല

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല. കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2020-21 കാലയളവിലെ "Net Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 83,49,497 രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2020 – 21 കാലയളവിൽ "Net Cash Generated By Operating + Investing + Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് (-) 65,25,974 രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും

പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകളും പൊരുത്തപ്പെടുന്നില്ല.

### 1-11-8 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

### 1-11-9 സ്റ്റോക്കിന്റെ ഭൗതിക പരിശോധന നടത്തി സാക്ഷ്യപത്രം രേഖപ്പെടുത്തിയിട്ടില്ല.

സ്റ്റോക്കിന്റെ ഭൗതിക പരിശോധന നടത്തി സാക്ഷ്യപത്രം രേഖപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ,ചട്ടം 58,4(എ)

### 1-11-10 നിർവ്വഹണ ഏജൻസികൾക്കുള്ള മുൻകൂറുകൾ ക്രമീകരിച്ചിട്ടില്ല

ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-18 പ്രകാരം മുൻകൂർ ഇനത്തിൽ 460500201 ശീർഷകത്തിൽ Deposit With Kerala Water Authority യ്ക്ക് ₹9,382/-യും 460500202 ശീർഷകത്തിൽ Deposit With Kerala Electricity Board ന് ₹15,60,841/-യും 460500501 ശീർഷകത്തിൽ Advance To Implementing Officers ന് ₹1,70,000/-യും 2019-20, 2020-21 എന്നീ വർഷങ്ങളിലെ വർഷാന്ത്യ നീക്കിയിരിപ്പിൽ ഉൾപ്പെട്ടിട്ടുള്ളതാണ്. പ്രസ്തുത തുകകൾ ക്രമീകരിക്കാത്തതിന്റെ കാരണം അറിയിക്കേണ്ടതാണ്.

### 1-11-11 Capital Work In Progress എന്ന ശീർഷകത്തിൽ ചേർത്തിരിക്കുന്ന തുകകൾ പൊരുത്തപ്പെടുന്നില്ല

Capital Work In Progress എന്ന ശീർഷകത്തിൽ ചേർത്തിരിക്കുന്ന തുക 20,81,540 രൂപയാണ്. എന്നാൽ അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കിയ പ്രോജക്ടുകളിൽ 31/3/21 വരെ പാർട്ട് ബിൽ നല്കിയ സംഖ്യയായി വ്യക്തമാക്കിയിട്ടുള്ളത് ₹42,67,039/- എന്നതുമാണ്. ഈ പൊരുത്തക്കേട് വിശദീകരിക്കേണ്ടതാണ്.

### 1-11-12 കാലാവധി കഴിഞ്ഞ ചെക്കുകൾ " Liability In Respect Of Stale Cheque” എന്ന ബാധ്യത ശീർഷകത്തിലേയ്ക്ക് മാറ്റി ബാങ്ക് ബുക്ക് നീക്കിയിരിപ്പ് ക്രമീകരിച്ചിട്ടില്ല

വേലൂർ കോ-ഓപ്പറേറ്റീവ് ബാങ്ക് (സേവിംഗ്സ് ബാങ്ക് അക്കൗണ്ട് നം.3072) തനത് ഫണ്ട് അക്കൗണ്ടിലെ താഴെ ചേർത്തിരിക്കുന്ന കാലാവധി കഴിഞ്ഞ ചെക്കുകൾ " Liability Inrespect Of Stale Cheque” എന്ന ബാധ്യത ശീർഷകത്തിലേയ്ക്ക് മാറ്റി ബാങ്ക് ബുക്ക് നീക്കിയിരിപ്പ് ക്രമീകരിച്ചിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011 (ചട്ടം 46)). ആയത് ക്രമീകരിക്കേണ്ടതാണ്.

1-11-12-1

| വൗച്ചർ നം. | ചെക്ക് നമ്പർ/ | തീയതി | തുക |
|---|---|---|---|
| 21701150/ 28.02.18 | 198994 | 28-2-18 | 635 |
| 21700756/ 14-11-17 | 196390 | 10-11-17 | 900 |
| 21700550/ 19-09-17 | 196734 | 19-11-17 | 500 |
| 21800540/ 18.09.18 | 199944 | 19-9-18 | 175 |
| 31800180/ 26-09-18 | 199908 | 4-8-18 | 443 |
| 21800546/ 29-09-18 | ലഭ്യമല്ല | 30-4-18 | 123 |
| 21800547/ 29-09-18 | ലഭ്യമല്ല | 30-6-18 | 105 |
| 21800548/ 29-09-18 | ലഭ്യമല്ല | 31-7-18 | 60 |
| 21800334/ 12.07.18 | 199783 | 12-7-18 | 500 |
| 21700252/ 12.06.17 | 195244 | 12-6-17 | 310 |
| 31600214/ 06.10.16 | ലഭ്യമല്ല | ലഭ്യമല്ല | 500 |
| 21600507/ 22.09.16 | 185235 | 22-9-16 | 250 |
| 21500706/ 28.11.15 | 175250 | 28-11-15 | 500 |
| 21500566/ 06.10.15 | 180809 | 6-10-15 | 720 |
| 21300813/ 17.10.13 | 158650 | 17-10-13 | 1260 |
| 21300386/ 26.07.13 | 158236 | 26-7-13 | 500 |
| 21300441/ 07.08.13 | 158249 | 7-8-13 | 501 |
| 21301109/ 13.01.14 | 158558 | 13-1-14 | 200 |
| 21301293/ 28.02.14 | 158486 | 28-2-14 | 350 |
| വൗച്ചർ നം. ലഭ്യമല്ല /01.04.12 | ലഭ്യമല്ല | 1-4-12 | 7061 |
| 21200604/ 21.03.13 | 157323 | 21-3-13 | 500 |
| 21300060/ 25.04.13 | 157111 | 25-4-13 | 70 |

| | | | |
|---|---|---|---|
| 21300293/ 09.07.13 | 158221 | 9-7-13 | 332 |
| 21300446/ 07.08.13 | 158105 | 7-8-13 | 3371 |
| 21300634/ 13.09.13 | 158615 | 13-9-13 | 750 |
| 21300812 / 17.10.13 | 158649 | 17-10-13 | 500 |
| 21800924/ 28.12.18 | 200046 | 28-12-18 | 400 |
| 21601327/ 02.03.16 | ലഭ്യമല്ല | 2-3-16 | 30 |
| 21701499 /27.03.18 | 199377 | 27-3-18 | 900 |
| 21800549/ 29.09.18 | ലഭ്യമല്ല | 31-8-18 | 60 |
| 21800248/ 21.06.18 | 199756 | 21-6-18 | 950 |
| 21801274/ 18.03.19 | 207772 | 18.03.19 | 4900 |
| 21801486/ 31.03.19 | 210103 | 31.03.19 | 2060 |
| 21801506/ 30.03.19 | ലഭ്യമല്ല | 30.03.19 | 1583 |
| 21801508/ 30.03.19 | ലഭ്യമല്ല | 30.03.19 | 1080 |
| 21900569/ 18.10.19 | 208580 | 18.10.19 | 1,000 |

സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ- ട്രഷറി ബാങ്ക് (450610101)

| വൗച്ചർ നം. | ചെക്ക് നമ്പർ/ | തീയതി | തുക |
|---|---|---|---|
| 21900218/ 20.06.19 | 722109 | 19.06.19 | 2738 |

1-11-12-2 വേലൂർ കോ -ഓപ്പറേറ്റീവ് ബാങ്ക്(സേവിംഗ്സ് ബാങ്ക് അക്കൗണ്ട് നം.3072) തനത് ഫണ്ട് അക്കൗണ്ട് ബാങ്ക് റീകൺസീലിയേഷൻ പത്രിക പ്രകാരം 485636 രൂപ “Cheques Deposited But Not Credited” ആയി ഉൾപ്പെടുത്തിയിട്ടുണ്ട്. അതിൽ ബാങ്കിൽ നിക്ഷേപിച്ചിട്ട് ഒരു മാസത്തിന് മുകളിലായിട്ടും ക്യാഷ് ചെയ്യാത്ത താഴെ ചേർത്തിരിക്കുന്ന ചെക്കുകൾ ഉൾപ്പെടുന്നു. ബാങ്കുമായി ബന്ധപ്പെട്ട് തുക ക്രെഡിറ്റ് ചെയ്യപ്പെടാതിരുന്നതിന് കാരണം പരിശോധിച്ച് തുടർനടപടി സ്വീകരിക്കേണ്ടതാണ്.

| വൗച്ചർ നമ്പർ | തീയതി | തുക |
|---|---|---|
| 118070900022/ | 26-9-18 | 30 |
| 11516400001 | 28-04-15 | 1250 |
| 31700392 | 20-3-18 | 8340 |

1-11-12-3. വേലൂർ കോ -ഓപ്പറേറ്റീവ് ബാങ്ക് (സേവിംഗ്സ് ബാങ്ക് അക്കൗണ്ട് നം.3072) തനത് ഫണ്ട് അക്കൗണ്ടിലെ ബാങ്ക് അക്കൗണ്ട് പാസ്സ് ബുക്കിൽ വന്ന താഴെ ചേർത്തിരിക്കുന്ന ഡെബിറ്റ് തുകകൾ 31/3/2021 വരെയുള്ള എല്ലാ മാസവും റീകൺസീലിയേഷൻ പത്രികയിൽ " Directly Debited By Bank” എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തി വരികയാണ് ചെയ്തിട്ടുള്ളത്. ബാങ്കുമായി ബന്ധപ്പെട്ട് ഈ ചെലവ് പഞ്ചായത്തുമായി ബന്ധപ്പെട്ടതാണോയെന്ന് പരിശോധിക്കേണ്ടതും ഈ തുക ബാങ്ക് തെറ്റായി കുറവ് ചെയ്തതാണെങ്കിൽ തുക തിരികെ പഞ്ചായത്തിന്റെ ബാങ്ക് അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യുന്നതിന് നടപടി സ്വീകരിക്കേണ്ടതും, പഞ്ചായത്തുമായി ബന്ധപ്പെട്ട ഡെബിറ്റ് ആണെങ്കിൽ അത് ഉചിതമായ ശീർഷകത്തിൽ ചെലവ് രേഖപ്പെടുത്തേണ്ടതും കണക്കിലെടുക്കേണ്ടതുമാണ്. ഈ തുക ബാങ്ക് പാസ്സ്ബുക്കിൽ രേഖപ്പെടുത്തലുകൾ വന്നിട്ട് മാസങ്ങൾ കഴിഞ്ഞാണ് വാർഷിക കണക്കുകൾ അന്തിമമാക്കിയിട്ടുള്ളതെങ്കിലും മേൽപ്രകാരം നടപടി സ്വീകരിക്കാത്തതിനാൽ ഈ തുകകൾ 2020-21 ലെ വാർഷിക കണക്കിൽ ഉൾപ്പെടാതെ പോയി.

| ഇൻസ്ട്രുമെന്റ് നം. | തിയതി | തുക |
|---|---|---|
| രേഖപ്പെടുത്തിയിട്ടില്ല | 30.03.2019 | 71 |
| 21500829 | 22.12.2015 | 500 |
| 455517 | 17.03.16 | 20 |
| രേഖപ്പെടുത്തിയിട്ടില്ല | 02.12.2002 | 30 |
| ആകെ | | 621 |

1-11-12-4 “Directly Credited By Bank” എന്ന ഇനത്തിൽ 1001 രൂപ (സേവിംഗ്സ് ബാങ്ക് അക്കൗണ്ട് നം.3072) ഉൾപ്പെടുത്തിയാണ് റീകൺസീലിയേഷൻ പത്രിക പൊരുത്തപ്പെടുത്തിയിരിക്കുന്നത്.

| തീയ്യതി | ഇൻസ്ട്രുമെന്റ് നം | തുക |
|---|---|---|
| 06.10.16 | 31600214 | 500 |
| 12.11.16 | 31600308 | 500 |
| 27.07.18 | രേഖപ്പെടുത്തിയിട്ടില്ല | 1 |
| ആകെ | | 1001 |

ബാങ്കുമായി ബന്ധപ്പെട്ട് ഈ വരവ് പഞ്ചായത്തിന് അർഹതപ്പെട്ടതാണോയെന്ന് പരിശോധിച്ച് അത് ഉചിതമായ ശീർഷകത്തിൽ

വരവ് വയ്ക്കേണ്ടതും കണക്കിലെടുക്കേണ്ടതുമാണ്. ഈ തുകകൾ ബാങ്ക് പാസ്സ്ബുക്കിൽ രേഖപ്പെടുത്തലുകൾ വന്നിട്ട് മാസങ്ങൾ കഴിഞ്ഞാണ് വാർഷിക കണക്കുകൾ അന്തിമമാക്കിയിട്ടുള്ളതെങ്കിലും മേൽപ്രകാരം നടപടി സ്വീകരിക്കാത്തതിനാൽ ഈ തുകകൾ 2020-21 ലെ വാർഷിക കണക്കിൽ ഉൾപ്പെടാതെ പോയി.

## 1-11-13 വികസനഫണ്ട്-മണ്ണിടിച്ചിലിലും ഉരുൾപ്പൊട്ടലിലും നാശനഷ്ടം സംഭവിച്ചിട്ടുള്ള പ്രാദേശിക സർക്കാരുകൾക്ക് പ്രത്യേക വിഹിതമായി സർക്കാർ അനുവദിച്ചിരുന്ന TSPഫണ്ട് സംബന്ധിച്ച്

19.02.21 ലെ സർക്കാർ ഉത്തരവ് (സാധാ) നം.1604/2021/ധന. ഉത്തരവ് പ്രകാരം 2018ലെ മഹാപ്രളയം ബാധിച്ച പ്രാദേശിക സർക്കാരുകൾക്ക് പ്രത്യേക വിഹിതം
അനുവദിച്ചതിൽ ചെലവഴിയ്ക്കാത്ത തുക പുനരനുവദിച്ച് ഉത്തരവായതിൽ 25 ലക്ഷം രൂപ വികസന ഫണ്ട് ജനറൽ വിഭാഗത്തിൽ ACRൽ വരവ് വെച്ചിട്ടുണ്ട്.
എന്നാൽ വികസന ഫണ്ട് TSPഇനത്തിൽ അനുവദിച്ച തുകയായ₹ 1,20,295/- ഗ്രാമപഞ്ചായത്ത് തിരികെ അടവാക്കിയിട്ടുണ്ടെങ്കിൽ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-11-14 ഡിപ്രിസിയേഷൻ കണക്കാക്കിയതിന്റെ വർക് ഷീറ്റ്,ജേണൽ വൌച്ചർ എന്നിവ ഹാജരാക്കിയിട്ടില്ല

2020-21 വർഷത്തെ Income And Expenditure പത്രിക പ്രകാരം 8806748 രൂപ ഡിപ്രിസിയേഷൻ കണക്കാക്കിയിട്ടുണ്ട്.എന്നാൽ ഇവ കണക്കാക്കിയതിന്റെ വർക് ഷീറ്റ്, ജേണൽ വൌച്ചർ എന്നിവ ഹാജരാക്കിയിട്ടില്ല.

## 1-11-15 വോട്ടിംഗ് മെഷീൻ വാങ്ങുന്നതിന് സ്രോതസ്സിൽ നിന്ന് കുറവു ചെയ്ത തുക കണക്കിലുൾപ്പെടുത്തിയിട്ടില്ല

മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം) രണ്ടാം ഗഡു (GO(Rt.) No.4444/2020/Fin. Dtd. 03.08.20 പ്രകാരം) അനുവദിച്ചപ്പോൾ ത്രിതല പഞ്ചായത്തുകളിലേക്ക് വോട്ടിംഗ് മെഷീൻ വാങ്ങുന്നതിലേക്ക് ആവശ്യമായ തുകയുടെ 50% കുറവ് ചെയ്ത് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ പേരിലുള്ള ബാങ്ക് അക്കൗണ്ടിലേക്ക് നിക്ഷേപിക്കാൻ 40447/- രൂപ സ്രോതസ്സിൽ നിന്നും കുറവ് ചെയ്തിട്ടുണ്ട്. ഈ ചെലവ് വാർഷിക കണക്കിൽ (ഇൻകം & എക്സ്പെൻഡിച്ചർ പത്രികയിൽ) ഉൾപ്പെട്ടിട്ടില്ല.

വാർഷിക കണക്കുകളുടെ പരിശോധന സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറി നം.9/10-12-21ന് മറുപടി നല്കിയിട്ടില്ലാത്തതാണ്. അപാകതകൾക്ക് മറുപടി അറിയിക്കേണ്ടതാണ്.

## 1-11-16 വാടക-മുഴുവൻ മുറികളേയും ഡിമാന്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

2019-20 വർഷത്തിൽ 14,520/- രൂപയാണ് വാടകയിനത്തിൽ ഡിമാന്റ് കാണുന്നത്. എന്നാൽ 2020-21 വർഷത്തിൽ 6,600/- രൂപ മാത്രമാണ് ഡിമാന്റ് ഇട്ടിട്ടുള്ളത്. ഈ തുക തന്നെ കളക്ഷനം കാണുന്നു. മുഴുവൻ മുറികളെയും ഡിമാന്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 1-12 രശീതി പരിശോധനയിൽ കണ്ട അപാകതകൾ

ഗ്രാമപഞ്ചായത്തിലെ സാംഖ്യ രശീതികൾ, നിർവ്വഹണോദ്യോഗസ്ഥർക്ക് നൽകിയ മാനുവൽ രശീതികൾ എന്നിവ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുകയുണ്ടായി.
I) കാൻസൽ ചെയ്ത സാംഖ്യ രശീതികൾ സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. കാൻസൽഡ് റസീറ്റ് റിപ്പോർട്ട് സൂക്ഷിച്ചിട്ടില്ല.
II) വി.ഇ.ഒ ക്ക് നൽകിയ രശീതി പുസ്തകം നം. 20727, 20733 എന്നിവയിൽ ഒറിജിനൽ രശീതി ഗുണഭോക്താക്കൾക്ക് നൽകുകയും പകർപ്പ് സൂക്ഷിച്ചിരിക്കുകയുമാണ് ചെയ്തിരിക്കുന്നത്. [കേരള ട്രഷറി കോഡ് വോള്യം I, റൂൾ 90(a)]
III) ഗ്രാമപഞ്ചായത്തിൽ നിന്നും എഞ്ചിനീയറുടെ കാര്യാലയത്തിലേക്ക് നൽകിയ രശീതി പുസ്തകം നം. 5933 പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. രശീതി പുസ്തകം നം. 36932, 36945 എന്നിവ പരിശോധിച്ചതിലെ അപാകതകൾ താഴെ ചേർക്കുന്നു.
രശീതി പുസ്തകം നം. 36932 – ഗുണഭോക്താക്കൾക്ക് ഒറിജിനൽ രശീതി നൽകുകയും കാർബൺ പകർപ്പ് സൂക്ഷിക്കുകയുമാണ് ചെയ്തിരിക്കുന്നത്. [കേരള ട്രഷറി കോഡ് വോള്യം I, റൂൾ 90(a)]
രശീതി നം. 4 (തുക -4257/-), നം. 5 (തുക -4257/-), എന്നിവ കാൻസൽ ചെയ്തിരിക്കുന്നത് ആയതിന്റെ ഒറിജിനൽ ഇല്ലാതെ മേൽ സൂചിപ്പിച്ച പ്രകാരമുള്ള പകർപ്പിൽ മാത്രമാണ്. ഇത് അംഗീകരിക്കുന്നില്ല. കാൻസൽ ചെയ്ത രശീതിയുടെ രണ്ട് പേജുകളും ഇല്ലാത്ത പക്ഷം മേൽ തുക അടവാക്കേണ്ടതാണ്.
രശീതി നം. 14 കാൻസൽ ചെയ്തിട്ടുണ്ടെങ്കിലും ആയത് സാക്ഷ്യപ്പെടുത്തിയിട്ടില്ല.
രശീതി പുസ്തകത്തിൽ സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് എഴുതി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. (2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങളിലെ ചട്ടം 83)
രശീതി പുസ്തകം നം. 36945 ലെ പല രശീതികളിലും മേൽ സൂചിപ്പിച്ച പ്രകാരം ഒറിജിനൽ രശീതി ഗുണഭോക്താവിന് നൽകുകയാണ് ചെയ്തിരിക്കുന്നത്.
രശീതി പുസ്തകത്തിലെ അപാകത സംബന്ധിച്ച് അസിസ്റ്റന്റ് എഞ്ചിനീയർക്ക് നൽകിയ ഓഡിറ്റ് അന്വേഷണം നം. 6/08.12.2021 നുള്ള മറുപടിയിൽ കാണാതായ രശീതി പുസ്തകം നം. 5933, 36932 രശീതി പുസ്തകത്തിലെ രശീതി നം. 4, 5 എന്നിവ ലഭ്യമാകുന്ന മുറയ്ക്ക് ഹാജരാക്കുന്നതാണ് എന്നാണ് അറിയിച്ചിട്ടുള്ളത്. രശീതി നം. 4, 5 എന്നിവയിൽ രേഖപ്പെടുത്തിയിട്ടുള്ള തുകയായ 8,514/- രൂപ അടവാക്കേണ്ടതും രശീതി പുസ്തകം നം. 5933 പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

## 1-13 വ്യാപാരങ്ങൾക്കും വ്യവസായങ്ങൾക്കും ലൈസൻസ് നൽകൽ - അപാകതകൾ

തദ്ദേശസ്വയംഭരണ വകുപ്പിന്റെ 31-10-2017 ലെ സ.ഉ.(പി)നം.80/2017 (SRO No.674/2017) പ്രകാരം 1996ലെ കേരള പഞ്ചായത്ത് രാജ് (അസഹ്യവും അപകടകരവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾക്ക് പുറപ്പെടുവിച്ച ഭേദഗതികൾ പ്രകാരം ടി ചട്ടത്തിന്റെ പേര് കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും, മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ എന്നാക്കി മാറ്റിയിട്ടുണ്ട്. അതനുസരിച്ച് ചട്ടം 10 ലെ പട്ടിക-2 ൽ വിവിധ വ്യാപാരങ്ങൾക്ക് ഈടാക്കാവുന്ന പരമാവധി ഫീസായി ദിവസേനയുള്ള വിറ്റ് വരവിന്റെ അടിസ്ഥാനത്തിൽ നിശ്ചയിച്ചിട്ടുള്ളതിനെ മൈക്രോ, മിനി, സ്മോൾ, മീഡിയം, ലാർജ് സംരംഭങ്ങൾ എന്നിങ്ങനെ തരംതിരിച്ച് മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ പരമാവധി ഈടാക്കാവുന്ന ഫീസ് നിശ്ചയിച്ചിട്ടുണ്ട്.

1) 2017 ലെ ഭേദഗതി ഉത്തരവ് പ്രകാരം എല്ലാ വിധ സംരംഭക, സേവന പ്രവർത്തനങ്ങളും ലൈസൻസ് പരിധിയിൽ ഉൾപ്പെടുന്നതാണ്, ഇതിന്റെ അടിസ്ഥാനത്തിൽ ധനകാര്യ സ്ഥാപനങ്ങളടക്കമുള്ളവയെയും ഓഫീസ് മാത്രമായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെയും (ഭേദഗതിക്ക് മുൻപ് ലൈസൻസ് എടുക്കാത്തവ) ലൈസൻസ് പരിധിയിൽ ഉൾപ്പെടുത്തുന്നതിന്റെ സാധ്യത പരിശോധിക്കേണ്ടതാണ്.

2) നിയന്ത്രണപരമായ അനിവാര്യ ചുമതല എന്നതിനോടൊപ്പം നിക്ഷേപക സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കപ്പെടുക എന്ന കാഴ്ചപ്പാടോടു കൂടിയാണ് 2017 ലെ ഭേദഗതി ചട്ടങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുള്ളത്. പ്രസ്തുത ലക്ഷ്യം നിറവേറ്റുന്നതിനായി സ.ഉ.(എം.എസ്)നം. 80/2017/തസ്വഭവ, തീ.03.04.2017 മാർഗ്ഗരേഖയിലെ ഖ.6.6 പ്രകാരം സംരംഭക ക്ലബ്ബ് രൂപീകരിക്കാവുന്നതും ഓരോ വാർഡിലും അതത് മെമ്പർമാരുടെ നേതൃത്വത്തിൽ സംരംഭകർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിനും കൂടുതൽ യുവാക്കളെ സംരംഭകമേഖലയിലേക്ക് ആകർഷിക്കുന്നതിന് വേണ്ട പ്രവർത്തനങ്ങൾ ഏറ്റെടുക്കാവുന്നതുമാണ്.

3) മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തിൽ ലൈസൻസ് എടുക്കുന്ന സ്ഥാപനങ്ങളെ തരംതിരിച്ച് പരമാവധി ഈടാക്കാവുന്ന ഫീസ് നിശ്ചയിച്ചത് സംബന്ധിച്ച ഭരണസമിതി തീരുമാനം ഹാജരാക്കിയിട്ടില്ല.

4) അപേക്ഷയിൽ മൂലധനം സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല. ആയതിനാൽ ഫീസ് ഈടാക്കിയതിന്റെ കൃത്യത പരിശോധിക്കുന്നതിന് സാധിച്ചിട്ടില്ല. ചട്ട വ്യവസ്ഥകൾ പൂർണ്ണമായും പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

5) ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല. ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ വാർഡ് അടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കേണ്ടതാണ്.

6) ലൈസൻസ് രജിസ്റ്റർ പ്രകാരം 2019-20 വർഷത്തിൽ 433 സ്ഥാപനങ്ങളാണ് ലൈസൻസ് എടുത്തിട്ടുള്ളത്. സഞ്ചയ പ്രകാരം നിലവിലെ നോൺ റെസിഡൻഷ്യൽ കെട്ടിടങ്ങളുടെ എണ്ണം 2105 ആണെന്നാണ് അറിയിച്ചിട്ടുള്ളത്. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 205ബി പ്രകാരം കെട്ടിട ഉടമകൾക്ക് നോട്ടീസ് നൽകുകയും എല്ലാ സ്ഥാപനങ്ങളെയും ലൈസൻസ് പരിധിയിൽ ഉൾപ്പെടുത്തുന്നതിനുമായി നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-14 തൊഴിൽ നികുതി ഈടാക്കിയതിലെ അപാകതകൾ

I) ലൈസൻസ് അപേക്ഷ പ്രകാരം താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ എണ്ണം രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ 2020-21 വർഷത്തെ തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ നികുതി അസസ്സ്മെന്റ് നടത്തിയതായോ, അടവാക്കിയതായോ രേഖയില്ല.

1) യൂണിവേഴ്സൽ റോക്ക് പ്രൊഡക്ട്സ്, ക്രഷർ – 9 ജീവനക്കാർ
2) മലബാർ സ്റ്റീൽ ഇൻഡസ്ട്രീസ് – 30 പേർ (2020-21)
3) ശക്തി പ്ലാസ്റ്റിക്സ് – 4 പേർ
4) സതേൺ പെറ്റ് പ്ലാസ്റ്റ് ഇന്ത്യ – 40 ജീവനക്കാർ (13 പേരുടെ നികുതി മാത്രം അടവാക്കി)
5) പ്രവീൺ ജ്വല്ലറി ബോക്സ് – 7 പേർ
6) പ്രവീൺ ഇന്റർനാഷണൽ പാക്കിങ്ങ് സൊലൂഷൻ – 12 പേർ
7) ക്ലേ ഫോർ ടൈൽസ് – 7 പേർ

II) 2020-21 വർഷം ഗ്രാമപഞ്ചായത്തിലെ വിവിധ പ്രവൃത്തികൾ കരാറെടുത്തവരായ നന്ദനൻ.എം, വിൽസൺ.ഇ.എസ്, സന്തോഷ്.പി, ജിൻസ്.എൻ.ജെ, ചാക്കുണ്ണി.വി.വി, അനിരുദ്ധൻ.ടി.വി, ധർമ്മരാജൻ.സി.ആർ, ദിപിൻ.ഇ.എസ്, ജിജോ ജെയിംസ്.പി, ജിൻസ് ആന്റണി, ഫ്രെഡി ഫ്രാൻസിസ്, ബൈജു.പി.വി, ജിതിൻ.സി.എ എന്നിവർ തൊഴിൽ നികുതി അടവാക്കിയിട്ടില്ല.

III) G.O(P) No. 78/2017/LSGD, Dt. 31.10.2017 പ്രകാരം 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 14 ൽ ഭേദഗതി വരുത്തി 14 A വകുപ്പ് കൂട്ടിച്ചേർക്കുകയുണ്ടായി. പ്രസ്തുത ഭേദഗതിക്കനുസൃതമായി തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല എന്നാണ് ഓഡിറ്റ് അന്വേഷണം നം.16/14.12.2021 നുള്ള മറുപടിയായി അറിയിച്ചിട്ടുള്ളത്.

## 1-15 ക്വാറികളുടെ പ്രവർത്തനം - വിവരങ്ങൾ ക്രോഡീകരിക്കേണ്ടതാണ്

1) തൃശ്ശൂർ ജില്ലാ കളക്ടറുടെ 30.06.2021 ലെ ബി7-4777/2021 നം. കത്തിനെ തുടർന്ന് കുന്നംകുളം തഹസിൽദാർ 05.07.2021 തീയതിയിലെ സി4-4932/2021 തീയതിയിലെ കത്ത് പ്രകാരം അനുമതിയോടു കൂടി നടത്തുന്ന ക്വാറികളുടെയും അനുമതിയില്ലാതെ അനധികൃതമായി നടത്തുന്ന ക്വാറികളുടെയും വിവരങ്ങളുടെ റിപ്പോർട്ട് നൽകുന്നതിന് ആവശ്യപ്പെട്ടിരുന്നതിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ ഇത്തരത്തിലുള്ള ക്വാറികളുടെ വിവരം ശേഖരിച്ച് ക്രോഡീകരിച്ചത് പരിശോധനയ്ക്ക് ലഭ്യമാക്കുകയുണ്ടായില്ല.

2) ത്രീസ്റ്റാർ ഗ്രാനൈറ്റ്സ് എന്ന ക്വാറിക്ക് State Environmental Impact Assessment Authority യുടെ നം.1027/SEIAA/EC1/147/2016, തീ.29.11.2017 നടപടിക്രമം Environmental Clearance No. 88/2017, പ്രകാരം പ്രതിവർഷം ആവർത്തന ചെലവായി 15 ലക്ഷം രൂപയും അനാവർത്തന ചെലവായി 15 ലക്ഷം രൂപയും CSR (Corporate Social Responsibility) പ്രവർത്തനങ്ങൾ പഞ്ചായത്തുമായി സഹകരിച്ച് നടത്തുന്നതിന് ഉടമ സമ്മതിച്ചതായി Clause 3 ൽ ചേർത്തിട്ടുണ്ട്. ഇത്തരത്തിൽ ഈ സ്ഥാപനം സാമൂഹ്യ പ്രതിബദ്ധതാ

പ്രവർത്തനങ്ങൾ നടത്തിയതിന്റെ വിവരങ്ങൾ ലഭ്യമാക്കുന്നതിനായി ഓഡിറ്റ് അന്വേഷണം നം. 17/13.12.2021 നൽകിയതിനുള്ള മറുപടിയായി 4-ാം വാർഡിൽ തലപ്പുറത്ത് കുളം സൈഡ് കെട്ടൽ പ്രവൃത്തി സി.എസ്.ആർ ഫണ്ട് ഉപയോഗിച്ച് ചെയ്യുന്നുണ്ട് എന്നാണ് മറുപടി ലഭ്യമാക്കിയിരിക്കുന്നത്.

സി.എസ്.ആർ പ്രവർത്തനങ്ങൾ ചെയ്യുവാൻ ബാധ്യതപ്പെട്ട ഇത്തരത്തിലുള്ള സ്ഥാപനങ്ങൾ മേൽ പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിന്റെ വിവരം ശേഖരിക്കുന്നതിനും ആയത് ഉറപ്പ് വരുത്തുന്നതിനും മോണിറ്റർ ചെയ്യുന്നതിനും രേഖപ്പെടുത്തി വയ്ക്കുന്നതിനും സംവിധാനങ്ങൾ ഏർപ്പെടുത്തേണ്ടതാണ്.

## 1-16 ബിൽഡിംഗ് പെർമിറ്റ് - അപാകതകൾ

ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ, ഫയലുകൾ എന്നിവ പരിശോധിച്ചതിൽ കണ്ട അപാകതകൾ താഴെ ചേർക്കുന്നു.

1) ബിൽഡിംഗ് പെർമിറ്റ് രജിസ്റ്ററിൽ പൂർണ്ണമായ രേഖപ്പെടുത്തലുകൾ വരുത്തുന്നില്ല. വിസ്തീർണ്ണം, ഫീസ് മുതലായ അനിവാര്യ വിവരങ്ങൾ പോലും രേഖപ്പെടുത്തിയിട്ടില്ല.

2) ഫയൽ നം. എ4/3276/2020, തീ.28.07.2020 പ്രകാരം ആരതി.പി.കുട്ടത്ത് വീട്, വേലൂർ എന്നവരുടെ 134.84 ച.മീ. വാണിജ്യ കെട്ടിടത്തിന് പെർമിറ്റ് ഫീസായി 7 രൂപ നിരക്കിൽ 674 രൂപയാണ് രശീതി നം.120240101039/11.08.2020 പ്രകാരം ഈടാക്കിയിട്ടുള്ളത്. ജി.ഒ(പി) നം.78/2019, തസ്വഭവ, തീ.02.11.2019 പ്രകാരം 10 രൂപ നിരക്കിലാണ് ഈടാക്കേണ്ടിയിരുന്നത് ആയതിനാൽ ഈ ഇനത്തിൽ കുറവു വന്ന തുകയായ ₹405/- (1348.40 – 943.80) ഈടാക്കേണ്ടതാണ്.

3) അപേക്ഷ നം. എ4/2969/20, തീ.16.06.2020 പ്രകാരം ജസ്റ്റിൻ ജോസഫ്, നീലങ്കാവിൽ, വേലൂർ ചുങ്കം എന്നയാളുടെ 387.08 ച.മീ വാണിജ്യ കെട്ടിടത്തിന് ക്രമവൽക്കരണ ഫീസായി 387.08 X 14 = 5419 രൂപയാണ് കണക്കാക്കിയത്. ഫീസ് ഈടാക്കിയതിന്റെ വിവരങ്ങൾ ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല. മേൽ ഉത്തരവ് പ്രകാരം 20 രൂപ നിരക്കിൽ (387.08 X 20 = 7741.60) ഈടാക്കേണ്ടതാണ്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം.19/13.12.2021 നുള്ള മറുപടിയായി, കുറവ് വന്ന ഫീസ് അടവാക്കുന്നതിനായി കത്ത് നൽകിയിട്ടുണ്ട് എന്നാണ് അറിയിച്ചിട്ടുള്ളത്. ഫീസ് ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-17 വസ്തുനികുതി ഈടാക്കിയതിലെ അപാകതകൾ

വസ്തു നികുതി ഫയലുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

I) V/368 A, B – രവി, എടാട്ടുപറമ്പിൽ വീട്, തയ്യൂർ – യഥാക്രമം 26.71 ച.മീ, 19.46 ച.മീ വിസ്തീർണ്ണമുള്ള വാണിജ്യ കെട്ടിടത്തിന്റെ പ്ലാൻ പ്രകാരം 7.5 മീറ്റർ വഴി എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ സഞ്ചയയിൽ 1.5 മീറ്ററിൽ കൂടുതൽ വഴി എന്നാണ് കാണിച്ചിരിക്കുന്നത്. വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ വർദ്ധനവ് വരുത്തിയിട്ടില്ല. ദ്വിതീയ മേഖലയുടെ 10% ഇളവ് അനുവദിച്ചിട്ടുമുണ്ട്.

II) III/224 A – ആന്റ്.പി.ഐ, പാടത്ത് ഹൗസ്, തയ്യൂർ – 259.04 ച.മീ പാർപ്പിടത്തിന് തറ നിർമ്മിതിയുടെ അടിസ്ഥാനത്തിൽ 15% വർദ്ധനവ് വരുത്തിയിട്ടില്ല.

III) XII/3 B – സുരേഷ്, പുതുകുളങ്ങര ഹൗസ്, വേലൂർ – 22.78 ച.മീ വാണിജ്യ കെട്ടിടത്തിന് നികുതി നിശ്ചയിച്ചപ്പോൾ ദ്വിതീയ മേഖല എന്ന് രേഖപ്പെടുത്തി 10% ഇളവ് അനുവദിക്കുകയും 1.5 മീറ്ററിൽ കൂടുതൽ വഴി എന്ന് രേഖപ്പെടുത്തി വർദ്ധനവ് ഈടാക്കിയിട്ടുമില്ല. രേഖകൾ പ്രകാരം പഴയ പോസ്റ്റ് ഓഫീസ് വടക്കുമുറി റോഡ് പ്രഥമ മേഖലയിലാണ് (5 മീറ്റർ വഴി) ഉൾപ്പെട്ട് കാണുന്നത്. പ്ലാൻ പ്രകാരം 8.4 മീറ്റർ വഴി എന്നും കാണിച്ചിട്ടുണ്ട്.

IV) കെട്ടിടങ്ങൾക്ക് വസ്തുനികുതി ഈടാക്കുമ്പോൾ സ.ഉ. (എം.എസ്) നം. 231/15/തസ്വഭവ തീ.09/07/15 പ്രകാരം റവന്യൂ വകുപ്പിൽ ഒറ്റത്തവണ കെട്ടിട നികുതി അടവാക്കിയതിന്റെ രശീതി ഹാജരാക്കിയിട്ടില്ല. ആയത് ലഭ്യമാക്കിയതിന് ശേഷം മാത്രം നമ്പറിങ്ങ് നടത്തേണ്ടതാണ്.

ഇത് സംബന്ധിച്ച് ഓഡിറ്റ് അന്വേഷണം നം.20/14.12.2021 നൽകിയതിന്റെ അടിസ്ഥാനത്തിൽ ടാക്സ് റിവിഷൻ നടത്തിയതായി മറുപടിയിൽ അറിയിച്ചിട്ടുണ്ട്. ഇത്തരത്തിൽ നികുതി നഷ്ടസാദ്ധ്യത മറ്റ് ഫയലുകളിൽ സംഭവിച്ചിട്ടുണ്ടോ എന്ന് പരിശോധിക്കേണ്ടതും അപാകതകൾ ആവർത്തിക്കാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-18 നായ്ക്കൾക്ക് ലൈസൻസ് - അപാകതകൾ

പതിമൂന്നാം പഞ്ചവൽസര പദ്ധതി (2017-2022) ജനകീയാസൂത്രണം, വികസനമേഖല സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം ഗ്രാമപഞ്ചായത്തിൽ ലൈസൻസുള്ള 336 നായ്ക്കളും ലൈസൻസില്ലാത്ത 430 നായ്ക്കളും ഉള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ രജിസ്റ്റർ പ്രകാരം 2019-20 സാമ്പത്തിക വർഷത്തിൽ 31 എണ്ണത്തിനും 2020-21 വർഷത്തിൽ 17 എണ്ണത്തിനും മാത്രമാണ് ലൈസൻസ് എടുത്തിരിക്കുന്നത്.

പഞ്ചായത്തിന്റെ അടിസ്ഥാന രേഖയായ വികസനരേഖയും യഥാർത്ഥത്തിൽ ലൈസൻസ് എടുത്തിരിക്കുന്ന എണ്ണവും തമ്മിൽ വലിയ അന്തരമാണ് സംഭവിച്ചിരിക്കുന്നത്. ലൈസൻസ് പുതുക്കാത്തവർക്കായി ബോധവൽക്കരണം നടത്തേണ്ടതും കുത്തിവെപ്പ് നടത്തി ലൈസൻസ് എടുപ്പിക്കേണ്ടതുമാണ്. ഗ്രാമപഞ്ചായത്തിൽ തെരുവ് നായ്ക്കളുടെ എണ്ണം ഗണ്യമായ തോതിൽ ഉണ്ടെന്ന് റിപ്പോർട്ടിൽ കാണുന്നുണ്ടെങ്കിലും ആയതിന്റെ അടിസ്ഥാനത്തിൽ എ.ബി.സി പ്രോഗ്രാം നടപ്പാക്കിയിട്ടില്ല എന്നാണ് ഓഡിറ്റ് അന്വേഷണത്തിന് (നം.34/16.12.2021) മറുപടിയായി അറിയിച്ചിട്ടുള്ളത്.

പഞ്ചായത്തിന്റെ നിയന്ത്രണ അധികാരപരിധിയിൽ വരുന്ന ഇക്കാര്യത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-19 റോഡ് റിസ്റ്ററേഷൻ ചാർജ്ജ് ഈടാക്കിയതിലെ അപാകത

2020-21 സാമ്പത്തിക വർഷത്തിൽ റോഡ് റിസ്റ്ററേഷൻ ചാർജ്ജായി Reliance Jio യിൽ നിന്നും 3.8 Km നീളത്തിൽ, 'OT Method In Berm Portion With Trenches Of Width 0.50m And Depth Of 1.65mts' OFC കേബിൾ സ്ഥാപിക്കുന്നതിനായി 29,17,822/- രൂപ

ഈടാക്കിയിട്ടുണ്ട്. ചീഫ് എഞ്ചിനീയറുടെ (റോഡ്സ്) 22.05.2018 തീയതിയിലെ CE/R&B/GL-RC/1/2018, 30.03.2019 തീയതിയിലെ CE/R&B/GL-RC/2/2019 എന്നീ നമ്പർ സർക്കുലറുകൾ പ്രകാരം 'Restoration Width Should Be Calculated As 1.5 Times The Trench Width Excavated For Laying Pipes' എന്നാണ് അനുശാസിക്കുന്നത്. എന്നാൽ അത്തരത്തിൽ വിസ്തീർണ്ണം കണക്കാക്കിയല്ല തുക ഈടാക്കിയിട്ടുള്ളത്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 27/15.12.2021 നുള്ള മറുപടിയിൽ 30 സെ.മീ വീതിയിൽ മാത്രമാണ് Berm Cut ചെയ്യുന്നത് എന്നാണ് അറിയിച്ചിട്ടുള്ളത്. എന്നാൽ 15.11.2019 തീയതിയിൽ RJIL/OFC/ROW/NLD/7B/VELUR/PAN/7418 നമ്പറിൽ സ്ഥാപനം സമർപ്പിച്ച അപേക്ഷയിൽ 'OT Method In Berm Portion With Trenches Of Width 0.50m And Depth Of 1.65 Mts എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ആയതിനാൽ നിജസ്ഥിതി പരിഗണിച്ച് ഫീസിനത്തിൽ കുറവ് വന്നിട്ടുള്ളത് ഈടാക്കേണ്ടതാണ്.

## 1-20 വാടക - അപാകതകൾ

2019-20 വർഷത്തിൽ 14,520/- രൂപയാണ് വാടകയിനത്തിൽ ഡിമാന്റ് കാണുന്നത്. എന്നാൽ 2020-21 വർഷത്തിൽ 6,600/- രൂപ മാത്രമാണ് ഡിമാന്റ് ഇട്ടിട്ടുള്ളത്. ഈ തുക തന്നെ കളക്ഷനം കാണുന്നു. മുഴുവൻ മുറികളെയും ഡിമാന്റിൽ ഉൾപ്പെടുത്തിയിട്ടില്ല.
ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടിയായി മൂന്ന് കെട്ടിടങ്ങളാണ് വാടകയ്ക്ക് നൽകിയിരിക്കുന്നതെന്നും യഥാർത്ഥ ഡിമാന്റ് 20,520/- രൂപയാണ് എന്നും 5,350/- രൂപ തൻവർഷ കളക്ഷനായി ലഭിക്കുകയും 15,170/- രൂപ ബാലൻസ് ലഭിക്കുവാനുണ്ടെന്നും അറിയിച്ചിട്ടുണ്ട്. ലോക്ക് ഡൗൺ കാലയളവിൽ അടച്ചിട്ടിരുന്ന സ്ഥാപനങ്ങളായതിനാൽ വാടക ഈടാക്കാൻ സാധിച്ചിട്ടില്ല എന്നും കത്ത് മുഖാന്തിരം വാടക അടയ്ക്കുന്നതിനായി അറിയിപ്പ് നൽകിയിട്ടുണ്ടെന്നുമാണ് അറിയിച്ചിട്ടുള്ളത്. വാടകക്കാരുമായി ഏർപ്പെട്ട കരാർ പരിശോധനയ്ക്ക് ലഭ്യമാക്കുകയുണ്ടായില്ല.
വാടക രജിസ്റ്റർ കൃത്യമായി പരിപാലിക്കേണ്ടതും അതാത് വർഷം വാടകക്കാരുമായി കരാറിലേർപ്പെട്ട് വാർഷിക കണക്കിൽ ഡിമാന്റ് തുക രേഖപ്പെടുത്തേണ്ടതുമാണ്. കോവിഡ് കാലത്തെ വാടക ഇളവ് സംബന്ധിച്ച് സർക്കാർ ഉത്തരവുകൾക്കനുസൃതമായി ഭരണസമിതിയുടെ ഉചിതമായ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ മാത്രമേ നടപടി സ്വീകരിക്കാവൂ. ഇത് വാടക ഡിമാന്റ് രേഖപ്പെടുത്തുന്നതിനെ ബാധിക്കുന്നതല്ല. ഇക്കാര്യത്തിൽ ചുമതലപ്പെട്ട ഉദ്യോഗസ്ഥർ ശ്രദ്ധ പുലർത്തേണ്ടതാണ്.

## 1-21 ആംബുലൻസിന്റെ ലോഗ്ബുക്ക് - അപാകതകൾ

KL-48/B-8617 നമ്പറിലുള്ള മാരുതി ഓമ്നി ആംബുലൻസിന്റെ ലോഗ്ബുക്ക് പരിശോധിച്ചതിൽ കണ്ട അപാകതകൾ താഴെ ചേർക്കുന്നു.
1) 09.04.2020 തീയതി മുതലുള്ള രേഖപ്പെടുത്തലുകൾ വരുത്തിയ ലോഗ്ബുക്കാണ് പരിശോധനയ്ക്ക് ലഭ്യമാക്കിയത്. 2018-19 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ 10.01.2020 തീയതി വരെ മാത്രം രേഖപ്പെടുത്തലുകൾ നടത്തിയിരിക്കുന്ന ലോഗ്ബുക്കാണ് പരിശോധയ്ക്ക് ലഭ്യമായത് എന്ന് പരാമർശിച്ചിട്ടുണ്ട്. പ്രസ്തുത ലോഗ്ബുക്ക് ലഭ്യമാക്കുകയുണ്ടായില്ല.
2) പ്രതിമാസ സംക്ഷിപ്തം എഴുതി സൂക്ഷിക്കുന്നില്ല.
3) ഇന്ധനക്ഷമതാ പരിശോധന നടത്തിയതിന്റെ വിവരം ലഭ്യമല്ല.
4) വാഹന ഉപയോഗം സംബന്ധിച്ച സ.ഉ.(എം.എസ്)170/07 തസ്വഭവ തീ.30.06.2007 പ്രകാരം ലോഗ് ബുക്ക് വാഹന കസ്റ്റോഡിയൻ സാക്ഷ്യപ്പെടുത്തുന്നില്ല. അത് പോലെ തന്നെ ഇന്ധനം നിറയ്ക്കുമ്പോൾ ഫുൾടാങ്ക് നിറയ്ക്കുന്നതായോ കസ്റ്റോഡിയൻ ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തുന്നതായോ കാണുന്നില്ല.
5) 09.12.2020 മുതൽ 25.11.2021 വരെ വാഹനം Running Condition അല്ലാത്തതിനാൽ ഓടിയിട്ടില്ല എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ റിപ്പയർ & മെയിന്റനൻസ് വിവരങ്ങൾ ലോഗ്ബുക്കിൽ രേഖപ്പെടുത്തുകയോ ആയതിന് പ്രത്യേക രജിസ്റ്റർ സൂക്ഷിക്കുകയോ ചെയ്തിട്ടില്ല.
2018-19 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ അപാകതകളെല്ലാം പരാമർശിച്ചിരുന്നുവെങ്കിലും യാതൊരു നടപടിയും ഉണ്ടായിട്ടില്ല എന്നാണ് കാണുന്നത്. ഇക്കാര്യത്തിൽ ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ ശ്രദ്ധ പുലർത്തേണ്ടതാണ്.

## 1-22 വയോജനങ്ങൾക്ക് കട്ടിൽ - വയസ്സ് തെളിയിക്കുന്ന രേഖ ഹാജരാക്കിയില്ല

അസിസ്റ്റന്റ് സെക്രട്ടറി നടപ്പിലാക്കിയ 42/21 വയോജനങ്ങൾക്ക് കട്ടിൽ (എസ്.സി) പ്രോജക്ടിൽ 51 ഗുണഭോക്താക്കൾക്ക് കട്ടിലൊന്നിന് ₹4350 നിരക്കിൽ വൗച്ചർ നം.22001434/12.01.21 പ്രകാരം ₹34,800, വൗച്ചർ നം.22001433/12.01.21 പ്രകാരം ₹,108,750, വൗച്ചർ നം.22001456/16.02.21 പ്രകാരം ₹78,300 എന്നിങ്ങനെ ആകെ ₹2,21,850 ആർട്ട്കോ ലിമിറ്റഡ് കോഴിക്കോടിന് കൈമാറിയിട്ടുള്ളതുമാണ്. 14.02.2018ലെ സർക്കാർ ഉത്തരവ് (കൈ)നം.22/18/തസ്വഭവ. ഖ:7-1-13(2) പ്രകാരം 60 വയസ്സ് പൂർത്തീകരിച്ച വയോജനങ്ങൾക്കാണ് കട്ടിൽ അനുവദിക്കാവുന്നത്. പദ്ധതിയിലെ ഗുണഭോക്താവായ കാർത്ത്യായനി. വി.കെ. മുളയ്ക്കൽ ഹൗസ്, തോന്നല്ലൂർ എന്നവരുടെ വയസ്സ് തെളിയിക്കുന്ന രേഖ ഹാജരാക്കിയിട്ടില്ലാത്തതാണ്.
രേഖകളുടെ അഭാവത്തിൽ ഒരു കട്ടിലിന്റെ വിലയായ ₹4350/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.
(ഓഡിറ്റ് എൻക്വയറി നം.42/16.12.21)

## 1-23 സ്ട്രീറ്റ് ലൈറ്റിന്റെ വൈദ്യുതി ചാർജ്ജ് - സേവന ഉപനികുതി സാധ്യത പരിശോധിക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്ത്ഫണ്ടിൽ നിന്നും സ്ട്രീറ്റ് ലൈറ്റിന്റെ വൈദ്യുതിചാർജ്ജ് ആവശ്യത്തിലേക്കായി 2020-21 സാമ്പത്തികവർഷം താഴെപറയും പ്രകാരം കെ.എസ്.ഇ.ബി-യിലേക്ക് അടവാക്കിയിട്ടുണ്ട്.

| വൗച്ചർ നം. | തീയതി | തുക (രൂപ) | റിമാർക്സ് |
|---|---|---|---|
| 22000056 | 09.04.20 | 102755 | |

| | | | |
|---|---|---|---|
| 22000057 | 09.04.20 | 102755 | കുടിശ്ശിക |
| 22000063 | 17.04.20 | 87120 | |
| 22000132 | 18.05.20 | 16770 | |
| 22000145 | 21.05.20 | 102755 | |
| 22000158 | 28.05.20 | 93864 | |
| 22000165 | 29.05.20 | 12459 | |
| 22000208 | 19.06.20 | 78489 | |
| 22000210 | 19.06.20 | 43244 | |
| 22000241 | 25.06.20 | 137621 | |
| 22000279 | 06.07.20 | 3549 | |
| 22000287 | 10.07.20 | 8895 | |
| 22000305 | 16.07.20 | 75583 | |
| 22000401 | 12.08.20 | 98278 | |
| 22000420 | 17.08.20 | 8013 | |
| 22000447 | 24.08.20 | 39271 | |
| 22000500 | 11.09.20 | 75930 | |
| 22000509 | 16.09.20 | 22498 | |
| 22000608 | 23.10.20 | 99115 | |
| 22000609 | 23.10.20 | 15350 | |
| 22000610 | 23.10.20 | 18624 | |
| 22000657 | 13.11.20 | 83635 | |
| 22000698 | 25.11.20 | 18057 | |
| 22000699 | 25.11.20 | 4044 | |
| 22000747 | 04.12.20 | 7560 | |
| 22000761 | 18.12.20 | 26222 | |
| 22000776 | 22.12.20 | 94947 | |
| 22000843 | 12.01.21 | 87531 | |
| 22000925 | 15.02.21 | 102185 | |
| 22000926 | 15.02.21 | 5384 | |
| 22001018 | 26.02.21 | 18188 | |
| 22001073 | 02.03.21 | 41876 | |
| 22001110 | 08.03.21 | 8324 | |
| 22001111 | 08.03.21 | 78664 | |
| 22001135 | 10.03.21 | 14139 | |
| ആകെ | | 1833694 | |

മേൽ പട്ടികപ്പെടുത്തിയ പ്രകാരം, തെരുവ് വിളക്കുകൾക്ക് വൈദ്യുതി ചാർജ്ജ് ഇനത്തിൽ ഗ്രാമപഞ്ചായത്ത് 2020-21 സാമ്പത്തിക വർഷത്തിൽ ₹18,33,694/- രൂപ തനത് ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. ആയത് 2020-21 വർഷത്തെ ആകെ വസ്തുനികുതി ഡിമാന്റ് തുകയായ 47,45,788/-യുടെ 38.63% തുകയാണ്.

മേൽ വിവരിച്ച സാഹചര്യത്തിൽ താഴെ പറയുന്ന നിർദ്ദേശങ്ങൾ ഭരണസമിതിയുടെ പരിഗണനയ്ക്ക് ഓഡിറ്റ് സമർപ്പിക്കുന്നു.

I) 1994 ലെ പഞ്ചായത്ത് രാജ് നിയമം 200(2) വകുപ്പ് പ്രകാരം ഗ്രാമപഞ്ചായത്തിന് തെരുവ് വിളക്ക്, കുടിവെള്ള വിതരണ സേവനങ്ങൾ ഏർപ്പെടുത്തിയിടത്തെല്ലാം സേവന നികുതി ചുമത്താവുന്നതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 26 പ്രകാരം ഇപ്രകാരമുള്ള സേവനങ്ങൾക്ക് വസ്തുനികുതിയെ ആധാരമാക്കി സേവന ഉപനികുതി ചുമത്താവുന്നതിന് വ്യവസ്ഥപ്പെടുത്തിയിട്ടുണ്ട്. ആയതിനാൽ തെരുവ് വിളക്ക്, കുടിവെള്ള വിതരണ സേവനങ്ങൾ ഏർപ്പെടുത്തിയ പ്രദേശത്തിലോ/ ഏതെങ്കിലും പ്രദേശങ്ങളിലോ ചട്ടപ്രകാരം സേവന ഉപനികുതി പിരിയ്ക്കാവുന്നതിന്റെ സാധ്യത പരിശോധിക്കുന്നത് ഉചിതമായിരിക്കും.

## 1-24 വാട്ടർ ചാർജ്ജ് അടവാക്കൽ - സേവന ഉപനികുതി സാധ്യത പരിശോധിക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്ത്ഫണ്ടിൽ നിന്നും 2020-21 സാമ്പത്തികവർഷത്തിൽ വാട്ടർചാർജ്ജ് ആവശ്യത്തിലേക്കായി താഴെപറയും പ്രകാരം വാട്ടർഅതോറിറ്റിയിലേക്ക് അടവാക്കിയിട്ടുണ്ട്.

2020-21

| വൗച്ചർ നം./തീയതി | | തുക(രൂപ) |
|---|---|---|
| 22000076 | 30.04.20 | 154438 |
| 22000173 | 29.05.20 | 154438 |
| 22000284 | 06.07.20 | 154438 |
| 22000329 | 28.07.20 | 154438 |
| 22001341 | 24.08.20 | 154438 |
| 22001356 | 24.09.20 | 154438 |
| 22001362 | 21.10.20 | 154438 |
| 22000705 | 30.11.20 | 154438 |
| 22000779 | 22.12.20 | 154438 |
| 22000870 | 25.01.21 | 154438 |
| 22000966 | 23.02.21 | 154438 |
| 22001132 | 09.03.21 | 154438 |
| ആകെ | | 1853256 |

മേൽ പട്ടികപ്പെടുത്തിയ പ്രകാരം, കുടിവെള്ള വിതരണത്തിനായി ഗ്രാമപഞ്ചായത്ത് 2020-21 സാമ്പത്തിക വർഷത്തിൽ മൊത്തം 18,53,256 രൂപ തനത് ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. ആയത് 2020-21 വർഷത്തെ ആകെ വസ്തുനികുതി ഡിമാന്റ് തുകയായ 47,45,788/-യുടെ 39.05% ത്തോളം വരുന്ന തുകയാണ്.

മേൽ വിവരിച്ച സാഹചര്യത്തിൽ താഴെ പറയുന്ന നിർദ്ദേശങ്ങൾ ഭരണസമിതിയുടെ പരിഗണനയ്ക്ക് ഓഡിറ്റ് സമർപ്പിക്കുന്നു.

I) 1994 ലെ പഞ്ചായത്ത് രാജ് നിയമം 200(2) വകുപ്പ് പ്രകാരം ഗ്രാമപഞ്ചായത്തിന് തെരുവ് വിളക്ക്, കുടിവെള്ള വിതരണ സേവനങ്ങൾ ഏർപ്പെടുത്തിയിടത്തെല്ലാം സേവന നികുതി ചുമത്താവുന്നതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 26 പ്രകാരം ഇപ്രകാരമുള്ള സേവനങ്ങൾക്ക് വസ്തുനികുതിയെ ആധാരമാക്കി സേവന ഉപനികുതി ചുമത്താവുന്നതിന് വ്യവസ്ഥപ്പെടുത്തിയിട്ടുണ്ട്. ആയതിനാൽ തെരുവ് വിളക്ക്, കുടിവെള്ള വിതരണ സേവനങ്ങൾ ഏർപ്പെടുത്തിയ പ്രദേശത്തിലോ/ ഏതെങ്കിലും പ്രദേശങ്ങളിലോ ചട്ടപ്രകാരം സേവന ഉപനികുതി പിരിയ്ക്കാവുന്നതിന്റെ സാധ്യത പരിശോധിക്കുന്നത് ഉചിതമായിരിക്കും.

Ii) വാട്ടർ അതോറിറ്റിയുമായി ചേർന്ന് പൊതുടാപ്പുകളുടെ സംയുക്ത പരിശോധന നടത്തി പൊതുടാപ്പുകളുടെ എണ്ണത്തിൽ കൃത്യത വരുത്തേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം.38/16.12.21)

## 1-25 പത്ര പരസ്യം -സർക്കാർ നിർദ്ദേശപ്രകാരമുള്ള ഡിസ്ക്കൗണ്ട് ലഭ്യമായില്ല

ജി.ഒ (ആർ.ടി) 01/11 ഐ & പി.ആർ.ഡി തീ.04.01.2011, ജി.ഒ (ആർ.ടി) 288/14/ഐ & പി.ആർ.ഡി തീ. 10.09.2014 എന്നീ ഉത്തരവുകൾ പ്രകാരം ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് മുഖേനയോ, നേരിട്ടോ സർക്കാർ സ്ഥാപനങ്ങൾ, തദ്ദേശഭരണസ്ഥാപനങ്ങൾ എന്നിവർ വർത്തമാന പത്രങ്ങളിൽ പരസ്യം ചെയ്യുന്നതിന് 15% ഡിസ്ക്കൗണ്ട് അനുവദനീയമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിൽ 2020-21 വർഷത്തിൽ വിവിധ ആവശ്യങ്ങൾക്കായി പത്രങ്ങളിൽ പരസ്യം നൽകിയതിനുള്ള പരസ്യ ചാർജ് നൽകിയപ്പോൾ ഡിസ്കൗണ്ട് അനുവദിച്ചിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | വൗച്ചർ നം. | തിയതി | പത്ര സ്ഥാപനം | തുക |
|---|---|---|---|---|
| 1 | 22000041 | 06.04.20 | ദേശാഭിമാനി | 5796 |
| 2 | 22000042 | 06.04.20 | ദേശാഭിമാനി | 5796 |
| 3 | 22000064 | 18.04.20 | കേരള കൗമുദി | 5040 |
| 4 | 22000075 | 22.04.20 | ദേശാഭിമാനി | 5796 |
| 5 | 22000148 | 21.05.20 | ദേശാഭിമാനി | 6300 |
| 6 | 22000219 | 19.06.20 | ദേശാഭിമാനി | 6300 |
| 7 | 22000248 | 25.06.20 | ദേശാഭിമാനി | 6300 |
| 8 | 22000317 | 24.07.20 | ദേശാഭിമാനി | 5796 |
| 9 | 22000318 | 24.07.20 | ദേശാഭിമാനി | 5796 |
| 10 | 22000319 | 24.07.20 | ദേശാഭിമാനി | 5796 |
| 11 | 22000320 | 24.07.20 | ദേശാഭിമാനി | 6300 |
| 12 | 22000342 | 28.07.20 | ദേശാഭിമാനി | 6300 |
| 13 | 22000427 | 17.08.20 | ദേശാഭിമാനി | 6300 |
| 14 | 22000548 | 05.10.20 | ദേശാഭിമാനി | 6300 |

| | | | | |
|---|---|---|---|---|
| 15 | 22000549 | 05.10.20 | ദേശാഭിമാനി | 12600 |
| 16 | 22000614 | 23.10.20 | ദേശാഭിമാനി | 6300 |
| 17 | 22000684 | 20.11.20 | ദേശാഭിമാനി | 6300 |
| 18 | 22000854 | 18.1.21 | ദേശാഭിമാനി | 6300 |
| 19 | 22001095 | 04.03.21 | ദേശാഭിമാനി | 6300 |
| 20 | 22001096 | 04.03.21 | ദേശാഭിമാനി | 6300 |
| 21 | 22001097 | 04.03.21 | ദേശാഭിമാനി | 6300 |
| 22 | 22001098 | 04.03.21 | ദേശാഭിമാനി | 6300 |
| ആകെ | | | | 140616 |

സർക്കാർ മാർഗ്ഗനിർദ്ദേശ പ്രകാരമുള്ള 15% ഡിസ്‌ക്കൗണ്ട് അനുവദിച്ച് കിട്ടുന്നതിന് നടപടികളൊന്നും സ്വീകരിക്കാതിരുന്നതിന്റെ കാരണം വ്യക്തമാക്കേണ്ടതാണെന്ന് ആവശ്യപ്പെട്ടുകൊണ്ട് നല്കിയ (ഓഡിറ്റ് എൻക്വയറി നം.44/27.07.21) എൻക്വയറിയ്ക്ക് മറുപടി നൽകിയിട്ടില്ലാത്തതാണ്. മേൽ വിവരിച്ച പ്രകാരം സർക്കാർ ഉത്തരവിന് വിരുദ്ധമായി അധികമനുവദിച്ച തുക ബന്ധപ്പെട്ട സ്ഥാപനത്തിൽ നിന്നും തിരികെ ഈടാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുകയോ, ഭാവിയിൽ ഈ സ്ഥാപനങ്ങൾക്ക് അനുവദിക്കുന്ന ബിൽ തുകയിൽ നിന്ന് ക്രമീകരിക്കുന്നതിനോ നടപടികൾ ഉണ്ടാവേണ്ടതാണ്.

## 1-26 അഡ്വക്കേറ്റ് ഫീസ്-ആദായനികുതി ടി.ഡി.എസ്. ഈടാക്കിയിട്ടില്ല

പഞ്ചായത്തിന്റെ വിവിധ കേസുകൾക്കായി നിയമസഹായം ലഭ്യമാക്കിയതിനും നിയമോപദേശം ലഭ്യമാക്കുന്നതിനുമായി 2020-21 വർഷത്തിൽ അഡ്വ.പ്രേംചന്ദ് എന്നവർക്ക് താഴെ പറയും പ്രകാരം ഫീസ് നൽകിയിട്ടുണ്ട്.

| ക്രമ നം. | വൗച്ചർ നം. | തീയതി | തുക |
|---|---|---|---|
| 1 | 22000285 | 09.07.20 | 15000 |
| 2 | 22000286 | 09.07.20 | 7500 |
| 3 | 22000762 | 17.12.20 | 2500 |
| 4 | 22000763 | 17.12.20 | 15000 |
| 5 | 22001181 | 19.03.21 | 5000 |
| ആകെ | | | 45,000 |

1961 ലെ ആദായ നികുതി നിയമം സെക്ഷൻ 194ജെ പ്രകാരം ഒരു സാമ്പത്തിക വർഷത്തിലെ 30,000/- രൂപയിൽ അധികമാകുന്ന പ്രൊഫഷണൽ സേവനങ്ങൾക്ക് ടി.ഡി.എസ്. ഈടാക്കേണ്ടതാണ്. എന്നാൽ പ്രസ്തുത തുകയിൽ നിന്നും ആദായനികുതി ടി.ഡി.എസ്. ഈടാക്കിയിട്ടില്ല. ആദായ നികുതി ഈടാക്കാത്തതിന്റെ കാരണം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.
(ഓഡിറ്റ് എൻക്വയറി നം.40/16.12.21)

## 1-27 സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായ താഴെ പറയുന്ന പ്രോജക്ടുകളുടെ പൂർത്തീകരണ/വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയില്ല

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായ താഴെ പറയുന്ന പ്രോജക്ടുകളുടെ പൂർത്തീകരണ/വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ലാത്തതാണ്.

| ക്രമ നം. | പ്രോജക്ടിന്റെ പേരു വിവരം | ഫണ്ട് | തുക (₹) | നിർവ്വഹണ ഏജൻസി |
|---|---|---|---|---|
| 1 | 1/21 എസ്.എസ്.എ. വിഹിതം | വികസനഫണ്ട് (പൊതുവിഭാഗം സാധാരണ വിഹിതം) വൗച്ചർനം. 22001276/ 16.06.20 | 30,000 | ജില്ലാ പ്രോജക്ട് ഓഫീസർ സർവ്വ ശിക്ഷാ അഭിയാൻ, തൃശ്ശൂർ |
| 2 | 2/21 ഐ.കെ.എം. വിഹിതം നല്കൽ | വികസനഫണ്ട് (പൊതുവിഭാഗം സാധാരണ വിഹിതം) വൗച്ചർനം. 22001277/ | 80,840 | ഇൻഫർമേഷൻ കേരള മിഷൻ |

| | | | | |
|---|---|---|---|---|
| | | 16.06.20 | | |
| 3 | 143/21<br>കാൻ തൃശ്ശൂർ | വികസനഫണ്ട് (പൊതുവിഭാഗം സാധാരണ വിഹിതം)<br>വൗച്ചർനം. 22001558/ 29.03.21 | 50,000 | തൃശ്ശൂർ ജില്ലാ പഞ്ചായത്ത് |
| 4 | 283/21<br>പഞ്ചായത്തിന്റെ വിവിധ സ്ഥലങ്ങളിൽ പോസ്റ്റ് മാറ്റുന്നതിന്<br>(ആകെ തുക ₹55,671) | തനതുഫണ്ട്<br>വൗച്ചർനം. 22001101/ 06.03.21 | 10,774 | എ.ഇ. KSEB, കേച്ചേരി |
| | | തനതുഫണ്ട്<br>വൗച്ചർനം. 22000971/ 23.02.21 | 38,970 | എ.ഇ. KSEB, കുണ്ടന്നൂർ |
| | | തനതുഫണ്ട്<br>വൗച്ചർനം. 22000916/ 05.02.21 | 5,927 | എ.ഇ. KSEB, കേച്ചേരി |
| 5 | 298/21<br>പി.എം.എ.വൈ. വിഹിതം | തനതുഫണ്ട്<br>വൗച്ചർനം. 22000841/ 12.01.21 | 70,000 | ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി, ചൊവ്വന്നൂർ |

പൂർത്തീകരണ/വിനിയോഗ സാക്ഷ്യപത്രം നിർവ്വഹണ ഏജൻസികളിൽ നിന്നും ലഭ്യമാക്കി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം.26/15.12.21,43/16.12.21)

## 1-28 ഗുണഭോക്താക്കൾ ധനസഹായം ആദ്യ ഗഡു കൈപ്പറ്റിയെങ്കിലും നാളിതു വരെ പ്രവൃത്തി പൂർത്തിയാക്കിയിട്ടില്ല

2020-21 വർഷത്തിൽ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ വീട് വാസയോഗ്യമാക്കൽ പദ്ധതികളിൽ ഉൾപ്പെടുത്തിയ താഴെ പറയുന്ന ഗുണഭോക്താക്കൾ ധനസഹായം ആദ്യ ഗഡു കൈപ്പറ്റിയെങ്കിലും നാളിതു വരെ പ്രവൃത്തി പൂർത്തിയാക്കിയിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രൊജക്റ്റ് നമ്പറും പേരും | പേരും മേൽ വിലാസവും | വൗച്ചർ നം. / തീയതി | തുക |
|---|---|---|---|---|
| 1 | 16/21 വീട് വാസയോഗ്യമാക്കൽ (ജനറൽ) | വിജയൻ, ഞാറക്കാട്ട്,കിരാലൂർ | 22001147/ 12.03.2021 | 25,000/- |
| 2 | | സജിനി, കോൽത്താഴത്ത്, തയ്യൂർ | 22001147/ 12.03.2021 | 25,000/- |
| 3 | 17/21 വീട് വാസയോഗ്യമാക്കൽ (എസ്.സി) | ബിന്ദു, പാന്തറയിൽ, പുലിയന്നൂർ | 22001439/ 13.01.2021 | 50,000/- |

മേൽ ഗുണഭോക്താക്കളുടെ വീട് നിർമ്മാണം പൂർത്തീകരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചതിന്റെ വിശദാംശം അറിയിക്കേണ്ടതാണ്.

2) ലൈഫ് ഭവന നിർമ്മാണം (എസ്.സി) വിഭാഗത്തിൽ രജിസ്റ്റർ പ്രകാരം സുമതി.കെ.പി, പുല്ലോറ വീട്, കിരാലൂർ, വേലൂർ എന്ന ഗുണഭോക്താവിന് ആദ്യഗഡുവായ 40,000/-രൂപ 2018-19 ലും, രണ്ടാം ഗഡുവായ 1,60,000/-രൂപ 09.06.2019നും നൽകിയിട്ടുണ്ട്.എന്നാൽ പണിപൂർത്തീകരിച്ചതിന്റെ വിശദാംശം രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. ഭവനനിർമ്മാണം പൂർത്തീകരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചതിന്റെ വിശദാംശം അറിയിക്കേണ്ടതാണ്.
മേൽ ഗുണഭോക്താക്കൾ വീടു നിർമ്മാണ നടപടികൾ പൂർത്തീകരിക്കാത്ത പക്ഷം തുക തിരികെ ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. (എൻക്വയറി നം. 24/14.12.21)

## 1-29 പ്രത്യേക കന്നുകുട്ടി പരിപാലനം - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്

1) 34/21 പ്രത്യേക കന്നുകുട്ടി പരിപാലനം വനിത

വെറ്ററിനറി സർജൻ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതിയിൽ 50 കന്നുകുട്ടികൾക്കുള്ള കാലിത്തീറ്റയ്ക്കായി വൗച്ചർ നം.22001295/28.07.20 പ്രകാരം ₹6,25,000/- ഡെപ്യൂട്ടി ഡയറക്ടർ എസ്.എൽ.ബി.പി. തൃശ്ശൂരിന് നല്കിയിട്ടുള്ളതാണ്. പദ്ധതി പൂർത്തീകരിക്കുന്ന മുറയ്ക്ക് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

2) 40/21പ്രത്യേക കന്നുകുട്ടി പരിപാലനം പട്ടിക ജാതി വനിത

വെറ്ററിനറി സർജൻ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതിയിൽ 24 കന്നുകുട്ടികൾക്കുള്ള കാലിത്തീറ്റയ്ക്കായി വൗച്ചർ നം. 22001334/24.08.20 പ്രകാരം ₹2,50,000/-, 22001465/18.02.21 പ്രകാരം ₹47,500/-, 22000975/23.02.21 പ്രകാരം ₹2,500/- എന്നിങ്ങനെ ആകെ ₹3,00,000/-ഡെപ്യൂട്ടി ഡയറക്ടർ എസ്.എൽ.ബി.പി.തൃശ്ശൂരിന് നല്കിയിട്ടുള്ളതാണ്. പദ്ധതി പൂർത്തീകരിക്കുന്ന മുറയ്ക്ക് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്. പദ്ധതി പ്രകാരം കാലിത്തീറ്റ വിതരണം ചെയ്ത വേലൂർ- കുറുമാൽ ക്ഷീരോത്പാദക സഹകരണ സംഘത്തിന്റെ വിതരണ രജിസ്റ്റർ പരിശോധിച്ചതിൽ ശ്യാമിലി, കിരാലൂർ, ശാലിനി, കുറുമാൽ, സുജാത, കിരാലൂർ എന്നീ ഗുണഭോക്താക്കൾ സെപ്റ്റംബർ 2021 വരെ മാത്രമേ കാലിത്തീറ്റ കൈപ്പറ്റിയിട്ടുള്ളൂ. 2021 ഒക്ടോബർ, നവംബർ മാസങ്ങളിൽ കാലിത്തീറ്റ കൈപ്പറ്റിയതായി കാണുന്നില്ല. ഇപ്രകാരം കാലിത്തീറ്റ കൈപ്പറ്റാതെ പദ്ധതിയിൽ നിന്നും പുറത്തുപോകുന്ന ഗുണഭോക്താക്കൾക്കുവേണ്ടി അടവാക്കിയ പദ്ധതി വിഹിതം എസ്.എൽ.ബി.പി.യിൽ നിന്നും തിരികെ ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം.41/16.12.21)

## 1-30 പൗരാവകാശരേഖ പുതുക്കി കാലാനുസൃതമാക്കിയില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 272 എ (1) വകുപ്പ് പ്രകാരം ഓരോ പഞ്ചായത്തും പൗരൻമാർക്ക് ലഭ്യമാകുന്ന വിവിധ ഇനം സേവനങ്ങളേയും അവയുടെ വ്യവസ്ഥകളേയും അവ ലഭ്യമാകുന്ന സമയപരിധിയേയും സംബന്ധിച്ച് പൌരാവകാശരേഖ പ്രസിദ്ധപ്പെടുത്തേണ്ടതാണ്. പ്രസ്തുത നിയമത്തിലെ 272 എ (2) വകുപ്പ് പ്രകാരം പൗരാവകാശരേഖ വർഷത്തിൽ ഒരിക്കൽ പുതുക്കുകയും കാലാനുസൃതമാക്കുകയും ചെയ്യേണ്ടതാണ്. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 2ാം വകുപ്പിലെ നിർവ്വചന പ്രകാരം വർഷം എന്നാൽ സാമ്പത്തിക വർഷം എന്നാണ് അർത്ഥമാകുന്നത്. 2004 ലെ കേരള പഞ്ചായത്ത് രാജ് ( പൗരാവകാശരേഖ തയ്യാറാക്കൽ ) ചട്ടങ്ങളിലെ ചട്ടം 9 പ്രകാരം, പഞ്ചായത്ത് ചർച്ച ചെയ്ത് വേണം പൗരാവകാശരേഖ വാർഷികമായി പുതുക്കി കാലാനുസൃതമാക്കാൻ. 27.03.19 ലെ ഭരണസമിതി തീരുമാനപ്രകാരം പൗരാവകാശരേഖ പുതുക്കി പ്രസിദ്ധീകരിച്ച ശേഷം 2021 ഒക്ടോബറിൽ ആണ് പൗരാവകാശരേഖ പുതുക്കിയത് എന്നാണ് ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് ( എൻക്വയറി നംപർ 5/08.12.21) മറുപടി ലഭ്യമാക്കിയത്. അതായത് 2018-19 വർഷത്തിൽ പുതുക്കിയശേഷം 2021-22വർഷത്തിലാണ് പിന്നീട് പുതുക്കിയിട്ടുള്ളത് (2020-21 വർഷത്തിൽ കോവിഡ് കാരണം ഓഫീസ് പ്രവർത്തനം സുഗമമല്ലാത്തതിനാൽ പുതുക്കിയിട്ടില്ല എന്നാണ് അറിയിച്ചിട്ടുള്ളത്). നിയമവ്യവസ്ഥകൾ യഥാവിധി പാലിക്കേണ്ടതും പൗരാവകാശരേഖ വാർഷികമായി പുതുക്കി കാലാനുസൃതമാക്കേണ്ടതും അനിവാര്യമാണ്.

## 1-31 ഗ്രാമ പഞ്ചായത്തിലെ ദുരിതാശ്വാസ നിധി -- ചട്ടവ്യവസ്ഥകൾ പാലിക്കുന്നതിന് നടപടി ഉണ്ടാകേണ്ടതാണ്

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 166 ാം വകുപ്പ് പ്രകാരം, പ്രസ്തുത നിയമത്തിന്റെ മൂന്നാം പട്ടികയിൽ ഇനം തിരിച്ച് പറഞ്ഞിട്ടുള്ള കാര്യങ്ങളെ സംബന്ധിച്ച് ഗ്രാമ പഞ്ചായത്ത് പ്രദേശത്തെ താമസക്കാർക്ക് ആവശ്യമായ സേവനങ്ങൾ ചെയ്യേണ്ടത് ഗ്രാമ പഞ്ചായത്തിന്റെ കർത്തവ്യമാണ്.

ഇതേ നിയമത്തിലെ 177 ാം വകുപ്പ് പ്രകാരം ഒരു പഞ്ചായത്തിന്, അതിന്റെ ഫണ്ട് ഏതെല്ലാം ആവശ്യങ്ങൾക്ക് വേണ്ടി ഉപയോഗിക്കാമോ അങ്ങനെയുള്ള ആവശ്യങ്ങളിൽ ഏതെങ്കിലും മുമ്പോട്ടു കൊണ്ടുപോകുന്നതുമായി മാത്രം ബന്ധപ്പെട്ട സംഭാവനകളും ട്രസ്റ്റുകളും സ്വീകരിക്കാവുന്നതും അവ ആ ആവശ്യങ്ങൾക്കായി മാത്രം വിനിയോഗിക്കേണ്ടതുമാണ്.

ഈ വകുപ്പുകൾ നൽകിയ അധികാരം ഉപയോഗിച്ച് സംസ്ഥാന സർക്കാർ 2003 ൽ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങൾ പാസ്സാക്കിയിട്ടുള്ളതാണ്. പ്രസ്തുത ചട്ടപ്രകാരം (ചട്ടം 3 പ്രകാരം) ഗ്രാമ പഞ്ചായത്തിൽ ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടുണ്ടെങ്കിൽ വിവരം (പഞ്ചായത്ത് ഭരണസമിതി തീരുമാനം സഹിതം) ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം. 03/08.12.21) മറുപടി ലഭ്യമാക്കുകയുണ്ടായി. അതനുസരിച്ച് ഗ്രാമ പഞ്ചായത്തിൽ ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടുള്ളതായി അറിയിച്ചിട്ടുള്ളതാണ്.

2003 ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങളിലെ ചട്ടം 6 പ്രകാരം നിധിയെ സംബന്ധിച്ച എല്ലാ വരവുചെലവു കണക്കുകളും സെക്രട്ടറി മാസാമാസം ഗ്രാമ പഞ്ചായത്ത് യോഗത്തിൽ സമർപ്പിക്കേണ്ടതാണ്. എന്നാൽ അപ്രകാരം സമർപ്പിച്ചതായി രേഖകൾ ഇല്ലാത്തതാണ്. ചട്ടം 3 പ്രകാരം പ്രസ്തുത ഫണ്ട് ഗ്രാമ പഞ്ചായത്തിന്റെ മറ്റ് ഫണ്ടുകളിൽ നിന്ന് വേറിട്ട് സൂക്ഷിക്കുന്ന ഒന്നാണ്. ചട്ടം 6(2) പ്രകാരം നിധിയെ സംബന്ധിച്ച വരവുചെലവു കണക്കുകൾ കാലാകാലങ്ങളിൽ ഗ്രാമ പഞ്ചായത്തിന്റെ മറ്റ് വരവുചെലവുകളുടെ കാര്യത്തിലെന്നപോലെ അതേ രീതിയിൽ ഓഡിറ്റിന് വിധേയമാക്കേണ്ടതായുണ്ട്. എന്നാൽ ദുരിതാശ്വാസ നിധി സംബന്ധിച്ച വരവുചെലവു കണക്കുകൾ ഗ്രാമ പഞ്ചായത്ത് ഓഡിറ്റിന് ഹാജരാക്കുകയോ, അയച്ചുതരികയോ ചെയ്തിട്ടില്ലാത്തതാണ്.

അതായത്, ദുരിതാശ്വാസ നിധിയുടെ കണക്കുകൾ ചട്ടം 6(1) പ്രകാരം റിപ്പോർട്ട് ചെയ്യപ്പെടുകയോ, ചട്ടം 6(2) പ്രകാരം ഓഡിറ്റിന് വിധേയമാക്കുകയോ ചെയ്തിട്ടില്ലാത്തതാണ്. ചട്ടം 7 പ്രകാരം വിവരങ്ങൾ പരസ്യപ്പെടുത്തിയതിന് രേഖകൾ ഇല്ലാത്തതുമാണ്.

ഈ സാഹചര്യത്തിൽ ഗ്രാമ പഞ്ചായത്തിലെ ദുരിതാശ്വാസ നിധിയുടെ വിനിയോഗവും നിയന്ത്രണവും ചട്ടവ്യവസ്ഥകൾ പാലിച്ചുകൊണ്ടാകേണ്ടതുണ്ട്. ചട്ടവ്യവസ്ഥകൾ പാലിക്കാൻ ആവശ്യമായ തുടർ നടപടി ഉണ്ടാകേണ്ടതാണ്.

## 1-32 അസറ്റ് മാനേജ്മെന്റ് മാന്വൽ --- നിർദ്ദേശങ്ങൾ നടപ്പിലായില്ല

20.01.2017 ലെ ജി. ഒ (ആർ. ടി) നം. 166/17/എൽ. എസ്. ജി. ഡി ഉത്തരവ് പ്രകാരം തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെ അസറ്റ് മാനേജ്മെന്റ് മാന്വൽ സർക്കാർ അംഗീകരിക്കുകയുണ്ടായി. 2020-21 വർഷത്തേക്ക് ഇതുമായി ബന്ധപ്പെട്ട് താഴെ ചേർക്കുന്ന പ്രവർത്തനങ്ങൾ നടപ്പിലായോ എന്നത് സംബന്ധിച്ച് വ്യക്തത വരുത്തുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (എൻക്വയറി നം. 28 തീ. 15.12.21 ) നൽകിയിരുന്നെങ്കിലും മറുപടി ലഭിച്ചില്ല.

1) ഗ്രാമ പഞ്ചായത്തിൽ അസറ്റ് മാനേജ്മെന്റ് ആന്റ് മോണിറ്ററിംഗ് കമ്മിറ്റി (AMMC) നിലവിൽ വന്നിരുന്നോ? ഉണ്ടെങ്കിൽ നിലവിൽ വന്ന തീയതി, അതിന്റെ ഘടന സംബന്ധിച്ച വിശദവിവരം.

2) തുടർന്ന് ആന്വൽ സ്റ്റാറ്റസ് അസസ്സ്മെന്റ് ഓഫ് അസറ്റ്സ് കണ്ടീഷൻ (ASAAC) നിർവ്വഹിച്ച് റിപ്പോർട്ട് തയ്യാറാക്കിയിരുന്നോ? ഉണ്ടെങ്കിൽ വിശദവിവരം.

3) ഗ്രാമ പഞ്ചായത്ത് അസറ്റ് മാനേജ്മെന്റ് പ്ലാൻ (AMP) അംഗീകരിച്ചിരുന്നോ? ഉണ്ടെങ്കിൽ വിവരം.

4) മേൽ പ്രവർത്തനങ്ങളുടെ അഭാവത്തിൽ ഗ്രാമ പഞ്ചായത്ത് അതിന്റെ ആസ്തികളുടെ നിർമ്മാണം (സൃഷ്ടിക്കൽ), പരിപാലനം, കൈയൊഴിയൽ എന്നിവയുമായി ബന്ധപ്പെട്ട് 2020-21 വർഷത്തിൽ സ്വീകരിച്ച സമീപനരേഖ എപ്രകാരമുള്ളതായിരുന്നു.

ഗ്രാമപഞ്ചായത്ത് ഒരു അസറ്റ് മാനേജ്മെന്റ് പ്ലാൻ അംഗീകരിച്ചതായോ, അതിനുവേണ്ട നടപടികൾ സ്വീകരിച്ചതായോ പഞ്ചായത്തിന്റെ വിവിധ മിനട്സ് ബുക്കുകൾ പരിശോധിച്ചതിൽ കാണാൻ കഴിഞ്ഞില്ല. അതുകൊണ്ടുതന്നെ ഇപ്രകാരമുള്ള ഒരു സമീപനരേഖയുടെ അഭാവത്തിലാണ് ഗ്രാമ പഞ്ചായത്ത് അതിന്റെ ആസ്തികളുടെ നിർമ്മാണം (സൃഷ്ടിക്കൽ), പരിപാലനം, കൈയൊഴിയൽ എന്നിവയുമായി ബന്ധപ്പെട്ട് 2020-21 വർഷത്തിൽ പ്രവർത്തിച്ചതെന്നാണ് കാണുന്നത്. അസറ്റ് മാനേജ്മെന്റ് പ്ലാൻ ഉൾപ്പെടെയുള്ള ഒരു സമീപനരേഖ പഞ്ചായത്തിൽ അനിവാര്യമാകുന്ന ചില സാഹചര്യങ്ങൾ താഴെ ചേർക്കുന്നു.

(I) ഗ്രാമപഞ്ചായത്തിന്റെ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ 29.01.18 ലെ സ.ഉ(കൈ)നം.11/18/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം സർക്കാർ പുറപ്പെടുവിച്ചിരുന്നു. ഈ ഉത്തരവിലെ ഖണ്ഡിക 7.13 (12) പ്രകാരം, ഗുണമേന്മയുള്ളതും ഈടുറ്റതുമായ റോഡുകൾ പ്രോത്സാഹിപ്പിക്കുന്നതിന് ഓരോ തദ്ദേശ സ്വയംഭരണസ്ഥാപനവും ഒരു വാർഷിക പദ്ധതിയിൽ ഒരു റോഡെങ്കിലും 5 വർഷത്തെ ഗ്യാരന്റിയോടുകൂടി നടപ്പാക്കുന്നതിന് ശ്രമിക്കേണ്ടതാണ് എന്ന് നിർദ്ദേശിച്ചിട്ടുള്ളതാണ്. എന്നാൽ ഗ്രാമ പഞ്ചായത്തിന് ഇപ്രകാരമൊരു പ്രവർത്തനം നടപ്പാക്കാൻ കഴിഞ്ഞിട്ടില്ല.

(Ii) 26.05.20 ലെ പഞ്ചായത്ത് തീരുമാനം 4(1) താഴെ ചേർക്കുന്നു

"അസിസ്റ്റൻറ് എഞ്ചിനീയറുടെ 21/05/2020 ലെ 13/AE/LSGD/VLR/2020-21 നമ്പർ കത്ത് യോഗം പരിഗണിച്ചു. വേലൂർ ഗ്രാമപഞ്ചായത്തിലെ സ്പിൽഓവർ പദ്ധതിയായ 262/20 കുട്ടംകുളം റോഡിൽ CMLRRP യുടെ ഫണ്ട് വെച്ച് കാന ചെയ്യുന്നതിനാൽ ടി പദ്ധതിയിലെ കാന ഒഴിവാക്കി ടി തുക കുട്ടംകുളം റോഡിൻറെ Bylane റോഡിന് Irish ചെയ്യുന്നതിന് അടങ്കലിൽ മാറ്റമില്ലാതെ എസ്റ്റിമേറ്റ് ഭേദഗതി ചെയ്യുന്നതിന് അസി.എഞ്ചിനീയറെ ചുമതലപ്പെടുത്തി യോഗം അംഗീകരിച്ചു തീരുമാനിച്ചു."

(Iii) 26.05.20 ലെ പഞ്ചായത്ത് തീരുമാനം 4(2) താഴെ ചേർക്കുന്നു

"പ്രൊജക്റ്റ് നമ്പർ 65/ 21 പ്രകാരമുള്ള തലക്കോടൻ കനാൽ റോഡ് വാർഡ് നം. 15 , പ്രൊജക്റ്റ് നമ്പർ 52/21 പ്രകാരമുള്ള ഇപ്പവഴി വാർഡ് നം.3 എന്നീ പ്രോജക്ടുകളിൽ ടാറിങ് പ്രവർത്തിയാണ് ചെയ്യാൻ പ്രൊജക്റ്റ് തയ്യാറാക്കിയിരിക്കുന്നത് എന്നും എന്നാൽ വഴിക്ക് വീതി കുറവായതിനാൽ കോൺക്രീറ്റിംഗ് ചെയ്യുന്നതാണ് ഉത്തമം എന്നും ആയതിനാൽ ടി പ്രോജക്ടുകൾ ഭേദഗതി ചെയ്യണം എന്നും ആവശ്യപ്പെട്ടു നിർവ്വഹണ ഉദ്യോഗസ്ഥനായ LSGD അസി .എഞ്ചിനീയർ സമർപ്പിച്ച കത്ത് (Inward No.A6-2541/20 Dt.26/05 /2020)യോഗം പരിഗണിച്ചു. LSGD അസി .എഞ്ചിനീയറുടെ റിപ്പോർട്ട് പ്രകാരം ടി പദ്ധതികൾ കോൺക്രീറ്റിംഗ് പ്രവർത്തി ഉൾപ്പെടുത്തുന്നതിനായി ഭേദഗതി ചെയ്യുന്നതിനും DPC അംഗീകാരം തേടുന്നതിനും യോഗം തീരുമാനിച്ചു."

(Iv) 05.11.20 ലെ പഞ്ചായത്ത് തീരുമാനം 1(2) താഴെ ചേർക്കുന്നു

"കിടായിപ്പാടം കുടിവെള്ളപദ്ധതി പ്രകാരം (309/ 21 )പ്രവൃത്തിയുടെ വെള്ളം സംഭരിക്കുന്നതിന് KWA കടങ്ങോട് കുടിവെള്ള പദ്ധതിക്ക് പണിത ടാങ്ക് ഉപയോഗിക്കുന്നതിനാണ് വിഭാവനം ചെയ്തിരിക്കുന്നത് എന്നതിനാൽ ടി ടാങ്ക് വിട്ട് കിട്ടുന്നതിന് നടപടികൾക്കായി അസിസ്റ്റന്റ് എൻജിനീയർ 05 / 11/ 2020 തീയ്യതിയിലെ 80 / AE/ LSGD/ VLR/ 2020-21 നമ്പർ കത്ത് പ്രകാരം സമർപ്പിച്ചിട്ടുള്ളത് യോഗം പരിഗണിച്ചു. നഗരസഞ്ചയ പദ്ധതി പ്രകാരമുള്ള കിടായിപ്പാടം കുടിവെള്ളപദ്ധതിയുടെ നിർവ്വഹണത്തിനായി കേരള വാട്ടർ അതോറിറ്റിയുടെ ടാങ്ക് ഉപയോഗിക്കുന്നതിന് അനുവാദം നൽകുന്നതിന് കേരള വാട്ടർ അതോറിറ്റി അധികൃതരോട് അപേക്ഷിച്ച തീരുമാനിച്ചു."

മേൽ വിവരിച്ച സാഹചര്യത്തിൽ അസറ്റ് മാനേജ്മെന്റ് മാന്വൽ നിർദ്ദേശങ്ങൾ നടപ്പാക്കാൻ തുടർ നടപടി ഉറപ്പാക്കേണ്ടതും ആസ്തിരജിസ്റ്റർ കാലികമാക്കേണ്ടതുമാണ്.

## 1-33 മരാമത്ത് പണികൾ--പൊതുഅപാകതകൾ-സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി ആവശ്യമായ നിർദ്ദേശങ്ങൾ തേടി പരിഹരിക്കേണ്ടതാണ്

1997-ലെ കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങളിലെ ചട്ടം-18 പ്രകാരം, ചട്ടത്തിൽ പ്രത്യേകമായി പറഞ്ഞിട്ടുള്ള സംഗതികളിലൊഴികെ, പഞ്ചായത്തിൽ ഒരു പൊതുമരാമത്ത് പണിയുടെ നടപടിക്രമം സർക്കാരിന്റെ പൊതുമരാമത്ത് വകുപ്പിൽ തൽസമയം അനുവർത്തിച്ചുവരുന്ന നടപടിക്രമം തന്നെയാണ്.

01.02.2012-ലെ ജി.ഒ.(പി)നം.13/12/പിഡബ്ള്യുഡി – ഉത്തരവ് പ്രകാരം പുതുക്കിയ പിഡബ്ള്യുഡി മാന്വൽ സർക്കാർ അംഗീകരിക്കുകയുണ്ടായി. 17.10.2012-ലെ ജി.ഒ.(എം.എസ്) നം. 270/12/തസ്വഭവ-ഉത്തരവ് പ്രകാരം, പുതുക്കിയ പിഡബ്ള്യുഡി മാന്വൽ തദ്ദേശസ്വയംഭരണ വകുപ്പിന്റെ എൻജിനീയറിംഗ് വിഭാഗത്തിലും നടപ്പാക്കി ഉത്തരവായി.

17.04.2013-ലെ ജി.ഒ.(പി)നം. 36/13/പിഡബ്ള്യുഡി-ഉത്തരവ് പ്രകാരം പൊതുമരാമത്ത് വകുപ്പിൽ 01.10.13 മുതൽ CPWD DATA, SOR, NBC Guidelines, MORTH Specification എന്നിവ സ്വീകരിച്ച് ഉത്തരവായി. 07.05.2014-ലെ ജി.ഒ.(എം.എസ്)നം. 74/14/തസ്വഭവ-ഉത്തരവ് പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പിൽ CPWD, MORTH, MORD സ്പെസിഫിക്കേഷൻ നടപ്പിലാക്കുന്നതിന് വിശദമായ മാർഗ്ഗരേഖ പുറപ്പെടുവിക്കുകയുണ്ടായി.

24.08.2015-ലെ ജി.ഒ.(പി)നം. 375/15/ധന-ഉത്തരവ് പ്രകാരം എല്ലാ എൻജിനീയറിംഗ് വകുപ്പുകളിലേയും എസ്റ്റിമേറ്റ് തയ്യാറാക്കുന്നത് PRICE സോഫ്റ്റ്‌വെയർ മുഖേനയാകണമെന്ന് സർക്കാർ ഉത്തരവായിരുന്നു. തുടർന്ന് 03.11.2015-ലെ ജി.ഒ.(എം.എസ്)നം. 498/15/ധന-ഉത്തരവ് പ്രകാരം, ഇപ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് വിവിധവകുപ്പുകൾക്കായി സമയപരിധി അനുവദിച്ചും ഉത്തരവായിരുന്നു.

29.02.2016-ലെ ജി.ഒ.(പി)നം. 30/16/ധന-ഉത്തരവ് പ്രകാരം, ഗുണഭോക്തൃസമിതികൾ മുഖേന നടപ്പാക്കുന്ന പ്രവൃത്തികളിൽ കരാറുകാരന്റെ ലാഭവിഹിതം ഒഴിവാക്കാനും ഓവർഹെഡ്ചാർജ്ജസ് എസ്റ്റിമേറ്റിന്റെ 7.5% അനുവദിക്കാനും ഉത്തരവായിരുന്നു.

ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയ മരാമത്ത്പ്രവൃത്തികളുടെ എസ്റ്റിമേററ് തയ്യാറാക്കിയത് പരിശോധിച്ചപ്പോൾ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) PRICE സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയ ഡാറ്റയിൽ 10% ഓവർഹെഡ് ചാർജ്ജ് അനുവദിക്കുന്നു

07.05.2014-ലെ ജി.ഒ.(എം.എസ്)നം.74/14/തസ്വഭവ-ഉത്തരവ് പ്രകാരം ഡാറ്റയിൽ ആകെ CP&OH ആയി 15% അനുവദിക്കാനേ വ്യവസ്ഥ പെടുത്തിയിട്ടുള്ളൂ. ആയതിനാൽ LSGD PRICE സോഫ്റ്റ്‌വെയറിൽ 10% OH ഉം 10% CP ഉം അർഹതപ്പെടുത്തി അനുവദിച്ചുള്ള സർക്കാർഉത്തരവ് ഉണ്ടെങ്കിൽ ഹാജരാക്കാൻ ആവശ്യപ്പെട്ടിരുന്നെങ്കിലും ലഭ്യമാക്കിയില്ല. സർക്കാർഉത്തരവിന്റെ അഭാവത്തിൽ 10% CP യ്ക്ക് പുറമേ 10% ഓവർഹെഡ് ചാർജ്ജ് MORD DATA യിൽ അനുവദിക്കുന്നത് ക്രമത്തിലല്ല.

2) PRICE സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയ ഡാറ്റയിൽ 10% ഓവർഹെഡ് ചാർജ്ജിന് മുകളിലും 10% CP അനുവദിക്കുന്നു

DSR നിരക്കും, CPWD ഡാറ്റയോ മറ്റ് ഡാറ്റകളോ ഉപയോഗിച്ച് തയ്യാറാക്കുന്ന എസ്റ്റിമേറ്റിൽ 1% വാട്ടർചാർജ്ജും അതിനുപുറമേ CP&OH ആയി 15% ഉം അനുവദിക്കാനേ പിഡബ്ള്യുഡിമാന്വൽ, മേൽസൂചിപ്പിച്ച സർക്കാർഉത്തരവുകൾ എന്നിവ അനുവദിക്കുന്നുള്ളൂ. എന്നാൽ LSGD PRICE സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയ ഡാറ്റയിൽ 10% ഓവർഹെഡ് ചാർജ്ജിന് മുകളിലും 10% CP അനുവദിക്കുന്നുണ്ട്. ആയത് അർഹതപ്പെടുത്തി അനുവദിച്ച സർക്കാർ ഉത്തരവ് ഉണ്ടെങ്കിൽ ഹാജരാക്കാൻ ആവശ്യപ്പെട്ടിരുന്നു എങ്കിലും ലഭ്യമായില്ല. സർക്കാർ ഉത്തരവിന്റെ അഭാവത്തിൽ ഇപ്രകാരം അനുവദിച്ചത് ക്രമത്തിലല്ല.

മേൽ അപാകതകൾ കാരണം എസ്റ്റിമേറ്റ് തുക അനർഹമായി ഉയർന്ന് നിൽക്കുന്നുണ്ട്. അതുകൊണ്ടുതന്നെ അപാകതകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി ആവശ്യമായ നിർദ്ദേശങ്ങൾ തേടി പരിഹരിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം. 10/10.12.21.)

## 1-34 മരാമത്ത് പണികൾ-- മാന്വൽ വ്യവസ്ഥകളും, ചട്ടവ്യവസ്ഥകളും, നിർദ്ദേശങ്ങളും പാലിക്കപ്പെടുന്നില്ല.

1997-ലെ കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങളിലെ ചട്ടം-18 പ്രകാരം, ചട്ടത്തിൽ പ്രത്യേകമായി പറഞ്ഞിട്ടുള്ള സംഗതികളിലൊഴികെ, പഞ്ചായത്തിൽ ഒരു പൊതുമരാമത്ത് പണിയുടെ നടപടിക്രമം സർക്കാരിന്റെ പൊതുമരാമത്ത് വകുപ്പിൽ തൽസമയം അനുവർത്തിച്ചുവരുന്ന നടപടിക്രമം തന്നെയാണ്.

01.02.2012-ലെ ജി.ഒ.(പി)നം.13/12/പിഡബ്ള്യുഡി – ഉത്തരവ് പ്രകാരം പുതുക്കിയ പിഡബ്ള്യുഡി മാന്വൽ സർക്കാർ അംഗീകരിക്കുകയുണ്ടായി. 17.10.2012-ലെ ജി.ഒ.(എം.എസ്) നം.270/12/തസ്വഭവ-ഉത്തരവ് പ്രകാരം, പുതുക്കിയ പിഡബ്ള്യുഡി മാന്വൽ തദ്ദേശസ്വയംഭരണ വകുപ്പിന്റെ എൻജിനീയറിംഗ് വിഭാഗത്തിലും നടപ്പാക്കി ഉത്തരവായി.

17.04.2013-ലെ ജി.ഒ.(പി)നം.36/13/പിഡബ്ള്യുഡി-ഉത്തരവ് പ്രകാരം പൊതുമരാമത്ത് വകുപ്പിൽ 01.10.13 മുതൽ CPWD DATA, SOR, NBC Guidelines, MORTH Specification എന്നിവ സ്വീകരിച്ച് ഉത്തരവായി. 07.05.2014-ലെ ജി.ഒ.(എം.എസ്)നം.74/14/തസ്വഭവ-ഉത്തരവ് പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പിൽ CPWD, MORTH, MORD സ്പെസിഫിക്കേഷൻ നടപ്പിലാക്കുന്നതിന് വിശദമായ മാർഗ്ഗരേഖ പുറപ്പെടുവിക്കുകയുണ്ടായി.

ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയ മരാമത്ത്പ്രവൃത്തികളുടെ നടത്തിപ്പ് പരിശോധിച്ചപ്പോൾ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) പ്രവർത്തനകലണ്ടർ – കരാറുകാർ സമർപ്പിക്കുന്നില്ല

2012 ലെ പിഡബ്ള്യുഡി മാന്വൽ സെക്ഷൻ 2112 പ്രകാരം, കരാർ ഉറപ്പിക്കും മുൻപ് കരാറുകാരൻ ഒരു പ്രവർത്തനകലണ്ടർ തയ്യാറാക്കി സമർപ്പിക്കേണ്ടതുണ്ട്. ഈ പ്രവർത്തനകലണ്ടർ കരാറിന്റെ ഭാഗമാകുന്നതാണ്. എന്നാൽ ഇപ്രകാരം ഒരു പ്രവർത്തനകലണ്ടർ തയ്യാറാക്കി സമർപ്പിച്ചതായി മരാമത്ത് ഫയലുകളിൽ രേഖയില്ല.

2) പ്രവൃത്തിയുടെ കാലാവധി നീട്ടുന്നതിന് പിഴ ഈടാക്കാനുള്ള വ്യവസ്ഥ — കരാറിൽ ചേർത്തിട്ടുള്ളത് പുതുക്കിയ മാന്വൽ വ്യവസ്ഥ പ്രകാരമല്ല.

പുതുക്കിയ പിഡബ്ള്യുഡി മാന്വൽ പ്രകാരം പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കാതിരുന്നാൽ സ്വീകരിക്കേണ്ട നടപടികളും ഫൈൻ സംബന്ധിച്ച വ്യവസ്ഥകളും സെക്ഷൻ 2112, 2112.1 എന്നിവയിൽ വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. എന്നാൽ

ഗ്രാമപഞ്ചായത്തിൽ 2020-21 സാമ്പത്തികവർഷത്തിൽ നിർവ്വഹണം നടത്തിയ മരാമത്ത് പ്രവൃത്തികളിലെ കരാർ വ്യവസ്ഥകൾ പരിശോധിച്ചപ്പോൾ, ബന്ധപ്പെട്ട കരാറിൽ ഈ വ്യവസ്ഥകൾ ഉൾക്കൊള്ളിക്കുന്നതിനു പകരം പരിഷ്കരിച്ച മാന്വൽ പ്രയോഗത്തിൽ വരുന്നതിന് മുൻപേയുള്ള വ്യവസ്ഥകളാണ് ഉൾപ്പെടുത്തിയതായി കാണുന്നത്.

3) പൊതുമരാമത്ത് പണിയുടെ സംക്ഷിപ്തവിവരം ഗ്രാമസഭയിൽ വയ്ക്കുകയോ, ഡിസ്പ്ലേ ബോർഡുകൾ പ്രദർശിപ്പിക്കുകയോ ചെയ്തില്ല.

1997-ലെ കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങളിലെ ചട്ടം-17പ്രകാരം, പൊതുമരാമത്ത് പണിയുടെ സംക്ഷിപ്തവിവരം ഗ്രാമസഭയിൽ വയ്ക്കുകയും പണിസ്ഥലത്ത് പ്രദർശിപ്പിക്കുകയും ചെയ്യണമെന്ന് നിഷ്കർഷിക്കുന്നുണ്ട്. പ്രവൃത്തി പൂർത്തീകരിച്ചശേഷം പ്രവൃത്തി നടക്കുന്ന സ്ഥലത്ത് പ്രവൃത്തിയുടെ പേര്, വർഷം, ചെലവഴിച്ച തുക, ഫണ്ടിന്റെ ഇനം, തദ്ദേശഭരണ സ്ഥാപനത്തിന്റെ പേര് എന്നിവ പ്ലേക്കിൽ രേഖപ്പെടുത്തി പ്രദർശിപ്പിക്കണമെന്നും ഡിസ്പ്ലേ ബോർഡുകൾക്ക് വേണ്ട തുക എസ്റ്റിമേറ്റിൽ ഉൾപ്പെടുത്താവുന്നതാണെന്നും 29.01.2018 ലെ സ. ഉ(കൈ). നം. 11/18/ത.സ്വ.ഭ.വ ഖണ്ഡിക 13.5 പ്രകാരം നിർദ്ദേശിച്ചിട്ടുള്ളതാണ്.

മരാമത്ത് ഫയലുകളിൽ ഈ നിയമ വ്യവസ്ഥകൾ പാലിച്ചതായി രേഖകളൊന്നും സൂക്ഷിച്ചിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് അപാകതകൾ പരിഹരിക്കുവാൻ തുടർനടപടി സ്വീകരിക്കും എന്നാണ് അറിയിച്ചിട്ടുള്ളത്. മാന്വൽ വ്യവസ്ഥകളും, ചട്ടവ്യവസ്ഥകളും, നിർദ്ദേശങ്ങളും പാലിക്കുവാൻ സ്വീകരിച്ച തുടർനടപടിയുടെ പുരോഗതി ഈ റിപ്പോർട്ടിന്റെ പ്രഥമമറുപടിയിൽ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-35 നടപ്പാകാത്ത പ്രോജക്ടുകൾ --- മാന്വൽ വ്യവസ്ഥകൾ പാലിക്കുന്നതിന് തുടർനടപടി ഉണ്ടാകേണ്ടതാണ്.

കരാർ ഉടമ്പടിയിൽ ഏർപ്പെട്ട്, 2019-20, 2020-21വർഷങ്ങളിൽ സ്പിൽ ഓവർ ആയി ഉൾപ്പെടുത്തിയ താഴെ ചേർക്കുന്ന പ്രോജക്ടുകൾ 31.03.21 ൽ പൂർത്തീകരിച്ചിട്ടില്ലാത്തതിനാൽ ഇത് സംബന്ധിച്ച ഫയലുകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ് എന്ന് കാണിച്ച് ഓഡിറ്റ് എൻക്വയറി (ഓഡിറ്റ് എൻക്വയറി നംപർ 13/13.12.21) നല്കുകയുണ്ടായി.

| ക്രമ നമ്പർ | കരാർ നമ്പർ, തീയതി | പ്രവൃത്തിയുടെ പേര് | പ്രോജക്ട് നമ്പർ | കരാറുകാരൻ |
|---|---|---|---|---|
| 1 | 84/AE/LSGD /VLR/18-19/Dtd. 15.01.19 | പാത്രമംഗലം പുഴ കുളിക്കടവ് | 143/19, 200/20, 212/21 | ശ്രീ. വി.വി.ചാക്കുണ്ണി, വടക്കുടൻ ഹൗസ്, വെള്ളാറ്റഞ്ഞൂർ |
| 2 | 34/AE/LSGD /VLR/19-20/Dtd. 22.11.19 | വടക്കേകോളനി റോഡ് കോൺക്രീറ്റിംഗ് വാർഡ് 4 | 79/20, 217/21 | ശ്രീ. അഭിലാഷ്. പി. ജോർജ്ജ്, പുന്നപ്പുഴ ഹൗസ്, കിള്ളിമംഗലം |
| 3 | 71/AE/LSGD /VLR/19-20/Dtd. 29.04.20 | പഴയങ്ങാടി കുളം പുനരുദ്ധാരണം | 233/20, 232/21 | ശ്രീ. വി.വി.ചാക്കുണ്ണി, വടക്കുടൻ ഹൗസ്, വെള്ളാറ്റഞ്ഞൂർ |
| 4 | 11/AE/LSGD /VLR/2020-21/Dtd. 16.06.20 | തടയണക്കും വിവിധ വാർഡുകളിൽ ചീപ്പ് നിർമ്മിക്കുന്നതിനും | 66/20, 216/21 | ശ്രീ. നന്ദനൻ. എം, മരുന്നംകാട്ടിൽ ഹൗസ്, തയ്യൂർ |
| 5 | 06/AE/LSGD /VLR/2020-21/Dtd. 16.06.20 | കിരാലൂർ താമരത്തിരുത്തി കുടിവെള്ള പദ്ധതി | 277/20, 249/21 | ശ്രീ. നന്ദനൻ. എം, മരുന്നംകാട്ടിൽ ഹൗസ്, തയ്യൂർ |

പ്രസ്തുത എൻക്വയറിക്ക് അസിസ്റ്റന്റ് എഞ്ചിനീയർ ലഭ്യമാക്കിയ മറുപടിപ്രകാരം "പാത്രമംഗലം പുഴ കുളിക്കടവ്" എന്ന പ്രവൃത്തി എഞ്ചിനീയറുടെ കാര്യാലയത്തിൽ നിന്നും 03/05/21 ന് നൽകിയ ക്യാൻസൽ ചെയ്യേണ്ട പ്രവൃത്തികളുടെ ലിസ്റ്റിൽ ഉൾപ്പെടുത്തി നൽകിയതിനെ തുടർന്ന് 05/05/21 ന് ഭരണസമിതി തീരുമാനപ്രകാരം ക്യാൻസൽ ചെയ്തതായാണ് അറിയിച്ചത് (എന്ത് കാരണത്താലാണ് പ്രവൃത്തി ക്യാൻസൽ ചെയ്യാൻ എഞ്ചിനീയർ ശുപാർശ ചെയ്തതെന്ന് അറിയിച്ചിട്ടില്ലാത്തതാണ്). "വടക്കേകോളനി റോഡ് കോൺക്രീറ്റിംഗ് വാർഡ് 4" എന്ന പ്രവൃത്തിയുടെ ഫയൽ പരിശോധനക്ക് ലഭിച്ചില്ല. "പഴയങ്ങാടി കുളം പുനരുദ്ധാരണം" എന്ന പ്രവൃത്തി 2021 ഏപ്രിൽ മാസത്തിൽ ആരംഭിച്ചെങ്കിലും മഴ കാരണം പ്രവൃത്തി പൂർത്തീകരിക്കാൻ കഴിഞ്ഞില്ല എന്നും കരാറുകാരൻ മരണപ്പെട്ടതിനാൽ ബാക്കി ഭാഗം ടെണ്ടർ ചെയ്യുന്നതിന് 01.11.21 ന് ഭരണസമിതി തീരുമാനം എടുത്തിട്ടുണ്ടെന്നുമാണ് അറിയിച്ചിട്ടുള്ളത്

(അതായത് കരാർ വെച്ച് ഏകദേശം ഒരു വർഷം കഴിഞ്ഞാണ് പ്രവൃത്തി ആരംഭിച്ചതായി തന്നെ അറിയിച്ചിട്ടുള്ളത്). "തടയണക്കും വിവിധ വാർഡുകളിൽ ചീപ്പ് നിർമ്മിക്കുന്നതിനും" എന്ന പ്രവൃത്തി മഴ കാരണം ആരംഭിക്കാൻ സാധിച്ചില്ലെന്നും, നിലവിൽ എസ്റ്റിമേറ്റ് എടുത്ത സ്ഥലത്ത് പ്രവൃത്തി ആരംഭിക്കുന്നതിനായി ചെന്നപ്പോൾ സ്ഥലത്തെ ചൊല്ലി തർക്കം ഉണ്ടായതിനാൽ നിലവിലെ സ്ഥലത്തു നിന്നും പ്രവൃത്തി മാറ്റുന്നതിനും എസ്റ്റിമേറ്റ് റിവൈസ് ചെയ്യുന്നതിനും 07/07/21 ൽ ഭരണസമിതി തീരുമാനിച്ചിട്ടുണ്ടെന്നുമാണ് അറിയിച്ചിട്ടുള്ളത് (എസ്റ്റിമേറ്റുകൾ തയ്യാറാക്കുമ്പോൾ പാലിക്കേണ്ട 2012 ലെ PWD Manualസെക്ഷൻ 1601.1.1 ലെ വ്യവസ്ഥകൾ പാലിച്ചില്ലെന്നാണ് ഇത് സൂചിപ്പിക്കുന്നത്). "കിരാലൂർ താമരത്തിരുത്തി കുടിവെള്ള പദ്ധതി" എന്ന പ്രവൃത്തിയുടെ ഇലക്ട്രിക്കൽ പ്രവൃത്തികൾ നടന്നുകൊണ്ടിരിക്കുന്നു എന്നാണ് അറിയിച്ചിട്ടുള്ളത്( എന്നാൽ പ്രവൃത്തി പൂർത്തീകരിക്കാത്തതിന്റെ കാരണം അറിയിച്ചിട്ടില്ലാത്തതാണ്).

2012 ലെ പി.ഡബ്ല്യൂ.ഡി മാന്വൽ സെക്ഷൻ 2102.1 പ്രകാരം കരാറിൽ ഏർപ്പെട്ട് 10 ദിവസത്തിനകം കരാറുകാരൻ സൈറ്റ് ഏറ്റെടുക്കേണ്ടതും പ്രവൃത്തി ആരംഭിക്കേണ്ടതും ആണ്. കരാറുകാരൻ ഹാജരാകാത്ത പക്ഷം, കരാറുകാരന് സൈറ്റ് കൈമാറുന്നതിനായി എഞ്ചിനീയർ രജിസ്റ്റേഡ് പോസ്റ്റായി സൈറ്റ് കൈമാറാനുള്ള ഫോറം അയച്ചു കൊടുത്താൽ മതിയാകുന്നതും ആയത് പോസ്റ്റ് ചെയ്ത തീയതിക്ക് കരാറുകാരൻ സൈറ്റ് ഏറ്റെടുത്തതായി കണക്കാക്കുന്നതുമാണ്. ലഭ്യമാക്കിയ ഫയലുകളിൽ ഇപ്രകാരമുള്ള നടപടിക്രമം പാലിച്ചതായി ഉറപ്പാക്കത്തക്ക രേഖകൾ സൂക്ഷിച്ചിട്ടില്ലാത്തതാണ്. 2012 ലെ പി. ഡബ്ല്യൂ. ഡി മാന്വൽ സെക്ഷൻ 2116.1 പ്രകാരം കരാർ അവസാനിപ്പിച്ച്, ചെയ്തു തീർക്കാനുള്ള പ്രവൃത്തിയുടെ 30% - ത്തിന് തുല്യമായ തുക കരാറുകാരനിൽ നിന്നും ഇ. എം. ഡി/സെക്യൂരിറ്റി ഡെപ്പോസിറ്റ് ഉടങ്ങിയവയിൽ നിന്നും ഈടാക്കണമെന്ന സെക്ഷൻ 2116.2.1 പ്രകാരമുള്ള നിയമവ്യവസ്ഥയും പാലിച്ചിട്ടില്ല.

2012 ലെ പി. ഡബ്ല്യൂ. ഡി മാന്വൽ വ്യവസ്ഥകൾ യഥാസമയം പാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിനും, പ്രോജക്റ്റുകൾ ഇപ്രകാരം യഥാസമയം പൂർത്തീകരിക്കപ്പെടാതെ പോകുന്നത് ഒഴിവാക്കാൻ അസറ്റ് മാനേജ്മെന്റ് മാന്വൽ വ്യവസ്ഥകൾ പ്രകാരം കൃത്യമായ അസറ്റ് മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കുന്നതിനും തുടർ നടപടി ഉണ്ടാകേണ്ടതുണ്ട്.

## 1-36 ജി.എസ്.ടി നിയമപ്രകാരമുള്ള ഇൻവോയ്സ് ഹാജരാക്കാതെ ബിൽ തുക അനുവദിച്ചു.

പദ്ധതി പ്രവർത്തനങ്ങളിൽ കരാറുകാർക്ക് 12% ജി.എസ്.ടി വിഹിതം അനുവദിച്ച് നൽകിയതിന് ചില ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു. എന്നാൽ ബിൽ തുക 2.5 ലക്ഷത്തിൽ താഴെയായതിനാൽ തുക അനുവദിക്കുമ്പോൾ ഉത്ഭവസ്ഥാനത്ത് നിന്നും ജി.എസ്.ടി കിഴിവ് വരുത്തിയിട്ടില്ല. പ്രസ്തുത കരാറുകാർ ജി.എസ്.ടി നിയമത്തിലെ 31-ാം വകുപ്പ് പ്രകാരമുള്ള ഇൻവോയ്സ് സ്ഥാപനത്തിന് നൽകിയിട്ടില്ല. ഇൻവോയ്സിന്റെ അഭാവത്തിൽ ബിൽ തുക അനുവദിച്ചത് ക്രമത്തിലല്ല. ആയതിന് മറുപടി ലഭ്യമാക്കേണ്ടതാണ്. വ്യക്തമായ മറുപടിയുടെ അഭാവത്തിൽ വിഷയം ജി.എസ്.ടി വകുപ്പിന്റെ ശ്രദ്ധയിൽ പെടുത്തുന്നതാണ്.

| പ്രൊജക്റ്റ് നം. | പ്രൊജക്റ്റ് | കരാറുകാരൻ | മൂല്യനിർണ്ണയം (12% GST ഉൾപ്പടെ) | വൌച്ചർ/ചെക്ക് നമ്പർ നം./തീയതി | തുക |
|---|---|---|---|---|---|
| 174/21 | വള്ളിപ്പെറ്റ ഉറുക്കണ്ട് (കൾവെർട്ട്) വാർഡ് 5 | ശ്രീ.ഇ.എസ്.വിൽസൻ | 178036 | 22001211/12.04.20 | 178036 |
| 176/21 | വെള്ളാറ്റഞ്ഞൂർ നമ്പീശൻപടി റോഡ് റീടാറിങ്ങ് വാർഡ് 13 | ശ്രീ. വി.വി.ചാക്കുണ്ണി | 195975 | 22001213/12.04.20 | 195975 |
| 165/21 | ചേർന്തല റോഡ് റീടാറിങ്ങ് വാർഡ് 12 | ശ്രീ. സന്തോഷ്.പി | 179458 | 22001225/12.04.20 | 179458 |
| 178/21 | പുലിയന്നൂർ റൈസ് മിൽ റോഡ് വാർഡ് 17 | ശ്രീ.ഇ.എസ്.വിൽസൻ | 227998 | 22001221/12.04.20 | 227998 |
| 180/21 | കുറ്റിക്കാട് ലാസർ വഴി മെറ്റലിങ്ങ് ടാറിങ്ങ് വാർഡ് 16 | ശ്രീ.ഇ.എസ്.വിൽസൻ | 133496 | 22001219/12.04.20 | 133496 |
| 170/21 | കിരാലൂർ പള്ളി ആറംമ്പുള്ളി റോഡ് | ശ്രീ.ഇ.എസ്.വിൽസൻ | 130237 | 22001222/12.04.20 | 130237 |

| | | | | | |
|---|---|---|---|---|---|
| | വാർഡ് 9 | | | | |
| 182/21 | തയ്യൂർ സ്കൂൾ കോട്ടപ്പുറം റോഡ് (കാന) വാർഡ് 3 | ശ്രീ. നന്ദനൻ.എം | 249473 | 22001232/12.04.20 | 249473 |

(ഓഡിറ്റ് എൻക്വയറി നം.32/16.12.21)

## 1-37 GST Compensation ഇനത്തിൽ അനർഹമായി തുക അനുവദിച്ച് നൽകി

2020-21 സാമ്പത്തിക വർഷത്തിൽ വൗച്ചർ നംപർ 22001297/06.08.20 പ്രകാരം 7,29,648 രൂപ (MG R) GST Compensation ഇനത്തിൽ താഴെ ചേർക്കും വിധം വിവിധ കരാറുകാർക്ക് അനുവദിച്ചിട്ടുണ്ട്.

| കരാറുകാരന്റെ പേര് | തുക (രൂപയിൽ) |
|---|---|
| നന്ദനൻ. എം | 690249 |
| അനിരുദ്ധൻ.ടി.വി | 16929 |
| ചാക്കുണ്ണി. വി.വി | 22470 |

ഇത് സംബന്ധിച്ച് എഞ്ചിനീയർ ലഭ്യമാക്കിയ സ്റ്റേറ്റ്മെന്റ് പരിശോധിച്ചപ്പോൾ മുൻ സാമ്പത്തിക വർഷങ്ങളിൽ നിർവ്വഹിക്കപ്പെട്ട പ്രവൃത്തികൾക്ക് 01.11.17 ലെ സ. ഉ(പി)നം. 87/17/തസ്വഭവ പ്രകാരം GST Compensation അനുവദിച്ച് നൽകിയതായാണ് കാണുന്നത് (ഏതൊക്കെ പ്രവൃത്തികൾക്ക്, ഏത് നിരക്കിൽ എന്നത് സംബന്ധിച്ചൊന്നും വിശദമായ ഉത്തരവ് വൗച്ചറിനൊപ്പം ഇല്ലാത്തതാണ്).

01.07.2017 മുതൽ ജി.എസ്.ടി ചട്ടങ്ങൾ നടപ്പിലായതിനെ തുടർന്ന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം സംബന്ധിച്ച് 01.11.17 ലെ സ. ഉ(പി)നം. 87/17/തസ്വഭവ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. പ്രസ്തുത ഉത്തരവിലെ ഖണ്ഡിക (3) പ്രകാരം DSR പ്രകാരമുള്ള എസ്റ്റിമേറ്റ് നിരക്കുകൾ വിശകലനം ചെയ്ത് Additional Tax Burden On Works Awarded At Pre GST Tax Rates കണക്കാക്കി GST Compensation കണക്കാക്കിയിട്ടുണ്ട്. ഇപ്രകാരം കണക്കാക്കിയ GST Compensation അതാത് പ്രവൃത്തികൾക്ക് നൽകാവുന്നതാണ് എന്ന് ഖണ്ഡിക (4) ൽ വ്യക്തമാക്കിയിട്ടുണ്ട്. പ്രസ്തുത ഖണ്ഡികയിലെ (ഖണ്ഡിക(4)) നിർദ്ദേശപ്രകാരം, പ്രവൃത്തികളിൽ ഖണ്ഡിക (3) ലെ പട്ടികയിൽ വ്യക്തമാക്കിയ വിവിധ ഇനങ്ങൾ കൂട്ടിച്ചേർത്ത് വരികയാണെങ്കിൽ ഈ ഇനങ്ങളിലെ ഏറ്റവും കൂടുതൽ അടങ്കൽ തുക വരുന്ന ഇനത്തിന്റെ GST Compensation ആണ് നൽകേണ്ടത് എന്നും വ്യക്തമാക്കിയിട്ടുണ്ട്.

01.11.17 ലെ സ. ഉ(പി)നം. 87/17/തസ്വഭവ ഉത്തരവിലെ ഖണ്ഡിക (3) ലെ രേഖപ്പെടുത്തൽ പ്രകാരം Bituminous Road Work (Bitumen Contractor Supply) ന് നൽകേണ്ട GST Compensation ആയ 3% തുക എത്തിച്ചേർന്നിട്ടുള്ളത് 10.04.17 ലെ സർക്കുലർ നം. CE/R&B /PRICE/6725/15 ൽ ഉൾപ്പെടുത്തിയ ബിറ്റുമിന്റെ നിരക്ക് വെച്ചാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. അതായത്, ഈ സർക്കുലർ നിർദ്ദേശത്തിൽ ഉൾപ്പെടുത്തിയ ബിറ്റുമിന്റെ നിരക്കിലല്ല എസ്റ്റിമേറ്റ് തയ്യാറാക്കിയതെങ്കിൽ മേൽ വ്യക്തമാക്കിയ GST Compensation ന് അർഹത നഷ്ടപ്പെടുന്നു. പ്രസ്തുത സർക്കുലർ പ്രകാരം 2017-18 സാമ്പത്തിക വർഷത്തിലെ ഏപ്രിൽ മുതൽ സപ്തംബർ വരെയുള്ള ബിറ്റുമിൻ നിരക്കാണ് നിശ്ചയിച്ച് ഉത്തരവായിട്ടുള്ളത്. 2017-18 സാമ്പത്തിക വർഷത്തിലെ ഒക്ടോബർ മുതൽ മാർച്ച് വരെയുള്ള ബിറ്റുമിന്റെ നിരക്ക് 09.10.17 ലെ സർക്കുലർ നം. CE/R&B/PRICE/6725/15 പ്രകാരവും, 2018-19 സാമ്പത്തിക വർഷത്തിലെ ഏപ്രിൽ മുതൽ സപ്തംബർ വരെയുള്ള ബിറ്റുമിൻ നിരക്ക് 04.04.18 ലെ സർക്കുലർ നം. CE/R&B/PRICE/6725/15 പ്രകാരവും പുതുക്കി നിശ്ചയിച്ചിട്ടുള്ളതും ആണ്. ഇപ്രകാരം പുതുക്കി നിശ്ചയിച്ചപ്പോൾ ബിറ്റുമിന്റെ നിരക്ക് GST സഹിതമാണ് പുതുക്കി നിശ്ചയിച്ചിട്ടുള്ളത്. ഈ സർക്കുലർ നിർദ്ദേശത്തിൽ ഉൾപ്പെട്ട SS1 Emulsion, Emulsion RS1 Packed, Bitumen VG30 Packed എന്നിവയുടെ നിരക്കുകൾ പ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതികാനുമതി നൽകിയ താഴെ ചേർക്കുന്ന പ്രവൃത്തികൾക്ക് മേൽ വിവരിച്ച കാരണങ്ങൾ കൊണ്ടുതന്നെ 01.11.17 ലെ സ. ഉ(പി)നം. 87/17/തസ്വഭവ ഉത്തരവ് പ്രകാരം നിശ്ചയിച്ച GST Compensation ന് അർഹതയില്ലാത്തതാണ്.

മേൽ വിവരിച്ച കാരണങ്ങളാൽ അനർഹമായി GST Compensation അനുവദിച്ച് നൽകിയ വിവിധ പ്രവൃത്തികൾ താഴെ പട്ടികപ്പെടുത്തുന്നു.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ, പ്രോജക്ട് | പ്രവൃത്തിയുടെ സാങ്കേതികാനുമതി ഉത്തരവ് | GST Compensation | കരാറുകാരൻ |
|---|---|---|---|---|
| 1 | 58/19 അരിസോണ കുറ്റമ്മ റോഡ് | LSGD/TS/2018-19 /56187 Dtd. 21.05.18 | 4973 | ചാക്കുണ്ണി.വി.വി |
| 2 | 55/19 പുത്തുക്കര മണിമലർക്കാവ് റോഡ് | LSGD/TS/2018-19 /33464 Dtd. 22.05.18 | 14061 | ചാക്കുണ്ണി. വി.വി |
| 3 | 109/19 മാള റോഡ് | LSGD/TS/2018-19 /98991 Dtd. 03.07.18 | 3436 | ചാക്കുണ്ണി.വി.വി |

| | | | | |
|---|---|---|---|---|
| 4 | 86/18 പഴയ പമ്പ് ഹൗസ് റോഡ് മെറ്റലിങ്ങ് ടാറിംഗ് | LSGD/TS/2017-18 /59266 Dtd. 22.11.17 | 4200 | ശ്രീ.നന്ദനൻ.എം |
| 5 | 84/18 പഴവൂർ എടക്കുനി റോഡ് റീ ടാറിങ്ങ് | LSGD/TS /2017-18/8600 Dtd. 24.02.18 | 3279 | " |
| 6 | 68/19 പഴവൂർ കിഴക്കെ കോളനി റോഡ് റീ ടാറിംഗ് | LSGD/TS/2018-19 /87915 Dtd. 30.06.18 | 18470 | " |
| 7 | 52/19 പുത്തനങ്ങാടി കുറുമാൽ റോഡ് റീടാറിങ്ങ് | LSGD/TS/2018-19 /33436 Dtd. 22.05.18 | 9206 | " |
| 8 | 76/19 വായനശാല കനാൽ റോഡ് റീടാറിങ്ങ് | LSGD/TS/2018-19 /83744 Dtd. 20.06.18 | 8400 | " |
| 9 | 121/19 ചാത്തൻകുളം റോഡ് മെറ്റലിങ്ങ് ടാറിങ്ങ് | LSGD/TS/2018-19 /74794 Dtd. 06.06.18 | 4796 | " |
| 10 | 73/18 മഹിളാ സമാജം റോഡ് റീടാറിങ്ങ് | LSGD/TS /2017-18/8807 Dtd. 23.02.18 | 1889 | " |
| 11 | 72/18 ഖാദി റോഡ് റീടാറിങ്ങ് | LSGD/TS /2017-18/8851 Dtd. 23.02.18 | 2030 | " |
| 12 | 49/19 കുറുമാൽ അമ്പലം റോഡ് റീടാറിങ്ങ് | LSGD/TS/2018-19 /32896 Dtd. 22.05.18 | 6166 | " |
| 13 | 94/19 തിരുത്ത് റോഡ് മെറ്റലിങ്ങ് ടാറിങ്ങ് | LSGD/TS/2018-19 /32941 Dtd. 25.05.18 | 6990 | " |
| 14 | 93/19 പാറപ്പുറം താഴിശ്ശേരി റോഡ് | LSGD/TS/2018-19 /62493 Dtd. 16.06.18 | 23152 | " |
| 15 | 103/19 കുളങ്ങരപറമ്പിൽ റോഡ് | LSGD/TS/2018-19 /87909 Dtd. 20.06.18 | 11460 | " |

| | | | | |
|---|---|---|---|---|
| 16 | 92/19 ചക്കത്തടം വഴി റോഡ് | LSGD/TS/2018-19 /62492 Dtd. 02.06.18 | 14700 | “ |
| 17 | 75/19 ലിസി ഭവൻ റോഡ് റീടാറിങ്ങ് | LSGD/TS/2018-19 /83753 Dtd. 20.06.18 | 6064 | “ |
| 18 | 72/19 നബാർഡ് റോഡ് റീടാറിങ്ങ് | LSGD/TS/2018-19 /87914 TS No.53226/18-19 | 33943 | “ |
| 19 | 80/19 കുറുമാലി റോഡ് | LSGD/TS/2018-19 /62485 Dtd. 25.09.18 | 31639 | “ |
| | | ആകെ | 208854 | |

ഇപ്രകാരം അനർഹമായി GST Compensation ഇനത്തിൽ അനുവദിച്ച് നൽകിയ 2,08,854 രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു.

(ഓഡിറ്റ് എൻക്വയറി നം. 35/16.12.21)

## 1-38 MORD സ്പെസിഫിക്കേഷൻ 800 ലെ ആവശ്യകതയേക്കാൾ കൂടുതൽ അളവിൽ Dry Aggregate ഉപയോഗിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കുന്നു - നിരക്ക് ഉയർന്ന് നിൽക്കുന്നു

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ | 255/20, 183/21 |
| പ്രൊജക്റ്റ് | അയ്യംപറമ്പ് റോഡ് കോൺക്രീറ്റ് |
| സാങ്കേതികാനുമതി | 70545/2019-20 |
| സാങ്കേതികാനുമതി ഉത്തരവ് | LSGD/TS/2019-20/82667 Dtd. 30.09.19 |
| സാങ്കേതികാനുമതി തുക | 4,06,000 രൂപ |
| കരാറുകാരൻ | ശ്രീ. നന്ദനൻ.എം |
| കരാർ നിരക്ക് | എസ്റ്റിമേറ്റ് നിരക്ക് |
| കരാർ ഉടമ്പടി | 33/AE/LSGD/VLR/2019-20 Dtd. 19.11.19 |
| എം.ബുക്ക് | 64/19-20 |
| വൗച്ചർ നംപർ, തുക | 22001205/12.04.20 = 405972 ( SCP) |

മേൽ പ്രവൃത്തിയിൽ രണ്ടിനങ്ങൾ മാത്രമാണ് ഉൾപ്പെട്ടിട്ടുള്ളത്. ഒന്നാം ഇനം പ്രവൃത്തി Surface Dressing എന്നുള്ളതാണ്. രണ്ടാം ഇനം പ്രവൃത്തി P.C.C Grade M20 Nominal Mix (1:2:4) സിമന്റ് കോൺക്രീറ്റ് ആണ്. MORD സ്പെസിഫിക്കേഷൻ 800, 1200 എന്നിവയെ ആധാരമാക്കി തയ്യാറാക്കിയതാണ് രണ്ടാം ഇനം പ്രവൃത്തിയുടെ ഡാറ്റ. എസ്റ്റിമേറ്റ് പ്രകാരം ഈ ഇനം പ്രവൃത്തിക്ക് അംഗീകരിച്ചിരിക്കുന്ന നിരക്ക് 7549.93/$m^3$ ആണ്. പ്രസ്തുത ഡാറ്റയുടെ വിശദവിവരം താഴെ ചേർക്കുന്നു. ( Unit = Cum )

| Material/Labour | Unit | Quantity | Rate (Rs) | Cost(Rs) |
|---|---|---|---|---|
| A) Material | | | | |
| Cement | Tonne | 0.33 | 5792.24 | 1911.44 |
| Sand | Cum | 0.45 | 1303.77 | 586.7 |
| 40 Mm Aggregate | Cum | 0.36 | 1362.79 | 490.6 |
| 20 Mm Aggregate | Cum | 0.36 | 1403.77 | 505.36 |
| 10 Mm Aggregate | Cum | 0.18 | 1403.77 | 252.68 |
| B) Labour | | | | |
| Mate | Day | 0.08 | 407.00 | 32.56 |
| Mason(1st Class) | Day | 0.10 | 487.00 | 48.70 |
| Mazdoor(unskilled) | Day | 1.63 | 368.00 | 599.84 |
| Bhisti | Day | 0.27 | 407.00 | 109.89 |

| | | | | |
|---|---|---|---|---|
| C) Machinery | | | | |
| Concrete Mixer 0.28/0.4cum Capacity<br>Formwork@4% On (A+b+c) | Hour | 0.4 | 100.00 | 40.00 |
| Cost Of 1 Cum 4760.88 | | | | |
| Add Overhead @ 10% 476.08 | | | | |
| Add Contractors Profit @ 10% 523.69 | | | | |
| Cost Index @ 31.06% 1789.26 | | | | |
| Total With Cost Index 7549.93 | | | | |
| Say 7549.93 | | | | |

ഈ ഡാറ്റ പ്രകാരം സിമന്റ് കോൺക്രീറ്റിന് Fine Aggregate (Sand) 0.45m³ ഉപയോഗിക്കുമ്പോൾ Coarse Aggregate 0.90m³ (0.36 + 0.36 + 0.18) ആണ് ഉപയോഗിച്ചിരിക്കുന്നത്. ഉപയോഗിച്ചിരിക്കുന്ന സിമന്റിന്റെ അളവ് 330 Kg (0.33 Metric Tonne) ആണ്. MORD സ്പെസിഫിക്കേഷൻ 800 അനുസരിച്ച് (ടേബിൾ 800.6) P.C.C Grade M20 Nominal Mix സിമന്റ് കോൺക്രീറ്റിന് 50 Kg സിമന്റ് ഉപയോഗിക്കുമ്പോൾ Dry Aggregate ന്റെ Mass (Fine Aggregate + Coarse Aggregate) 250 Kg മതിയാകുന്നതാണ്. എന്നാൽ മേൽ ഡാറ്റയിൽ 330 Kg സിമന്റിന് ഉപയോഗിച്ചിരിക്കുന്ന Dry Aggregate ന്റെ Mass 2812.50 Kg ആണ് ( Density Of Fine Aggregate ഏറ്റവും ചുരുങ്ങിയത് 1450 Kg/m³, Density Of Coarse Aggregate ഏറ്റവും ചുരുങ്ങിയത് 2400 Kg/m³ ആണെന്നിരിക്കെ Dry Aggregate ന്റെ Mass = (0.45 X 1450) + (0.90 X 2400) = 652.5 + 2160 = 2812.50). അതായത് MORD സ്പെസിഫിക്കേഷൻ 800 അനുസരിച്ച് (ടേബിൾ 800.6), 330 Kg സിമന്റ് ഉപയോഗിക്കുമ്പോൾ Dry Aggregate ന്റെ Mass 1650 Kg മതിയെന്നിരിക്കെ 2812.50 Kg ഉപയോഗപ്പെടുത്തേണ്ട ആവശ്യകത ഇല്ല. മറ്റൊരുവിധത്തിൽ പറഞ്ഞാൽ ഡാറ്റയിൽ ഉപയോഗപ്പെടുത്തുന്ന Fine Aggregate (Sand) ന്റെയും, Coarse Aggregate ന്റെയും അളവ് വളരെ കൂടുതൽ ആണ്. ഇത് കാരണം ഈ ഇനം പ്രവൃത്തിയുടെ നിരക്ക് അർഹമായതിലും അധികം ഉയർന്ന് നിൽക്കുന്നു.

മേൽ അപാകതക്ക് മറുപടി ലഭ്യമാക്കേണ്ടതും വിഷയം സർക്കാരിന്റെ ശ്രദ്ധയിൽ പെടുത്തി പരിഹരിക്കേണ്ടതുമാണ്.

(ഓഡിറ്റ് എൻക്വയറി നം.33/16.12.21)

## 1-39 മമ്പറമ്പ്- പൂക്കാട്ട്മുക്ക് കുടിവെള്ളപദ്ധതി - അപാകതകൾ

| | |
|---|---|
| പ്രൊജക്ട് നമ്പർ | 136/19, 147/20, 210/21 |
| പ്രൊജക്ട് | മമ്പറമ്പ്- പൂക്കാട്ട്മുക്ക് കുടിവെള്ളപദ്ധതി |
| സാങ്കേതികാനുമതി | 97808/2018-19 |
| സാങ്കേതികാനുമതി ഉത്തരവ് | LSGD/TS/2018-19/129577 Dtd. 04.11.18 |
| സാങ്കേതികാനുമതി തുക | 7,00,000 രൂപ |
| കരാറുകാരൻ | ശ്രീ. നന്ദനൻ. എം |
| കരാർ നിരക്ക് | 634469.67 |
| കരാർ ഉടമ്പടി | 58/AE/LSGD/VLR/18-19 Dtd. 18.12.18 |
| എം.ബുക്ക് | 407/18-19, 251/19-20 |
| വൗച്ചർ നമ്പർ, തുക | 21901012/01.06.19 = 68492 ( CFC G)<br>22001385/28.11.20 = 131508 ( CFC G) |

പ്രവൃത്തിയുടെ ഫയൽ പരിശോധിച്ചപ്പോൾ താഴെ പറയുന്ന അപാകതകൾ കാണുന്നുണ്ട്.

1) എം ബുക്കുകൾ പ്രകാരം പ്രവൃത്തിയുടെ ആകെ മൂല്യം 5,11,495 രൂപയാണ്. സാങ്കേതികാനുമതി പ്രകാരം പ്രവൃത്തിക്കായി തുക വകയിരുത്തിയിട്ടുള്ളത് സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് ആണ്. ഇതിൽ മേൽ വിവരിച്ച പ്രകാരം 2019-20 ൽ 68,492 രൂപയും, 2020-21 ൽ 1,31,508 രൂപയും സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് ശീർഷകത്തിൽ മാറി നൽകിയിട്ടുണ്ട്. ആകെ മൂല്യനിർണ്ണയത്തിൽ നിന്നും 2,00,000 രൂപയാണ് സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് ശീർഷകത്തിൽ മാറിനൽകിയിട്ടുള്ളത്. ഈ ചെലവ് 2019-20, 2020-21 എന്നീ വർഷങ്ങളിലെ സുലേഖ പത്രിക പ്രകാരവും, ഇ-ബിൽ സ്റ്റേറ്റ്മെന്റ് പ്രകാരവും യോജിച്ച് പോകുന്നുണ്ട്. 2020-21 ലെ സുലേഖ പത്രിക പ്രകാരം 3,17,290 രൂപ ഈ പ്രോജക്ടിനായി ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി ചെലവ് രേഖപ്പെടുത്തിയിട്ടുണ്ട്. സാങ്കേതികാനുമതി രേഖപ്രകാരം പ്രോജക്ടിനായി ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി തുക വകയിരുത്തിയിട്ടില്ല. പ്രവൃത്തിക്കായി വകയിരുത്തിയ തുകയുടെ ശീർഷകത്തിൽ ഭരണസമിതി തീരുമാനപ്രകാരമാണ് മാറ്റം വരുത്തിയിട്ടുള്ളതെങ്കിൽ പ്രസ്തുത തീരുമാനം അറിയിക്കേണ്ടതാണ്.

2) മേൽ വിവരിച്ച പ്രകാരം മാറ്റം വരുത്തിയാൽ പോലും ആകെ മൂല്യം 5,11,495 രൂപയിൽ നിന്നും സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് ശീർഷകത്തിൽ മാറിനൽകിയിട്ടുള്ള 2,00,000 രൂപ കഴിച്ച് ബാക്കി 3,11,495 രൂപയുടെ ചെലവ് മാത്രമേ ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി ചെലവ് വരേണ്ടതുള്ളൂ. എന്നാൽ 2020-21 ലെ സുലേഖ പത്രിക പ്രകാരം 3,17,290 രൂപ ഈ ശീർഷകത്തിൽ ചെലവ്

രേഖപ്പെടുത്തിയിട്ടുണ്ട്. മൂല്യനിർണ്ണയത്തേക്കാൾ 5,795 രൂപയുടെ (317290 – 311495 = 5795) ചെലവ് കൂടുതൽ.

3) 2020-21 ലെ സുലേഖ പത്രിക പ്രകാരം ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി 3,17,290 രൂപ ചെലവ് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും പ്രസ്തുത ചെലവ് ഇ-ബിൽ സ്റ്റേറ്റ്മെന്റിൽ ഉൾപ്പെട്ടിട്ടില്ല. ഫയൽ പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥൻ സാംഖ്യ പ്രകാരം ഈ ശീർഷകത്തിൽ മാറിയിട്ടുള്ളത് 2,93,775 ( Sanction Order 208/28.11.20) രൂപയാണ്. വ്യത്യാസത്തിന്റെ കാരണം വ്യക്തമല്ല.

4) പ്രവൃത്തിയുടെ സാങ്കേതികാനുമതി രേഖപ്രകാരം ഇലക്ട്രിഫിക്കേഷനും, മോട്ടോർ അനുബന്ധപ്രവർത്തനങ്ങൾക്കുമായി തുക ഉൾപ്പെട്ടിട്ടില്ല. സ്വാഭാവികമായും ഒരു പുതിയ പ്രോജക്ടായാണ് ഈ പ്രവർത്തനങ്ങൾക്ക് തുക വകയിരുത്തേണ്ടത്. ഈ ആവശ്യത്തിനായി ജില്ലാ പഞ്ചായത്തിന്റെ ഇലക്ട്രിക്കൽ കമ്മറ്റിയിൽ നിന്നും 214/EE/LSGD/Electrical Committee/2020-21 Dtd. 14.10.20 പ്രകാരം സാങ്കേതികാനുമതി ലഭിച്ച് ശ്രീ.നന്ദനൻ. എം എന്ന കരാറുകാരനുമായി 89/AE/LSGD/VLR/2020-21 Dtd 18.02.21 നമ്പർ കരാറിൽ ഏർപ്പെട്ടിട്ടുണ്ടെങ്കിലും നാളിതുവരെ പ്രവൃത്തി പൂർത്തീകരിച്ച് ജനോപകാരപ്രദമായില്ല. കരാറിൽ ഏർപ്പെടുമ്പോൾ പോലും ഈ ആവശ്യത്തിനായി ഒരു പുതിയ പ്രോജക്ട് രൂപീകരിച്ചതായി കാണുന്നില്ല.

5) ഈ പ്രവൃത്തിയുടെ റിവൈസ്ഡ് എസ്റ്റിമേറ്റ് പ്രകാരം ഈ പദ്ധതിക്ക് ആവശ്യം വരുന്ന പൈപ്പ് ലൈൻ നീട്ടുന്നതിന് 2019-20 ൽ 325000 രൂപ വകയിരുത്തിയിരുന്നതിനാൽ ഈ പദ്ധതിയിൽ Distribution Line അധികം ആവശ്യം വന്നില്ല. 2019-20 ൽ 78290/2019-20 നംപരായി സാങ്കേതികാനുമതി ലഭിച്ച "മമ്പറമ്പ് കുടിവെള്ളപദ്ധതി" എന്ന 103/20 നമ്പർ പ്രോജക്ടിൽ ( 222/21 നമ്പർ പ്രോജക്ട്), 79/19-20 നമ്പർ എം ബുക്കിൽ അളവുകൾ രേഖപ്പെടുത്തി 3,02,664 രൂപയ്ക്ക് മൂല്യനിർണ്ണയം അംഗീകരിക്കുകയും ഇതിലേക്കായി CFC വിഹിതം 25,000 രൂപ ആവശ്യമായ കിഴിവുകൾ വരുത്തി പ്രസ്തുത പ്രവൃത്തിയുടെ കരാറുകാരനായ ശ്രീ. നന്ദനൻ. എം ന് അനുവദിക്കുകയും (വൗച്ചർ നം.22001381/24.11.20) ചെയ്തിട്ടുണ്ട്. ബാക്കി തുക ജില്ലാപഞ്ചായത്ത് വിഹിതം 2020-21 ൽ നൽകിയിട്ടില്ല. ഇപ്രകാരം രണ്ട് പ്രോജക്ടുകളിലായി തുക വകയിരുത്തി/ചെലവഴിച്ചിട്ടും ഈ കുടിവെള്ള പദ്ധതി ജനോപകാരപ്രദമായിട്ടില്ല.

മേൽ വിവരിച്ച അപാകതകൾക്ക് മറുപടി ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ഭാഗികമായി മറുപടി ലഭ്യമാക്കുകയുണ്ടായി. ഇതനുസരിച്ച് സാങ്കേതികാനുമതി രേഖയിൽ ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി തുക ചേർക്കാൻ വിട്ടുപോയിട്ടുള്ളതായാണ് അറിയിച്ചത്. അപാകതകൾ 2,3 എന്നിവയ്ക്ക് മറുപടി ലഭിച്ചില്ല. പുതിയ പ്രോജക്ട് വെച്ച് നടപ്പാക്കുന്നതിന് കാലതാമസം നേരിടുന്നതിനാൽ നിലവിലെ പ്രോജക്ടിൽ തന്നെ ഇലക്ട്രിക്കൽ എസ്റ്റിമേറ്റ് ടെണ്ടർ നടത്തുകയും കരാറിൽ ഏർപ്പെടുകയും ചെയ്യതെന്നും, ജില്ലാ പഞ്ചായത്തിന്റെ ഇലക്ട്രിക്കൽ വിങ്ങിൽ നിന്നും ബിൽ ലഭിക്കാത്തതു കൊണ്ടാണ് പ്രവൃത്തിയുടെ തുക കരാറുകാരന് കൈമാറാൻ പറ്റാത്തതും പ്രോജക്ട് പൂർത്തീകരിക്കാൻ സാധിക്കാത്തതും എന്നാണ് അറിയിച്ചിട്ടുള്ളത്. സാങ്കേതികാനുമതി രേഖപോലെ പ്രധാനപ്പെട്ട രേഖയിൽ പ്രോജക്ടിന്റെ സാമ്പത്തിക സ്രോതസ്സ് കൃത്യമായി രേഖപ്പെടുത്താൻ വിട്ടുപോകുന്നത് ഒഴിവാക്കേണ്ടതാണ്. അംഗീകരിച്ച പ്രോജക്ടിന്റെ സാങ്കേതികാനുമതി രേഖപ്രകാരം ഇലക്ട്രിഫിക്കേഷനും, മോട്ടോർ അനുബന്ധപ്രവർത്തനങ്ങൾക്കുമായി തുക ഉൾപ്പെട്ടിട്ടില്ല എന്നിരിക്കെ പുതിയപ്രോജക്ട് രൂപീകരിക്കാതെ നിലവിലെ പ്രോജക്ടിൽ തന്നെ ഇലക്ട്രിക്കൽ എസ്റ്റിമേറ്റ് ടെണ്ടർ നടത്തുകയും കരാറിൽ ഏർപ്പെടുകയും ചെയ്തത് പ്രസ്തുത ആവശ്യത്തിനായി തുക ചെലവഴിക്കുന്നതിനുള്ള അനുമതിയായി കരുതാനാകില്ല.

മേൽ അപാകതകൾക്ക് മറുപടി ലഭ്യമാക്കുന്നതോടൊപ്പം പ്രോജക്ട് ലക്ഷ്യം നേടുന്നതിലേക്കായി സ്വീകരിച്ച തുടർനടപടികൾ വ്യക്തമാക്കേണ്ടതാണ്. അതിനാൽ വൗച്ചർ നംപർ 22001385/28.11.20 പ്രകാരം ചെലവഴിച്ച 131508 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

(ഓഡിറ്റ് എൻക്വയറി 46/17.12.21)

## 1-40 ചെറുകുന്ന് കോളനി കുടിവെള്ളപദ്ധതി - ലക്ഷ്യം നേടിയിട്ടില്ല

| | |
|---|---|
| പ്രൊജക്ട് നമ്പർ | 132/19, 148/20, 147/21 |
| പ്രൊജക്ട് | ചെറുകുന്ന് കോളനി കുടിവെള്ളപദ്ധതി |
| സാങ്കേതികാനുമതി | 97803/2018-19 |
| സാങ്കേതികാനുമതി ഉത്തരവ് | LSGD/TS/2018-19/131622 Dtd. 04.11.18 |
| സാങ്കേതികാനുമതി തുക | 6,96,000 രൂപ |
| കരാറുകാരൻ | ശ്രീ. നന്ദനൻ. എം |
| കരാർ നിരക്ക് | 462080.56 |
| കരാർ ഉടമ്പടി | 57/AE/LSGD/VLR/18-19 Dtd. 18.12.18 |
| എം.ബുക്ക് | 364/18-19, 365/18-19 |
| വൗച്ചർ നമ്പർ , തുക | 21901002/17.04.19 = 320776 (DF SCP)<br>22001206/12.04.20 = 144547 ( DF SCP) |

പ്രവൃത്തിയുടെ എസ്റ്റിമേറ്റ് റിപ്പോർട്ട് പ്രകാരം 11-ാം വാർഡിലുള്ള ഒരു കുടിവെള്ള പദ്ധതിയാണിത്. നിലവിൽ 27,000 ലിറ്ററിന്റെ കോൺക്രീറ്റ് ടാങ്കും പൈപ്പ് ലൈനും ബോർവെല്ലും ഉണ്ടെങ്കിലും വേനൽക്കാലത്ത് കുടിവെള്ളക്ഷാമം ഉണ്ടാകുന്നതിനാൽ പുതിയ ഒരു ബോർവെൽ കുഴിക്കുന്നതിനും പമ്പ് ഹൗസ് പണിയുന്നതിനും 715 മീറ്റർ പമ്പിങ്ങ് മെയിനും 160 മീറ്റർ ഡെലിവറി ലെയിനും

കൊടുത്ത് കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനും നിലവിലുള്ള ടാങ്കിൽ നിന്നും വീഴുന്ന ഓവർഫ്ലോ വെള്ളം മറ്റൊരു ടാങ്കിലേക്ക് സംഭരിച്ച് ഡെലിവറി ലൈനിലേക്ക് കണക്ഷൻ കൊടുക്കുന്നതിനുമാണ് പദ്ധതി വിഭാവനം ചെയ്യുന്നത്. പദ്ധതിയുടെ എസ്റ്റിമേറ്റ് പ്രകാരം ഇലക്ട്രിഫിക്കേഷനും മോട്ടോർ സ്ഥാപിക്കുന്നതിനുമായി 1,86,354/- രൂപ Lumpsum Provision ഉം വകയിരുത്തിയിട്ടുണ്ട്. ടെണ്ടർ ചെയ്ത പ്രവൃത്തി കരാറുകാരൻ ഇലക്ട്രിഫിക്കേഷൻ ഒഴികെ 4,62,080.56 രൂപയ്ക്കാണ് കരാർ വെച്ച് ഏറ്റെടുത്തിട്ടുള്ളത്.

ഇതുമായി ബന്ധപ്പെട്ട ഫയൽ പരിശോധനയിൽ കണ്ട അപാകതകൾ താഴെ ചേർക്കുന്നു.

1) കരാറുകാരന് മേൽ വിവരിച്ച പ്രകാരം ആകെ മൂല്യം 4,65,323/- രൂപ കണക്കാക്കിയാണ് തുക അനുവദിച്ചിട്ടുള്ളത്. കരാർ നിരക്ക് 4,62,080.56 രൂപയാണെന്നിരിക്കെ മൂല്യനിർണ്ണയം കരാർ തുകയിൽ പരിമിതപ്പെടുത്താതെ തുക അനുവദിച്ചതിനാൽ 3242.44 ~ 3242/- രൂപ അധികം അനുവദിച്ചിട്ടുണ്ട്. ഈ അധിക ചെലവ് തിരികെ ഈടാക്കേണ്ടതാണ്.

2) പ്രവൃത്തിയുടെ ഫൈനൽ ബിൽ പ്രകാരം ഇനം -2 (Proposed Water Tank), ഇനം - 4.03, ഇനം - 4.06 എന്നിവ നിർവ്വഹിച്ചിട്ടില്ലാത്തതാണ്. എന്നാൽ ഫൈനൽ ബിൽ അനുവദിക്കുന്നതിന് മുൻപായി റിവൈസ്ഡ് എസ്റ്റിമേറ്റ് റിപ്പോർട്ട് തയ്യാറാക്കുകയോ സാങ്കേതിക അനുമതി നൽകിയ അധികാര സ്ഥാനത്ത് നിന്നും പുതുക്കിയ സാങ്കേതിക അനുമതി ലഭ്യമാക്കുകയോ ചെയ്തിട്ടില്ല.

3) 2019-20 ൽ 116770/2019-20 നമ്പരായി സാങ്കേതികാനുമതി ലഭിച്ച "ചെറുകുന്ന് കോളനി കുടിവെള്ളപദ്ധതി" എന്ന275/20 നമ്പർ പ്രോജക്ടിൽ (247/21 നമ്പർ പ്രോജക്ട്), 227/19-20 നമ്പർ എം ബുക്കിൽ അളവുകൾ രേഖപ്പെടുത്തി 12% GST ഉൾപ്പെടെ 106820/- രൂപയ്ക്ക് മൂല്യനിർണ്ണയം അംഗീകരിക്കുകയും ഇതിലേക്കായി CFC വിഹിതം 49820/- രൂപ (വൗച്ചർ നം.22001369/09.11.2020), SCP വിഹിതമായി 57,000/- രൂപ (വൗച്ചർ നം.22001342/25.08.2020) ആവശ്യമായ കിഴിവുകൾ വരുത്തി പ്രസ്തുത പ്രവൃത്തിയായ പൈപ്പ് ലൈൻ എക്സ്റ്റെൻഷനു വേണ്ടി കരാറുകാരനായ ശ്രീ. നന്ദനൻ. എം ന് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ഇപ്രകാരം രണ്ട് പ്രോജക്ടുകളിലായി 5,68,901 (465323 + 106820 – 3242) രൂപ ചെലവഴിച്ചിട്ടും ഈ കുടിവെള്ള പദ്ധതി ഇലക്ട്രിഫിക്കേഷൻ, ടാങ്ക് എന്നിവയുടെ അഭാവത്തിൽ ലക്ഷ്യം നേടിയിട്ടില്ല.

വ്യക്തമായ അസറ്റ് മാനേജ്മെന്റ് പ്ലാനിന്റെ അഭാവത്തിൽ പ്രോജക്ടുകൾ ലക്ഷ്യം നേടാതെ അവസാനിക്കുന്നത് ഒഴിവാക്കാൻ തുടർ നടപടി അനിവാര്യമാണ്. മേൽ അപാകതകൾക്ക് മറുപടി ലഭ്യമാക്കുന്നതോടൊപ്പം പ്രോജക്ട് ലക്ഷ്യം നേടുന്നതിലേക്കായി സ്വീകരിച്ച തുടർനടപടികൾ വ്യക്തമാക്കേണ്ടതാണ്. അതിനാൽ ഈ രണ്ട് പ്രോജക്ടുകളിലായി 2020-21 വർഷത്തിൽ ചെലവഴിച്ച 2,48,125 രൂപയുടെ ചെലവ് (144547 + 49820 + 57,000 – 3242) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

(ഓഡിറ്റ് എൻക്വയറി നം. 49/17.12.21)

## 1-41 മണ്ണാൻ കോളനി റോഡ് റീ ടാറിങ്ങ്, കാന പ്രവൃത്തി - കരാർ പ്രകാരമുള്ള പ്രവൃത്തി പൂർത്തീകരിക്കാൻ സ്വീകരിച്ച തുടർ നടപടികൾ അറിയിക്കേണ്ടതാണ്.

| | |
|---|---|
| പ്രൊജക്ട് നമ്പർ | 235/20, 234/21 |
| പ്രൊജക്ട് | മണ്ണാൻ കോളനി റോഡ് റീ ടാറിങ്ങ്, കാന |
| സാങ്കേതികാനുമതി | 70557/19-20 |
| സാങ്കേതികാനുമതി ഉത്തരവ് | LSGD/TS/2019-20/107047 Dtd. 30.09.19 |
| സാങ്കേതികാനുമതി തുക | 10,25,000 രൂപ |
| കരാറുകാരൻ | ശ്രീ. നന്ദനൻ. എം |
| കരാർ നിരക്ക് | 886507.60 |
| കരാർ ഉടമ്പടി | 54/AE/LSGD/VLR/2019-20 Dtd. 17.01.20 |
| എം.ബുക്ക് | 249/19-20 |
| വൗച്ചർ നമ്പർ , തുക | 22001324/10.08.20 = 25,000 ( DF SCP) |

പ്രോജക്ടിന്റെ വിഭവസ്രോതസ്സുകൾ പ്രകാരം 25,000 രൂപ SCP വിഹിതവും, 10,00,000 രൂപ ജില്ലാ പഞ്ചായത്ത് വിഹിതവും ആണ്. പ്രോജക്ടിന്റെ എസ്റ്റിമേറ്റ് റിപ്പോർട്ട് പ്രകാരം 6 ാം വാർഡിൽ ഉൾപ്പെടുന്ന ഈ റോഡിന് 6 മീറ്റർ വീതിയും 3 മീറ്റർ ക്യാരേജ് വേയും ഉണ്ട്. ഈ റോഡ് കേച്ചേരി – വടക്കാഞ്ചേരി റോഡിൽ നിന്നും തുടങ്ങി അയ്യപ്പൻകുന്ന് റോഡിൽ അവസാനിക്കുന്നു. ഈ റോഡിന്റെ തുടക്കത്തിൽ 355 മീറ്റർ തകർന്ന നിലയിൽ ആണ്. അവിടെ ടാറിങ്ങ് നടത്തി ഗതാഗതയോഗ്യമാക്കുന്നതിനും, 240 മീറ്റർ നീളത്തിൽ കാന നിർമ്മിക്കുന്നതിനും, ചെയിനേജ് 0/115ൽ 6 മീറ്റർ നീളം കൾവെർട്ട് നിർമ്മിക്കുന്നതിനുമാണ് തുക വകയിരുത്തിയിട്ടുള്ളത്. ഇത് കൂടാതെ, കുഴിച്ചെടുക്കുന്ന മണ്ണ് കിരാലൂർ സ്കൂൾ കോംപൗണ്ടിൽ നിക്ഷേപിക്കുന്നതിന് കൺവെയൻസും കൊടുത്തിട്ടുണ്ട്.

എം ബുക്ക് 249/19-20 ലെ പേജ് 1 മുതൽ 22 വരെയുള്ള രേഖപ്പെടുത്തൽ പ്രകാരം റീ ടാറിങ്ങ് നിർവ്വഹിച്ച് 12 % ജി.എസ്.ടി വിഹിതം ഉൾപ്പെടെ 3,04,643 രൂപയുടെ പാർട്ട് ബിൽ പാസ്സാക്കിയിട്ടുണ്ട്. ഇതിലേക്കായി 25,000 രൂപ SCP വിഹിതം പാസ്സാക്കി നൽകിയിട്ടുണ്ട്. എന്നാൽ സാമ്പത്തിക വർഷത്തിൽ ജില്ലാ പഞ്ചായത്ത് വിഹിതത്തിൽ നിന്നും ചെലവില്ല. തുടർന്ന് പ്രവൃത്തിനിർവ്വഹണം നടന്നതായി എം ബുക്കിൽ രേഖപ്പെടുത്തൽ ഇല്ലാത്തതാണ്. ഈ സാഹചര്യത്തിൽ താഴെ ചേർക്കുന്ന

കാര്യങ്ങളിൽ വ്യക്തത വരുത്തേണ്ടതാണ് എന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകുകയുണ്ടായി (ഓഡിറ്റ് എൻക്വയറി നം.47/17.12.21).

1) പ്രവൃത്തിക്കായി ജില്ലാ പഞ്ചായത്ത് വിഹിതം ലഭ്യമായിട്ടുണ്ടെങ്കിൽ വിശദാംശം.

2) ജില്ലാ പഞ്ചായത്ത് വിഹിതം ലഭ്യമായിട്ടില്ലെങ്കിൽ പ്രവൃത്തിക്കാവശ്യമായ വിഭവസ്രോതസ്സുകൾ പുനർ നിർവ്വചിച്ചിട്ടുണ്ടോ? ഇല്ലെങ്കിൽ കാരണം.

3) കരാർ പ്രകാരമുള്ള പ്രവൃത്തി പൂർത്തീകരിക്കാൻ സ്വീകരിച്ച തുടർ നടപടികൾ

ലഭ്യമാക്കിയ മറുപടി പ്രകാരം പ്രോജക്റ്റിനായി ജില്ലാപഞ്ചായത്ത് വിഹിതം ലഭ്യമായിട്ടില്ല. ഭരണസമിതി തീരുമാനപ്രകാരം പൂർത്തീകരിച്ച പ്രവൃത്തിക്ക് ഫണ്ട് വകയിരുത്തുക മാത്രമാണ് ചെയ്തിട്ടുള്ളതെന്നാണ് എഞ്ചിനീയർ മറുപടി നൽകിയിട്ടുള്ളത്. പ്രവൃത്തിക്കാവശ്യമായ വിഭവസ്രോതസ്സുകൾ ഉറപ്പാക്കാതെയാണ് പ്രവൃത്തി ടെണ്ടർ ചെയ്ത് കരാറിൽ ഏർപ്പെട്ടതെന്നാണ് ഈ മറുപടി വ്യക്തമാക്കുന്നത്.

കരാറിൽ ഏർപ്പെട്ട പ്രവൃത്തി പൂർത്തീകരിക്കാൻ സ്വീകരിച്ച തുടർ നടപടികൾ അറിയിക്കേണ്ടതാണ്.

## 1-42 കരാർ തുകയിൽ പരിമിതപ്പെടുത്താതെ കരാറുകാരന് പ്രവൃത്തിമൂല്യം അനുവദിച്ചത് ക്രമത്തിലല്ല

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ | 185/18, 198/19, 208/20, 145/21 |
| പ്രൊജക്റ്റ് | മെയിന്റനൻസ് ഓഫ് പി.എച്ച്.സി ബിൽഡിംഗ് |
| സാങ്കേതികാനുമതി | 90182/2017-18 |
| സാങ്കേതികാനുമതി ഉത്തരവ് | LSGD/TS/2017-18/73778 Dtd. 22.11.17 |
| സാങ്കേതികാനുമതി തുക | 7,00,000 രൂപ |
| കരാറുകാരൻ | ശ്രീ. നന്ദനൻ. എം |
| കരാർ നിരക്ക് | 587798.39 |
| കരാർ ഉടമ്പടി | 77/AE/LSGD/VLR/17-18 Dtd. 29.12.17 |
| എം.ബുക്ക് | 169/16-17, 386/18-19 |
| വൗച്ചർ നമ്പർ, തുക | 22001237/12.04.20 = 3,10,477 ( MG NR)<br>പാർട്ട് ബിൽ ( 2017-18) ൽ = 3,29,330 |

2017-18 ൽ വിഭാവനം ചെയ്ത പദ്ധതി പ്രവർത്തനത്തിന്റെ വിശദമായ എസ്റ്റിമേറ്റ് പ്രകാരം താഴെ ചേർക്കും പ്രകാരമാണ് സാങ്കേതികാനുമതി തുക വകയിരുത്തിയിട്ടുള്ളത്.

| പ്രവൃത്തി ഇനം | വിശദാംശം | തുക |
|---|---|---|
| 1 | Maintenance To Building | 421102.76 |
| 2 | Gate | 172871.67 |
| 3 | Stainless Steel Polished Projected Letters For Board | 26000 |
| 4 | GST LS | 80026 |

ഇ ടെണ്ടർ ചെയ്ത പ്രവൃത്തിയുടെ ആദ്യ രണ്ടിനങ്ങൾ ഉൾപ്പെട്ട പ്രവൃത്തിക്ക് മാത്രമാണ് കരാറുകാർ നിരക്ക് രേഖപ്പെടുത്തിയിട്ടുള്ളത്. കരാറുകാരായ ശ്രീ. നന്ദനൻ.എം 5,87,798.39 രൂപയും, ശ്രീ. ബിജു.പി.ഒ 5,93,974.43 രൂപയും ആണ് നിരക്ക് രേഖപ്പെടുത്തിയിട്ടുള്ളത്. ഇതിൽ കുറവ് നിരക്ക് രേഖപ്പെടുത്തിയ ശ്രീ. നന്ദനനുമായി കരാറിൽ ഏർപ്പെടുകയും ചെയ്തു.

പ്രവൃത്തി ചെയ്യുന്ന അവസരത്തിൽ ചില മാറ്റങ്ങൾ വന്നതിനാൽ അടങ്കലിൽ മാറ്റമില്ലാതെ എസ്റ്റിമേറ്റ് ഭേദഗതി ചെയ്യുന്നതിന് 25.03.20 ലെ 1(1) നമ്പർ തീരുമാനപ്രകാരം ഭരണസമിതി തീരുമാനിച്ചതിനാൽ പ്രവൃത്തിക്ക് പുതുക്കിയ സാങ്കേതികാനുമതിയും ലഭ്യമാക്കി. ഫൈനൽ ബിൽ പ്രകാരം ഇനം 1-05, 1-07, 1-08, 1-09, 2-21 എന്നിവ ചെയ്തിട്ടില്ല. പകരം എക്സ്ട്രാ ഐറ്റമായി E1, E2, E3 എന്നിങ്ങനെ മൂന്ന് ഇനം പ്രവൃത്തികൾ നിർവ്വഹിക്കുകയും ഈ ഇനം പ്രവൃത്തികൾക്ക് കരാർ നിരക്കിനനുസരിച്ച് നിരക്ക് കണക്കാക്കി മൂല്യനിർണ്ണയം നടത്തുകയും ചെയ്തു. ഇതനുസരിച്ച് പ്രവൃത്തിയുടെ ആകെ മൂല്യം 639807.14 ~ 6,39,807 രൂപ ആണ്. തുടർന്ന് ആദ്യ പാർട്ട് ബിൽ തുകയായ 3,29,330 രൂപ കുറച്ച് കരാറുകാരന് 3,10,477 രൂപയുടെ ഫൈനൽ ബിൽ പാസ്സാക്കി നൽകുകയും ചെയ്തു.

കരാറുകാരനുമായുള്ള കരാർ തുക 5,87,798.39 രൂപയാണെന്നിരിക്കെ ആകെ മൂല്യം പ്രസ്തുത തുകയിൽ ലിമിറ്റ് ചെയ്യാതെ (പരിമിതപ്പെടുത്താതെ) ഇപ്രകാരം തുക അനുവദിച്ച നൽകിയത് ക്രമത്തിലല്ല. കരാർ തുകയിൽ അധികരിച്ച് 52008.61 ~ 52009

(639807 – 587798.39 = 52008.61) അനുവദിച്ച 52,009 രൂപ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ഇപ്രകാരം അധികം നൽകിയ 52,009 രൂപ കരാറുകാരനിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്. ഏതെങ്കിലും കാരണവശാൽ കരാറുകാരനിൽ നിന്നും തുക ഈടാക്കാൻ സാധിച്ചില്ലെങ്കിൽ തെറ്റായി ബിൽ തുക അനുവദിച്ചുനൽകിയ എഞ്ചിനീയറിൽ നിന്നും തുക ഈടാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം. 31/16.12.21)

## 1-43 അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിലുള്ള അക്കൗണ്ടുകളിൽ നീക്കിയിരിപ്പ്

അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിൽ 799011400005119 എന്ന അക്കൗണ്ട് നമ്പറിലുള്ള ഒരു ടി.എസ്.ബി. അക്കൗണ്ടും 33405728684 എന്ന അക്കൗണ്ട് നമ്പറിലുള്ള ഒരു എസ്.ബി. ഐ. അക്കൗണ്ടും നിലവിലുണ്ട്. ടി.എസ്.ബി. അക്കൗണ്ടിൽ 31.03.20 ൽ 2,70,394 രൂപ അവശേഷിച്ചിരുന്നു. തുടർന്ന് 18.06.20 ൽ 366021 ക്രഡിറ്റ് വരികയും 30.11.21 ന് 58,716 രൂപ നീക്കിയിരിപ്പുണ്ട്. എസ്.ബി.ഐ. അക്കൗണ്ടിൽ 31.03.21 ൽ 90,614 രൂപ നീക്കിയിരിപ്പുണ്ട്. ഈ അക്കൗണ്ടുകൾ തുടങ്ങാനുണ്ടായ സാഹചര്യം വ്യക്തമാക്കാൻ ആവശ്യപ്പെട്ടും, ഈ അക്കൗണ്ടുകൾ നിലനിർത്തുന്നതിന് പിൻബലം നൽകുന്ന ഉത്തരവുകൾ ഹാജരാക്കേണ്ടതാണ് എന്നാവശ്യപ്പെട്ടും 2018-19 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 26 ൽ ആവശ്യപ്പെട്ടിരുന്നു എങ്കിലും ആയത് ഈ ഓഡിറ്റ് കാലയളവിലും ലഭ്യമായില്ല. ഈ സാഹചര്യത്തിൽ ഈ അക്കൗണ്ടുകൾ നിലനിർത്തുന്നതിന് പിൻബലം നൽകുന്ന ഉത്തരവുകൾ ഹാജരാക്കേണ്ടതോ അല്ലാത്തപക്ഷം ഈ അക്കൗണ്ടുകൾ അവസാനിപ്പിക്കേണ്ടതും നീക്കിയിരിപ്പ് തുക ബന്ധപ്പെട്ട ഫണ്ടുകളിലേക്ക് തിരികെ അടവാക്കേണ്ടതുമാണ്.

ഇതിന് പുറമേ ഇ- ടെണ്ടർ നടപടികളുടെ ആവശ്യത്തിലേക്കായി അസിസ്റ്റന്റ് എഞ്ചിനീയർ 00000037698069816 എന്ന അക്കൗണ്ട് നമ്പറിലുള്ള ഒരു എസ്.ബി. ഐ. കറന്റ് അക്കൗണ്ടും നിലനിർത്തുന്നുണ്ട്. ഈ അക്കൌണ്ടിൽ 31.03.21 ന് 169319 രൂപയും, 16.11.21 ന് 2,89,117 രൂപയും അവശേഷിക്കുന്നുണ്ട്. ഇ- ടെണ്ടർ ഫീസ് തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതാണ്.

# ഭാഗം -2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 2-1 രശീതിയുടെ ഒറിജിനൽ ഇല്ലാതെ പകർപ്പ് ക്യാൻസൽ ചെയ്തതായി രേഖപ്പെടുത്തിയിരിക്കുന്നു. രശീതിയുടെ ഒറിജിനൽ പരിശോധനയ്ക്ക് ഹാജരാക്കിയില്ല

ഗ്രാമപഞ്ചായത്തിൽ നിന്നും എഞ്ചിനീയറുടെ കാര്യാലയത്തിലേക്ക് നൽകിയ രശീതി പുസ്തകം നം. 5933 പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. രശീതി പുസ്തകം നം. 36932, 36945 എന്നിവ പരിശോധിച്ചതിലെ അപാകതകൾ താഴെ ചേർക്കുന്നു.

രശീതി പുസ്തകം നം. 36932 – ഗുണഭോക്താക്കൾക്ക് ഒറിജിനൽ രശീതി നൽകുകയും കാർബൺ പകർപ്പ് സൂക്ഷിക്കുകയുമാണ് ചെയ്തിരിക്കുന്നത്. [കേരള ട്രഷറി കോഡ് വോള്യം I, റൂൾ 90(a)]

രശീതി നം. 4 (തുക -4257/-), നം. 5 (തുക -4257/-), എന്നിവ കാൻസൽ ചെയ്തിരിക്കുന്നത് ആയതിന്റെ ഒറിജിനൽ ഇല്ലാതെ മേൽ സൂചിപ്പിച്ച പ്രകാരമുള്ള പകർപ്പിൽ മാത്രമാണ്. ഇത് അംഗീകരിക്കുന്നില്ല. കാൻസൽ ചെയ്ത രശീതിയുടെ രണ്ട് പേജുകളും ഇല്ലാത്ത പക്ഷം മേൽ തുക അടവാക്കേണ്ടതാണ്.

രശീതി നം. 14 കാൻസൽ ചെയ്തിട്ടുണ്ടെങ്കിലും ആയത് സാക്ഷ്യപ്പെടുത്തിയിട്ടില്ല.

രശീതി പുസ്തകത്തിൽ സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട്സ് എഴുതി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. (2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങളിലെ ചട്ടം 83)

രശീതി പുസ്തകം നം. 36945 ലെ പല രശീതികളും മേൽ സൂചിപ്പിച്ച പ്രകാരം ഒറിജിനൽ രശീതി ഗുണഭോക്താവിന് നൽകുകയാണ് ചെയ്തിരിക്കുന്നത്.

രശീതി പുസ്തകത്തിലെ അപാകത സംബന്ധിച്ച് അസിസ്റ്റൻറ് എഞ്ചീനീയർക്ക് നൽകിയ ഓഡിറ്റ് അന്വേഷണം നം. 6/08.12.2021 നുള്ള മറുപടിയിൽ കാണാതായ രശീതി പുസ്തകം നം. 5933, 36932 രശീതി പുസ്തകത്തിലെ രശീതി നം. 4, 5 എന്നിവ ലഭ്യമാകുന്ന മുറയ്ക്ക് ഹാജരാക്കുന്നതാണ് എന്നാണ് അറിയിച്ചിട്ടുള്ളത്. രശീതി നം. 4, 5 എന്നിവയിൽ രേഖപ്പെടുത്തിയിട്ടുള്ള തുകയായ 8,514/- രൂപ അടവാക്കേണ്ടതും രശീതി പുസ്തകം നം. 5933 പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.രശീതി നം. 4, 5 എന്നിവയിൽ രേഖപ്പെടുത്തിയ തുകയായ 8,514/- രൂപ ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-2 ബിൽഡിംഗ് പെർമിറ്റ് – അപാകതകൾ

ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ, ഫയലുകൾ എന്നിവ പരിശോധിച്ചതിൽ കണ്ട അപാകതകൾ താഴെ ചേർക്കുന്നു.

1) ബിൽഡിംഗ് പെർമിറ്റ് രജിസ്റ്ററിൽ പൂർണ്ണമായ രേഖപ്പെടുത്തലുകൾ വരുത്തുന്നില്ല. വിസ്തീർണ്ണം, ഫീസ് മുതലായ അനിവാര്യ വിവരങ്ങൾ പോലും രേഖപ്പെടുത്തിയിട്ടില്ല.

2) ഫയൽ നം. എ4/3276/2020, തീ.28.07.2020 പ്രകാരം ആരതി.പി.കുട്ടത്ത് വീട്, വേലൂർ എന്നവരുടെ 134.84 ച.മീ. വാണിജ്യ കെട്ടിടത്തിന് പെർമിറ്റ് ഫീസായി 7 രൂപ നിരക്കിൽ 674 രൂപയാണ് രശീതി നം.120240101039/11.08.2020 പ്രകാരം ഈടാക്കിയിട്ടുള്ളത്. ജി.ഒ(പി) നം.78/2019, തസ്വഭവ, തീ.02.11.2019 പ്രകാരം 10 രൂപ നിരക്കിലാണ് ഈടാക്കേണ്ടിയിരുന്നത്. ആയതിനാൽ ഈ ഇനത്തിൽ കുറവുവന്ന തുകയായ ₹405/- (1348.40 – 943.88) ഈടാക്കേണ്ടതാണ്.

3) അപേക്ഷ നം. എ4/2969/20, തീ.16.06.2020 പ്രകാരം ജസ്റ്റിൻ ജോസഫ്, നീലങ്കാവിൽ, വേലൂർ ചുങ്കം എന്നയാളുടെ 387.08 ച.മീ വാണിജ്യ കെട്ടിടത്തിന് ക്രമവൽക്കരണ ഫീസായി 387.08 X 14 = 5419 രൂപയാണ് കണക്കാക്കിയത്. ഫീസ് ഈടാക്കിയതിന്റെ വിവരങ്ങൾ ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല. മേൽ ഉത്തരവ് പ്രകാരം 20 രൂപ നിരക്കിൽ (387.08x20=7741.60) ഈടാക്കേണ്ടതാണ്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം.19/13.12.2021 നുള്ള മറുപടിയായി, കുറവ് വന്ന ഫീസ് അടവാക്കുന്നതിനായി

കത്ത് നൽകിയിട്ടുണ്ട് എന്നാണ് അറിയിച്ചിട്ടുള്ളത്. ഫീസ് ഇനത്തിൽ ₹8147/- (405 + 7742) ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 കരാർ തുകയിൽ പരിമിതപ്പെടുത്താതെ കരാറുകാരന് പ്രവൃത്തിമൂല്യം അനുവദിച്ചതിനാൽ അധികചെലവ്

| | |
|---|---|
| പ്രൊജക്ട് നമ്പർ | 185/18, 198/19, 208/20, 145/21 |
| പ്രൊജക്ട് | മെയിന്റനൻസ് ഓഫ് പി.എച്ച്.സി ബിൽഡിംഗ് |
| സാങ്കേതികാനുമതി | 90182/2017-18 |
| സാങ്കേതികാനുമതി ഉത്തരവ് | LSGD/TS/2017-18/73778 Dtd. 22.11.17 |
| സാങ്കേതികാനുമതി തുക | 7,00,000 രൂപ |
| കരാറുകാരൻ | ശ്രീ. നന്ദനൻ. എം |
| കരാർ നിരക്ക് | 587798.39 |
| കരാർ ഉടമ്പടി | 77/AE/LSGD/VLR/17-18 Dtd. 29.12.17 |
| എം.ബുക്ക് | 169/16-17, 386/18-19 |
| വൗച്ചർ നമ്പർ, തുക | 22001237/12.04.20 = 3,10,477 ( MG NR)<br>പാർട്ട് ബിൽ ( 2017-18) ൽ = 3,29,330 |

2017-18 ൽ വിഭാവനം ചെയ്ത പദ്ധതി പ്രവർത്തനത്തിന്റെ വിശദമായ എസ്റ്റിമേറ്റ് പ്രകാരം താഴെ ചേർക്കും പ്രകാരമാണ് സാങ്കേതികാനുമതി തുക വകയിരുത്തിയിട്ടുള്ളത്.

| പ്രവൃത്തി ഇനം | വിശദാംശം | തുക |
|---|---|---|
| 1 | Maintenance To Building | 421102.76 |
| 2 | Gate | 172871.67 |
| 3 | Stainless Steel Polished Projected Letters For Board | 26000 |
| 4 | GST LS | 80026 |

ഇ ടെണ്ടർ ചെയ്ത പ്രവൃത്തിയുടെ ആദ്യ രണ്ടിനങ്ങൾ ഉൾപ്പെട്ട പ്രവൃത്തിക്ക് മാത്രമാണ് കരാറുകാർ നിരക്ക് രേഖപ്പെടുത്തിയിട്ടുള്ളത്. കരാറുകാരായ ശ്രീ. നന്ദനൻ.എം 5,87,798.39 രൂപയും, ശ്രീ. ബിജു.പി.ഒ 5,93,974.43 രൂപയും ആണ് നിരക്ക് രേഖപ്പെടുത്തിയിട്ടുള്ളത്. ഇതിൽ കുറവ് നിരക്ക് രേഖപ്പെടുത്തിയ ശ്രീ. നന്ദനനുമായി കരാറിൽ ഏർപ്പെടുകയും ചെയ്തു.

പ്രവൃത്തി ചെയ്യുന്ന അവസരത്തിൽ ചില മാറ്റങ്ങൾ വന്നതിനാൽ അടങ്കലിൽ മാറ്റമില്ലാതെ എസ്റ്റിമേറ്റ് ഭേദഗതി ചെയ്യുന്നതിന് 25.03.20 ലെ 1(1) നമ്പർ തീരുമാനപ്രകാരം ഭരണസമിതി തീരുമാനിച്ചതിനാൽ പ്രവൃത്തിക്ക് പുതുക്കിയ സാങ്കേതികാനുമതിയും ലഭ്യമാക്കി. ഫൈനൽ ബിൽ പ്രകാരം ഇനം 1-05, 1-07, 1-08, 1-09, 2-21 എന്നിവ ചെയ്തിട്ടില്ല. പകരം എക്സ്ട്രാ ഐറ്റമായി E1, E2, E3 എന്നിങ്ങനെ മൂന്ന് ഇനം പ്രവൃത്തികൾ നിർവ്വഹിക്കുകയും ഈ ഇനം പ്രവൃത്തികൾക്ക് കരാർ നിരക്കിനനുസരിച്ച് നിരക്ക് കണക്കാക്കി മൂല്യനിർണ്ണയം നടത്തുകയും ചെയ്തു. ഇതനുസരിച്ച് പ്രവൃത്തിയുടെ ആകെ മൂല്യം 639807.14 ~ 639807 രൂപ ആണ്. തുടർന്ന് ആദ്യ പാർട്ട് ബിൽ തുകയായ 3,29,330 രൂപ കുറച്ച് കരാറുകാരന് 310477 രൂപയുടെ ഫൈനൽ ബിൽ പാസ്സാക്കി നൽകുകയും ചെയ്തു.

കരാറുകാരനുമായുള്ള കരാർ തുക 587798.39 രൂപയാണെന്നിരിക്കെ ആകെ മൂല്യം പ്രസ്തുത തുകയിൽ ലിമിറ്റ് ചെയ്യാതെ ( പരിമിതപ്പെടുത്താതെ) ഇപ്രകാരം തുക അനുവദിച്ച് നൽകിയത് ക്രമത്തിലല്ല. കരാർ തുകയിൽ അധികരിച്ച് 52008.61 ~ 52009 (639807 - 587798.39 = 52008.61) അനുവദിച്ച 52,009 രൂപ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ഇപ്രകാരം അധികം നൽകിയ 52,009 രൂപ കരാറുകാരനിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്. ഏതെങ്കിലും കാരണവശാൽ കരാറുകാരനിൽ നിന്നും തുക ഈടാക്കാൻ സാധിച്ചില്ലെങ്കിൽ തെറ്റായി ബിൽ തുക അനുവദിച്ചുനൽകിയ എഞ്ചിനീയറിൽ നിന്നും തുക ഈടാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം. 31/16.12.21)

### 3-2 ചെറുകുന്ന് കോളനി കുടിവെള്ളപദ്ധതി - കരാർ പ്രകാരമുള്ള തുകയേക്കാൾ കൂടുതൽ അനുവദിച്ചു

| | |
|---|---|
| പ്രൊജക്ട് നമ്പർ | 132/19, 148/20, 147/21 |
| പ്രൊജക്ട് | ചെറുകുന്ന് കോളനി കുടിവെള്ളപദ്ധതി |

| | |
|---|---|
| സാങ്കേതികാനുമതി | 97803/2018-19 |
| സാങ്കേതികാനുമതി ഉത്തരവ് | LSGD/TS/2018-19/131622 Dtd. 04.11.18 |
| സാങ്കേതികാനുമതി തുക | 6,96,000 രൂപ |
| കരാറുകാരൻ | ശ്രീ. നന്ദനൻ. എം |
| കരാർ നിരക്ക് | 462080.56 |
| കരാർ ഉടമ്പടി | 57/AE/LSGD/VLR/18-19 Dtd. 18.12.18 |
| എം.ബുക്ക് | 364/18-19, 365/18-19 |
| വൗച്ചർ നമ്പർ, തുക | 21901002/17.04.19 = 320776 (DF SCP)<br>22001206/12.04.20 = 144547 ( DF SCP) |

പ്രവൃത്തിയുടെ എസ്റ്റിമേറ്റ് റിപ്പോർട്ട് പ്രകാരം 11-ാം വാർഡിലുള്ള ഒരു കുടിവെള്ള പദ്ധതിയാണിത്. നിലവിൽ 27,000 ലിറ്ററിന്റെ കോൺക്രീറ്റ് ടാങ്കും പൈപ്പ് ലൈനും ബോർവെല്ലും ഉണ്ടെങ്കിലും വേനൽക്കാലത്ത് കുടിവെള്ളക്ഷാമം ഉണ്ടാകുന്നതിനാൽ പുതിയ ഒരു ബോർവെൽ കുഴിക്കുന്നതിനും പമ്പ് ഹൗസ് പണിയുന്നതിനും 715 മീറ്റർ പമ്പിങ്ങ് മെയിനും 160 മീറ്റർ ഡെലിവലറി ലെയിനും കൊടുത്ത് കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനും നിലവിലുള്ള ടാങ്കിൽ നിന്നും വീഴുന്ന ഓവർഫ്ലോ വെള്ളം മറ്റൊരു ടാങ്കിലേക്ക് സംഭരിച്ച് ഡെലിവറി ലൈനിലേക്ക് കണക്ഷൻ കൊടുക്കുന്നതിനുമാണ് പദ്ധതി വിഭാവനം ചെയ്യുന്നത്. പദ്ധതിയുടെ എസ്റ്റിമേറ്റ് പ്രകാരം ഇലക്ട്രിഫിക്കേഷനും മോട്ടോർ സ്ഥാപിക്കുന്നതിനുമായി 1,86,354/- രൂപ Lumpsum Provision ഉം വകയിരുത്തിയിട്ടുണ്ട്. ടെണ്ടർ ചെയ്ത പ്രവൃത്തി കരാറുകാരൻ ഇലക്ട്രിഫിക്കേഷൻ ഒഴികെ 4,62,080.56 രൂപയ്ക്കാണ് കരാർ വെച്ച് ഏറ്റെടുത്തിട്ടുള്ളത്.

ഇതുമായി ബന്ധപ്പെട്ട ഫയൽ പരിശോധനയിൽ കണ്ട അപാകത താഴെ ചേർക്കുന്നു.

1) കരാറുകാരന് മേൽ വിവരിച്ച പ്രകാരം ആകെ മൂല്യം 4,65,323/- രൂപ കണക്കാക്കിയാണ് തുക അനുവദിച്ചിട്ടുള്ളത്. കരാർ നിരക്ക് 4,62,080.56 രൂപയാണെന്നിരിക്കെ മൂല്യനിർണ്ണയം കരാർ തുകയിൽ പരിമിതപ്പെടുത്താതെ തുക അനുവദിച്ചതിനാൽ 3242.44 ~ 3242/- രൂപ അധികം അനുവദിച്ചിട്ടുണ്ട്. ഈ അധിക ചെലവ് തിരികെ ഈടാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം. 49/17.12.21)

## 3-3 GST Compensation ഇനത്തിൽ അനർഹമായി തുക അനുവദിച്ചു നൽകി

2020-21 സാമ്പത്തിക വർഷത്തിൽ വൗച്ചർ നമ്പർ 22001297/06.08.20 പ്രകാരം 7,29,648 രൂപ (MG R) GST Compensation ഇനത്തിൽ താഴെ ചേർക്കും വിധം വിവിധ കരാറുകാർക്ക് അനുവദിച്ചിട്ടുണ്ട്.

| കരാറുകാരന്റെ പേര് | തുക (രൂപയിൽ) |
|---|---|
| നന്ദനൻ. എം | 690249 |
| അനിരുദ്ധൻ.ടി.വി | 16929 |
| ചാക്കുണ്ണി. വി.വി | 22470 |

ഇത് സംബന്ധിച്ച് എഞ്ചിനീയർ ലഭ്യമാക്കിയ സ്റ്റേറ്റ്മെന്റ് പരിശോധിച്ചപ്പോൾ മുൻ സാമ്പത്തിക വർഷങ്ങളിൽ നിർവ്വഹിക്കപ്പെട്ട പ്രവൃത്തികൾക്ക് 01.11.17 ലെ സ. ഉ(പി)നം. 87/17/തസ്വഭവ പ്രകാരം GST Compensation അനുവദിച്ചു നൽകിയതായാണ് കാണുന്നത് (ഏതൊക്കെ പ്രവൃത്തികൾക്ക്, ഏത് നിരക്കിൽ എന്നത് സംബന്ധിച്ചൊന്നും വിശദമായ ഉത്തരവ് വൗച്ചറിനൊപ്പം ഇല്ലാത്തതാണ്).

01.07.2017 മുതൽ ജി.എസ്.ടി ചട്ടങ്ങൾ നടപ്പിലായതിനെ തുടർന്ന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം സംബന്ധിച്ച് 01.11.17 ലെ സ. ഉ(പി)നം. 87/17/തസ്വഭവ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. പ്രസ്തുത ഉത്തരവിലെ ഖണ്ഡിക (3) പ്രകാരം DSR പ്രകാരമുള്ള എസ്റ്റിമേറ്റ് നിരക്കുകൾ വിശകലനം ചെയ്ത് Additional Tax Burden On Works Awarded At Pre GST Tax Rates കണക്കാക്കി GST Compensation കണക്കാക്കിയിട്ടുണ്ട്. ഇപ്രകാരം കണക്കാക്കിയ GST Compensation അതാത് പ്രവൃത്തികൾക്ക് നൽകാവുന്നതാണ് എന്ന് ഖണ്ഡിക(4) ൽ വ്യക്തമാക്കിയിട്ടുണ്ട്. പ്രസ്തുത ഖണ്ഡികയിലെ (ഖണ്ഡിക(4)) നിർദ്ദേശപ്രകാരം, പ്രവൃത്തികളിൽ ഖണ്ഡിക(3) ലെ പട്ടികയിൽ വ്യക്തമാക്കിയ വിവിധ ഇനങ്ങൾ കൂട്ടിച്ചേർത്ത് വരികയാണെങ്കിൽ ഈ ഇനങ്ങളിലെ ഏറ്റവും കൂടുതൽ അടങ്കൽ തുക വരുന്ന ഇനത്തിന്റെ GST Compensation ആണ് നൽകേണ്ടത് എന്നും വ്യക്തമാക്കിയിട്ടുണ്ട്.

01.11.17 ലെ സ. ഉ(പി)നം. 87/17/തസ്വഭവ ഉത്തരവിലെ ഖണ്ഡിക (3) ലെ രേഖപ്പെടുത്തൽ പ്രകാരം Bituminous Road Work (Bitumen Contractor Supply) ന് നൽകേണ്ട GST Compensation ആയ 3% തുക എത്തിച്ചേർന്നിട്ടുള്ളത് 10.04.17 ലെ സർക്കുലർ നം. CE/R&B /PRICE/6725/15 ൽ ഉൾപ്പെടുത്തിയ ബിറ്റുമിന്റെ നിരക്ക് വെച്ചാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. അതായത്, ഈ സർക്കുലർ നിർദ്ദേശത്തിൽ ഉൾപ്പെടുത്തിയ ബിറ്റുമിന്റെ നിരക്കിലല്ല എസ്റ്റിമേറ്റ് തയ്യാറാക്കിയതെങ്കിൽ മേൽ വ്യക്തമാക്കിയ GST Compensation ന് അർഹത നഷ്ടപ്പെടുന്നു. പ്രസ്തുത സർക്കുലർ പ്രകാരം 2017-18 സാമ്പത്തിക വർഷത്തിലെ ഏപ്രിൽ മുതൽ സപ്തംബർ വരെയുള്ള ബിറ്റുമിൻ നിരക്കാണ് നിശ്ചയിച്ച് ഉത്തരവായിട്ടുള്ളത്. 2017-18 സാമ്പത്തിക വർഷത്തിലെ ഒക്ടോബർ മുതൽ മാർച്ച് വരെയുള്ള ബിറ്റുമിന്റെ നിരക്ക് 09.10.17 ലെ സർക്കുലർ നം. CE/R&B/PRICE/6725/15 പ്രകാരവും, 2018-19 സാമ്പത്തിക വർഷത്തിലെ ഏപ്രിൽ മുതൽ സപ്തംബർ വരെയുള്ള ബിറ്റുമിൻ നിരക്ക് 04.04.18 ലെ സർക്കുലർ നം. CE/R&B/PRICE/6725/15 പ്രകാരവും പുതുക്കി നിശ്ചയിച്ചിട്ടുള്ളതും ആണ്.

ഇപ്രകാരം പുതുക്കി നിശ്ചയിച്ചപ്പോൾ ബിറ്റുമിന്റെ നിരക്ക് GST സഹിതമാണ് പുതുക്കി നിശ്ചയിച്ചിട്ടുള്ളത്. ഈ സർക്കുലർ നിർദ്ദേശത്തിൽ ഉൾപ്പെട്ട SS1 Emulsion, Emulsion RS1 Packed, Bitumen VG30 Packed എന്നിവയുടെ നിരക്കുകൾ പ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതികാനുമതി നൽകിയ താഴെ ചേർക്കുന്ന പ്രവൃത്തികൾക്ക് മേൽ വിവരിച്ച കാരണങ്ങൾ കൊണ്ടുതന്നെ 01.11.17 ലെ സ. ഉ(പി)നം. 87/17/തസ്വഭവ ഉത്തരവ് പ്രകാരം നിശ്ചയിച്ച GST Compensation ന് അർഹതയില്ലാത്തതാണ്.

മേൽ വിവരിച്ച കാരണങ്ങളാൽ അനർഹമായി GST Compensation അനുവദിച്ച് നൽകിയ വിവിധ പ്രവൃത്തികൾ താഴെ പട്ടികപ്പെടുത്തുന്നു.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ, പ്രോജക്ട് | പ്രവൃത്തിയുടെ സാങ്കേതികാനുമതി ഉത്തരവ് | GST Compensation | കരാറുകാരൻ |
|---|---|---|---|---|
| 1 | 58/19 അരിസോണ കുറുമ്മ റോഡ് | LSGD/TS/2018-19 /56187 Dtd. 21.05.18 | 4973 | ചാക്കുണ്ണി. വി.വി |
| 2 | 55/19 പുത്തുക്കര മണിമലർക്കാവ് റോഡ് | LSGD/TS/2018-19 /33464 Dtd. 22.05.18 | 14061 | ചാക്കുണ്ണി. വി.വി |
| 3 | 109/19 മാള റോഡ് | LSGD/TS/2018-19 /98991 Dtd. 03.07.18 | 3436 | ചാക്കുണ്ണി. വി.വി |
| 4 | 86/18 പഴയ പമ്പ് ഹൗസ് റോഡ് മെറ്റലിങ്ങ് ടാറിംഗ് | LSGD/TS/2017-18 /59266 Dtd. 22.11.17 | 4200 | ശ്രീ.നന്ദനൻ. എം |
| 5 | 84/18 പഴവൂർ എടക്കുന്നി റോഡ് റീ ടാറിങ്ങ് | LSGD/TS /2017-18/8600 Dtd. 24.02.18 | 3279 | " |
| 6 | 68/19 പഴവൂർ കിഴക്കെ കോളനി റോഡ് റീ ടാറിംഗ് | LSGD/TS/2018-19 /87915 Dtd. 30.06.18 | 18470 | " |
| 7 | 52/19 പുത്തനങ്ങാടി കുറുമാൽ റോഡ് റീടാറിങ്ങ് | LSGD/TS/2018-19 /33436 Dtd. 22.05.18 | 9206 | " |
| 8 | 76/19 വായനശാല കനാൽ റോഡ് റീടാറിങ്ങ് | LSGD/TS/2018-19 /83744 Dtd. 20.06.18 | 8400 | " |
| 9 | 121/19 ചാത്തൻകുളം റോഡ് മെറ്റലിങ്ങ് ടാറിങ്ങ് | LSGD/TS/2018-19 /74794 Dtd. 06.06.18 | 4796 | " |
| 10 | 73/18 മഹിളാ സമാജം റോഡ് റീടാറിങ്ങ് | LSGD/TS /2017-18/8807 Dtd. 23.02.18 | 1889 | " |
| 11 | 72/18 ഖാദി റോഡ് | LSGD/TS /2017-18/8851 Dtd. | 2030 | " |

| | | | | |
|---|---|---|---|---|
| | റീടാറിങ്ങ് | 23.02.18 | | |
| 12 | 49/19 കുറുമാൽ അമ്പലം റോഡ് റീടാറിങ്ങ് | LSGD/TS/2018-19 /32896 Dtd. 22.05.18 | 6166 | " |
| 13 | 94/19 തിരുത്ത് റോഡ് മെറ്റലിങ്ങ് ടാറിങ്ങ് | LSGD/TS/2018-19 /32941 Dtd. 25.05.18 | 6990 | " |
| 14 | 93/19 പാറപ്പുറം താഴിശ്ശേരി റോഡ് | LSGD/TS/2018-19 /62493 Dtd. 16.06.18 | 23152 | " |
| 15 | 103/19 കുളങ്ങരപറമ്പിൽ റോഡ് | LSGD/TS/2018-19 /87909 Dtd. 20.06.18 | 11460 | " |
| 16 | 92/19 ചക്കത്തടം വഴി റോഡ് | LSGD/TS/2018-19 /62492 Dtd. 02.06.18 | 14700 | " |
| 17 | 75/19 ലിസി ഭവൻ റോഡ് റീടാറിങ്ങ് | LSGD/TS/2018-19 /83753 Dtd. 20.06.18 | 6064 | " |
| 18 | 72/19 നബാർഡ് റോഡ് റീടാറിങ്ങ് | LSGD/TS/2018-19 /87914 TS No.53226/18-19 | 33943 | " |
| 19 | 80/19 കുറുമാലി റോഡ് | LSGD/TS/2018-19 /62485 Dtd. 25.09.18 | 31639 | " |
| | | ആകെ | 208854 | |

ഇപ്രകാരം അനർഹമായി GST Compensation ഇനത്തിൽ അനുവദിച്ച് നൽകിയ 2,08,854 രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു.

( ഓഡിറ്റ് എൻക്വയറി നം. 35/16.12.21 )

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്തപ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

സംയുക്തപ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗത്തിന്റെ വിവരം താഴെ ചേർക്കുന്നു.

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 500000 | ക്ഷീര സഹകരണ സംഘങ്ങളിൽ പാൽ അളക്കുന്ന കർഷകർക്ക് പാലിന് സബ്സിഡി | 500000 | 0 |
| | | 1100000 | സമഗ്രനെൽകൃഷി വികസനം | 1100000 | 0 |
| | | 800000 | സമഗ്രനെൽകൃഷി വികസനം | 700000 | 100000 |
| | | 500000 | കുറുമാൽ മിച്ചഭൂമി റോഡ് കോൺക്രീറ്റിങ്ങ് | 381398 | 118602 |
| | | 450000 | ഭിന്നശേഷിക്കാരായ കുട്ടികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിന് | 279600 | 170400 |
| | | 160000 | അംഗൻവാടി പോഷകാഹാരം | 160000 | 0 |

| | | | | | |
|---|---|---|---|---|---|
| | | 271923 | പി.എച്ച്.സി യിൽ മുലയൂട്ടൽ റൂം | 266124 | 5799 |
| | | 200000 | തടയണക്കും, വിവിധ വാർഡുകളിൽ ചീപ്പ് നിർമ്മിക്കുന്നതിനും | 0 | 200000 |
| | | 500000 | മമ്പറമ്പ് പൂക്കാട്ട്മുക്ക് കുടിവെള്ളപദ്ധതി വാർഡ്.15 | 317290 | 182710 |
| | | 200000 | കുട്ടൻകുളം റോഡ് | 200000 | 0 |
| | | 50000 | സുഭിക്ഷ കേരളം തരിശ് ഭൂമി കൃഷി യോഗ്യമാക്കൽ (നെൽകൃഷി) | 50000 | 0 |
| | | 10000 | സുഭിക്ഷ കേരളം തരിശ് ഭൂമി കൃഷി യോഗ്യമാക്കൽ (പച്ചക്കറി) | 10000 | 0 |
| | | 22500 | സുഭിക്ഷ കേരളം തരിശ് ഭൂമി കൃഷി യോഗ്യമാക്കൽ (കിഴങ്ങ് വർഗ്ഗങ്ങൾ) | 22500 | 0 |
| | | 100000 | ഫലവൃക്ഷ തൈകളുടെ വിതരണം | 0 | 100000 |
| | | 400000 | സാന്ത്വന പരിചരണ ചികിത്സ | 87661 | 312339 |
| | | 400000 | ലൈഫ് പദ്ധതി | 0 | 400000 |
| | | 114800 | മത്സ്യ കൃഷിക്ക് | 0 | 114800 |
| | | 300000 | കോട്ടയിൽ അമ്പലം റോഡ് | 300000 | 0 |
| | | 500000 | കുളങ്ങരപറമ്പ് മാവുചോട് വഴി കോൺക്രീറ്റിങ്ങ് | 0 | 500000 |
| | | 406370 | മാതൃകഹരിതഗ്രാമം | 190875 | 215495 |
| ജില്ലാ പഞ്ചായത്ത് (ഒബി.1675365) | 2020-21 | 300000 | മമ്പറമ്പ് കുടിവെള്ളപദ്ധതി വാർഡ്.15 | 0 | 300000 |
| | | 200000 | സ്ട്രീറ്റ് ലൈൻ നീട്ടൽ | 0 | 200000 |
| | | 800000 | സമഗ്രനെൽകൃഷി വികസനം | 0 | 800000 |
| | | 1500000 | ബി.ആർ.സി കെട്ടിടനിർമ്മാണം | 0 | 1500000 |
| | | 425000 | ക്ഷീര സഹകരണ സംഘങ്ങളിൽ പാൽ അളക്കുന്ന കർഷകർക്ക് പാലിന് സബ്സിഡി | 425000 | 0 |
| | | 3475000 | ശ്മശാന നിർമ്മാണത്തിന് | 0 | 3475000 |
| | | 200000 | തോട് ശുചിയാക്കൽ | 0 | 200000 |
| | | 399324 | സമഗ്രനെൽകൃഷി വികസനം | 399324 | 0 |
| | | 100000 | സമഗ്രപച്ചക്കറി വികസനം | 100000 | 0 |
| | | 2000000 | ലൈഫ് പദ്ധതി | 844165 | 1155835 |
| | | 1025000 | ലൈഫ് പദ്ധതി | 1025000 | 0 |
| | | 212000 | കിണർ റീചാർജ്ജിംഗ് | 0 | 212000 |
| | | 260840 | കിണർ റീചാർജ്ജിംഗ് | 0 | 260840 |
| | | 450000 | ഭിന്നശേഷിക്കാരായ കുട്ടികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിന് | 450000 | 0 |
| | | 221850 | വയോജനങ്ങൾക്ക് കട്ടിൽ (എസ്.സി) | 169649 | 52201 |
| | | 220000 | ഭിന്നശേഷിക്കാർക്ക് മുച്ചക്രം നൽകുന്നതിന് | 0 | 220000 |
| | | 500000 | അംഗൻവാടി പോഷകാഹാരം | 500000 | 0 |
| | | 200000 | പൈനിപ്പാടം കുടിവെള്ളപദ്ധതി | 177482 | 22518 |
| | | 1000000 | ചെറുകുന്ന് കോളനി റോഡ് (സൈഡ് കെട്ടൽ, കാന) വാർഡ്.11 | 633491 | 366550 |
| | | 1000000 | പഴയങ്ങാടി കുളം പുനരുദ്ധാരണം | 0 | 1000000 |
| | | 1000000 | മണ്ണാൻകോളനി റോഡ് (റീടാറിംഗ്, കാന) | 0 | 1000000 |
| | | 100000 | സുഭിക്ഷ കേരളം തരിശ് ഭൂമി കൃഷി യോഗ്യമാക്കൽ (നെൽകൃഷി) | 100000 | 0 |
| | | 20000 | സുഭിക്ഷ കേരളം തരിശ് ഭൂമി കൃഷി യോഗ്യമാക്കൽ (പച്ചക്കറി) | 20000 | 0 |
| | | 45000 | സുഭിക്ഷ കേരളം തരിശ് ഭൂമി കൃഷി യോഗ്യമാക്കൽ (കിഴങ്ങ് വർഗ്ഗങ്ങൾ) | 45000 | 0 |

| | | | | | |
|---|---|---|---|---|---|
| | | 100000 | ഫലവൃക്ഷ തൈകളുടെ വിതരണം | 0 | 100000 |
| | | 1600000 | ലൈഫ് സ്ഥലം വാങ്ങൽ | 0 | 1600000 |
| | | 50000 | പള്ളിക്കുളം തയ്യൂർ റോഡ് (കാന) | 0 | 50000 |
| | | 50000 | വള്ളിപ്പെറ്റ കുടിവെള്ള പദ്ധതി | 0 | 50000 |
| | | 50000 | ചെറുകുന്ന് കോളനി റോഡ് (വാർഡ് 13) | 0 | 50000 |
| | | 500000 | പാത്രമംഗലം ദുബായ് മദ്രസ റോഡ് | 450090 | 49910 |
| | | 19354014 | | 5339201 | 14014813 |

തൻവർഷത്തിലെ പ്രോജക്ടുകൾക്കായി ജില്ലാ/ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭിച്ച തുകയുടെ വിവരങ്ങളാണ് ഖണ്ഡികയിൽ ചേർത്തിരിക്കുന്നത്.

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരം

ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവർത്തിയുടെപേര് | വൗച്ചർനം. | മുൻകൂർ നൽകിയ തുക |
|---|---|---|---|
| KSEB | 283/21 പോസ്റ്റ് മാറ്റൽ | 22001101/06.03.21 | 10,774 |
| | | 22000971/23.02.21 | 38,970 |
| | | 22000916/05.02.21 | 5,927 |

തൻവർഷം നിർവ്വഹണ ഏജൻസികൾക്കായി നല്കിയ മുൻകൂർ തുകകൾ മാത്രമാണ് ഖണ്ഡികയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് സംബന്ധിച്ച്

ഇല്ല.

## 4-4 വായ്പ / വായ്പ തിരിച്ചടവ്

വായ്പ / വായ്പ തിരിച്ചടവ് വിവരം താഴെ ചേർക്കുന്നു

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നം/ തിയതി | വായ്പതുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം വരവ് | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ളത് |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| Hudco | ലഭ്യമല്ല | ലഭ്യമല്ല | 6589202 | 0 | 629137 | 0 | 5960065 |

വാർഷിക കണക്ക് പ്രകാരമുള്ള വിവരങ്ങളാണ് ചേർത്തിരിക്കുന്നത്.

## 4-5 സ്ഥിര നിക്ഷേപങ്ങൾ സംബന്ധിച്ച വിവരം

ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീതിനം/ തിയതി |
|---|---|---|---|---|
| 2018-19 | 1-30(5) | 3500/- | Medical Officer PHC | 120240102774 22/12/2020 |
| 2018-19 | 3(2) | 13946/- | BIJU JOSE CHAKKALAKAL (STREET LIGHT AMC) | 120240102845 30/12/2020 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 2015-16 | 2-2 | 2016-17 | 2-2 | തൊഴിൽ നികുതി 2015-16 | 30/07/2018 ലെ എ8/3501/18 നമ്പർ കത്ത് പ്രകാരം ആദ്യ മറുപടി നല്കിയിട്ടുണ്ട്. |

## 4-8 ചാർജ്ജ് സർചാർജ്ജ്

ലഭ്യമല്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 10,35,80,184 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 11,19,29,681 |
| വരവിനങ്ങളിലുള്ള നഷ്ടം | 16,661 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 2,64,105 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 3,83,983 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 8,514 | | ശ്രീമതി. സിജി ജോസ്, അസിസ്റ്റന്റ് എഞ്ചിനീയർ |
| 2-2 | 8,147 | | ശ്രീമതി അനിതാ രാമൻ, സെക്രട്ടറി |
| 3-1 | | 52,009 | ശ്രീമതി. സിജി ജോസ്, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-2 | | 3,242 | ശ്രീമതി. സിജി ജോസ്, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-3 | | 2,08,854 | ശ്രീമതി. സിജി ജോസ്, അസിസ്റ്റന്റ് എഞ്ചിനീയർ |
| ആകെ | 16,661 | 2,64,105 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-22 | 4,350 | ശ്രീ. കെ.കെ.രാധാകൃഷ്ണൻ, അസിസ്റ്റന്റ് സെക്രട്ടറി |
| 1-39 | 1,31,508 | ശ്രീമതി. സിജി ജോസ്, അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-40 | 2,48,125 | ശ്രീമതി. സിജി ജോസ്, അസിസ്റ്റന്റ് എഞ്ചിനീയർ |

| | |
|---|---|
| ആകെ | 3,83,983 |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന തടസ്സം/നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേര്, ഉദ്യോഗപ്പേര് | ഇപ്പോഴത്തെ മേൽവിലാസം (ഓഡിറ്റ് നടന്ന സമയം) | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി. സിജി ജോസ്, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, വേലൂർ ഗ്രാമപഞ്ചായത്ത് | തക്കേക്കര തരകൻ ഹൗസ്, മാനുവൽ ശാന്തി വിഹാർ, പോട്ടോർ, തൃശ്ശൂർ. പിൻ:680581 |
| ശ്രീമതി അനിതാ രാമൻ, സെക്രട്ടറി | സെക്രട്ടറി, പുന്നയൂർക്കുളം ഗ്രാമപഞ്ചായത്ത് | ചെറുവത്തൂർ പുഷ്പകം, കക്കാട്, കുന്നംകുളം (പി.ഓ) |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 68-69, 72-73, 74-75, 75-76, 76-77, 77-78, 78-79, 79-80, 80-81 88-89 89-90 90-91, 92-93 93-94 94-95 95-96 | എൽ. എഫ്. ടി ( എസ് 2) / 816/ 11/ 29.7.11/ 30.9.11<br>എൽ. എഫ്. ടി ( എസ് 2) / 816/ 11/ 29.7.11/ 30.9.11 |
| 96-97 | എൽ .എഫ്.ടി 13- 607/98/6.2.99 |
| 97-98 | എൽ .എഫ്.ടി 13- 611/2000/14.6.2000 |
| 98-99 | എൽ .എഫ്.ടി 20- 167/01/7.6.01 |
| 99-00 | എൽ .എഫ്.ടി 17- 335/05/15.11.05 |
| 2000-01 ( പ്ലാൻ) & 01-02 | എൽ .എഫ്.ടി 17- 1762/03/26.2.04 |
| 01-02 (പ്ലാൻ) | എൽ .എഫ്.ടി 17- 451/06/30.3.06 |
| 2003-04 | എൽ .എഫ്.ടി 17- 1116/07/7.11.07 |
| 2004-05 | എൽ .എഫ്.ടി 17- 1669/08/14.6.10 |
| 2005-06 | എൽ .എഫ്.ടി 17- 343/10/18.3.11 |

| | |
|---|---|
| 2006-07 | എൽ .എഫ്.ടി 17- 344/10/18.3.2011/ 18.10.11 |
| 2007-08 | എൽ.എഫ്.ടി പി 2- 1091/12/24.9.2012 |
| 2008-09 | എൽ .എഫ്.ടി പി 2- 1090/12/24.9.12 |
| 2009-10 | എൽ .എഫ്.ടി പി (2)- 1084/12/24.9.12 |
| 2010-11 | എൽ .എഫ്.ടി പി (2)- 1085/12/24.9.12/ 02.02.13 |
| 2011-12 | എൽ.എഫ്.ടിപി(6)- 1123/13/ 11.12.13/3.2.14 |
| 2012-13 | എൽ .എഫ്.ടി പി (9)- 1521/14/12.1.15/ 17.3.15 |
| 2013-14 | കെ.എസ്.എ.ടി.എസ്.ആർ (പി9)792/15 തീയതി 15.10.15/4.11.15 |
| 2014-15 | കെ.എസ്.എ.ടി.എസ്.ആർ (പി9)864/16 തീയതി 01.06.16 |
| 2015-16 | കെ.എസ്.എ.ടി.എസ്.ആർ (പി9)1/2017 തീയതി 30-01-2017 |
| 2016-17 | കെ.എസ്.എ.ടി.എസ്.ആർ (പി6) 1370/2017 തീയതി, 28-11-2017/20-12-2017 |
| 2017-18 | കെ.എസ്.എ.ടി.എസ്.ആർ (പി6) 51/2019 തീയതി, 17-01-2019 |
| 2018-19 | കെ.എസ്.എ.ടി.എസ്.ആർ (പി6) 323/2020 തീയതി, 19-05-2020 |
| 2019-20 | കെ.എസ്.എ.ടി.എസ്.ആർ (പി15) 345/2022 തീയതി, 17.05.2022 |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തൃശ്ശൂർ ജില്ലയിലെ വേലൂര് ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തൃശ്ശൂർ ജില്ലയിലെ വേലൂര് ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്